بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ نَحۡمَدُہٗ وَنُصَلِّیۡ عَلٰی رَسُوۡلِہِ الۡکَرِیۡمِ وَعَلٰی عَبۡدِہِ الۡمَسِیۡحِ الۡمَوۡعُوۡد

وَلَقَدۡ نَصَرَکُمُ اللّٰہُ بِبَدۡرٍ وَّاَنۡتُمۡ اَذِلَّۃٌ

# ബദർ

വീക്കിലി ഖാദിയാൻ

Weekly **BADAR** Qadian Malayalam

വാല്യം 6

ലക്കം 26

വാർഷിക വരിസംഖ്യ 575 രൂപ

പത്രാധിപർ എച്ച്.ശംസുദ്ദീൻ

സഹപത്രാധിപർ മുഹമ്മദ് ഇസ്മായീൽ

www.akhbarbadrqadian.in

2021 ജൂലായ് 01/ഹി.ശം. 1400 വഫാ 01/1442 ദുൽഖഅദ് 20

## അല്ലാഹുവിന്റെ വചനം

يٰۤاَيُّهَا الَّذِيۡنَ اٰمَنُوا اتَّقُوا اللّٰهَ وَابۡتَغُوۡۤا اِلَيۡهِ الۡوَسِيۡلَةَ وَجَاهِدُوۡا فِىۡ سَبِيۡلِهٖ لَعَلَّكُمۡ تُفۡلِحُوۡنَ

'വിശ്വസിച്ചവരേ! നിങ്ങൾ അല്ലാഹുവിനെ സൂക്ഷിക്കുകയും അവനിലേക്കുള്ള സാമീപ്യമാർഗം അന്വേഷിക്കുകയും അവന്റെ മാർഗത്തിൽ കഴിവിന്റെ പരമാവധി പരിശ്രമിക്കുകയും ചെയ്യുക; നിങ്ങൾ വിജയിക്കുന്നതിനു വേണ്ടി.' (5:36)

## അഹ്മദിയ്യാ വാർത്ത

അൽഹംദുലില്ലാഹ്. സയ്യിദുനാ ഹദ്റത്ത് അമീറുൽ മുഅ്മിനീൻ അയ്യദഹുല്ലാഹുത്തആല ബിനസ്വ്രിഹിൽ അസീസ് ദൈവകൃപയാൽ സുഖത്തിലും ക്ഷേമത്തിലുമാണ്. സഹോദരങ്ങൾ അമീറുൽമുഅ്മിനീന്റെ ആയുരാരോഗ്യത്തിനും സ്വാസ്ഥ്യത്തിനും ഉന്നതലക്ഷ്യങ്ങളിൽ വിജയവും പ്രത്യേക കാവലും ഉണ്ടാകുന്നതിനും ദുആ ചെയ്യുക.

*അല്ലാഹു എപ്പോഴും നമ്മുടെ പ്രിയങ്കരനായ ഇമാമിന്റെ സംരക്ഷകനും സഹായിയുമായിരിക്കട്ടെ.*

ആമീൻ

## നബി(സ)യുടെ സാരോപദേശം:

(1351) ഉഹുദ് യുദ്ധം സമാഗതമായപ്പോൾ എന്റെ പിതാവ് രാത്രിയിൽ എന്നെ വിളിച്ച് ഇപ്രകാരം പറഞ്ഞു: പ്രവാചകന്റെ അനുചരന്മാരിൽ ആദ്യമായി ശഹീദാകുന്നവൻ ഞാനായിരിക്കുമെന്ന് ഞാൻ വിചാരിക്കുന്നു. നിന്നെക്കാൾ എനിക്ക് പ്രിയങ്കരനാ യ മറ്റൊന്നും ഞാൻ എനിക്കുശേഷം ഉപേക്ഷിക്കുന്നില്ല; നബി(സ)തിരുമേനിയുടെ ശരീരമൊഴികെ. നിശ്ചയം എന്റെമേൽ ചില കടബാധ്യതയുണ്ട്. നീ അതു വീട്ടുകയും നിന്റെ സഹോദരിമാരോടു നന്മ ഉപദേശിക്കുകയും ചെയ്യണം. അങ്ങനെ ഞങ്ങൾ പ്രഭാതത്തിൽ പ്രവേശിക്കുകയും അദ്ദേഹം പ്രഥമനായി വധിക്കപ്പെടുകയും ചെയ്തു. മറ്റൊരാളേയും എന്റെ പിതാവിന്റെ കൂടെ ഖബറടക്കം ചെയ്തു. ഇത് എന്റെ ആത്മാവിന് സംതൃപ്തി നല്കിയില്ല. അവസാനം 6 മാസത്തിനുശേഷം ഞാൻ അദ്ദേഹത്തെ ഖബറിൽനിന്ന് പുറത്തെടുത്തു. അപ്പോൾ അദ്ദേഹമതാ! അദ്ദേഹത്തെ ഖബറടക്കിയ ദിവസത്തേതുപോലെ തന്നെ സുരക്ഷിതനായിരിക്കുന്നു. ചെവിക്ക് അല്പം ചില മാറ്റങ്ങൾ സംഭവിച്ചിട്ടുണ്ട്.

ഹദ്റത്ത് സയ്യിദ് സയ്നുൽആബ്ദീൻ വലിയ്യുല്ലാഹ് ശാഹ് സാഹിബ് പറയുന്നു: 'ഹദ്റത്ത് ജാബിർ ചെയ്തത് വ്യക്തിപരമായിട്ടായിരുന്നു. അതായത് തന്റെ വ്യക്തിപരമായ വികാരങ്ങളുടെ ഗണത്തിലുള്ളതാണ്. അതുകൊണ്ട് ഇതിന്റെ അടിസ്ഥാനത്തിൽ **ഫത്വ**(മതവിധി) നല്കാൻ സാധ്യമല്ല. ചില **ഫുഖഹാഅ്**(കർമശാസ്ത്ര പണ്ഡിതന്മാർ)ഖബറടക്കിയതിനുശേഷം പുറത്തെടുക്കാൻ പാടില്ലെന്ന് പറഞ്ഞിരിക്കുന്നു. ഇമാം ബുഖാരി(റഹ്)ഇതിനെ പിന്തുണയ്ക്കുന്നില്ല.*(സ്വഹീഹ് ബുഖാരി, വാള്യം 2, കിതാബുൽ ജനായിസ്, 2006 ഖാദിയാൻ പ്രസിദ്ധീകരണം)*

### നൂറുൽ ഇസ്‌ലാം വകുപ്പിന്റെ പ്രവർത്തന സമയം:

രാവിലെ 9 മണി മുതൽ രാത്രി 11 മണിവരെ. വെള്ളിയാഴ്ച ദിവസം അവധിയായിരിക്കും.

### TOLL FREE NUMBER

1800 3010 2131

### ഈ ലക്കത്തിൽ

ഖുത്ബ 2021 മെയ് 28
(സമ്പൂർണ തർജമ)

യൂറോപ്പ് പര്യടന റിപ്പോർട്ട് 2019

**നസ്വീബയ്നിലെ ഭരണാധികാരി, നന്ദിയില്ലാത്ത ജനതയുടെ കൈയാൽ ഹദ്റത്ത് മസീഹ് (അ) ബുദ്ധിമുട്ടുകൾ അനുഭവിച്ചുകൊണ്ടിരുന്നപ്പോൾ, 'അങ്ങ് എന്റെയടുത്ത് വരിക എന്ന് എഴുതി.' അതുകൊണ്ട് മസീഹ്(അ)നസ്വീബയ്നിൽ തീർച്ചയായും വന്നിരുന്നുവെന്നും ഈ വഴിയിലൂടെയാണ് അദ്ദേഹം ഇന്ത്യയിലേക്കു വന്നതെന്നും ഉറപ്പാകുന്നു.**

## സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഉപദേശങ്ങൾ

### മസീഹ്(അ) കുരിശിൽ മരിച്ചില്ല

'ഈ ഒരൊറ്റ പ്രശ്നംകൊണ്ട് ക്രിസ്തുമതത്തിന്റെ തൂണും തകർന്നുപോകുന്നു. എന്തുകൊണ്ടെന്നാൽ കുരിശിൽ മസീഹ് മരിച്ചിട്ടില്ലെന്നു വരുമ്പോൾ അദ്ദേഹം 3 ദിവസത്തിനുശേഷം ജീവിച്ച് ഒരിക്കലും ആകാശത്തിലും പോയിട്ടില്ല. അപ്പോൾ ദൈവത്വത്തിന്റേയും പാപപരിഹാര സിദ്ധാധത്തിന്റേയും കെട്ടിടവും വീണടിഞ്ഞുപോകുന്നു. മുസ്‌ലിമീങ്ങളുടെ തെറ്റായ വിശ്വാസവും (അദ്ദേഹം സ്ഥൂലശരീരത്തോടെ ആകാശത്തുപോയെന്നും ഇനി ഇറങ്ങുമെന്നുമുള്ള വിശ്വാസം മുഖേന നബി(സ)തിരുമേനിയ്ക്ക് കഠിനമായ നിന്ദ്യതയാണുണ്ടാകുന്നത്. നബി(സ)തിരുമേനിക്കുശേഷം നബി(സ)തിരുമേനിയുടെ മുദ്രയില്ലാതെ പുതിയതോ പഴയതോ ആയ ഒരുനബിയും വരികയില്ല)- അകന്നുപോയി. വിശുദ്ധ ഖുർആനിന്റെ യഥാർഥവും പരിശുദ്ധവുമായ അധ്യാപനവും സത്യമായി സ്ഥാപിതമായി. കാരണം വിശുദ്ധ ഖുർആനിൽ മസീഹിന്റേതായി സ്പഷ്ടമായ ഏറ്റുപറച്ചിൽ ഫലമ്മാ തവഫ്ഫയ്തനീ- നീ എന്നെ മരിപ്പിച്ചപ്പോൾ- വന്നിട്ടുണ്ട്. അതിനെ ആർക്കും നിഷേധിക്കാൻ സാധ്യമല്ല.

### മസീഹിന്റെ മരണത്തിൽ സമ്മർദം ചെലുത്തുന്നതിന്റെ കാരണം.

ഇക്കാരണത്താലാണ് നാം മസീഹിന്റെ മരണത്തിൽ കൂടുതൽ സമ്മർദം ചെലുത്തുന്നത്. കാരണം അദ്ദേഹത്തിന്റെ മരണത്തോടൊപ്പം ക്രിസ്തുമതവും മരിക്കുന്നു. ഈ ഉദ്ദേശ്യത്തോടെയാണ് ഞാൻ 'മസീഹ് ഹിന്ദുസ്താൻ മെ' എന്ന ഗ്രന്ഥം എഴുതാൻ തുടങ്ങിയത്. ഈ ഗ്രന്ഥത്തിന്റെ ചില അർഥങ്ങളുടെ സമ്പൂർത്തീകരണത്തിന്, എന്റെ ജമാഅത്തിൽനിന്നുള്ള കുറച്ചാളുകളെ തെളിവുകൾ നിലവിലുണ്ടെന്ന് പറയപ്പെടുന്ന പ്രദേശങ്ങളിൽപോയി കുറച്ച് അറിവ് കൊണ്ടുവരുന്നതിന് അയക്കുന്നത് ഉചിതമായിരിക്കുമെന്ന് ഞാൻ കരുതി. ഈ ഉദ്ദേശ്യം മുന്നിൽവച്ചുകൊണ്ടാണ്, ആ സുഹൃത്തുക്കളെ യാത്ര അയക്കുന്നതിനുമുമ്പേ നമ്മളെല്ലാവരും ചേർന്ന് ദുആ ചെയ്യുന്നതിനുവേണ്ടി നാം ഈ യോഗം സംഘടിപ്പിച്ചിട്ടുള്ളത്; അവർ സുഖത്തോടും സൗഖ്യത്തോടുംകൂടി ഈ അനുഗൃഹീത യാത്ര പുറപ്പെടുന്നതിനും വിജയിച്ചുകൊണ്ട് തിരിച്ചുവരുന്നതിനും വേണ്ടി.

### കുരിശു സംഭവത്തിനുശേഷം ഹദ്റത്ത് മസീഹിന്റെ നസ്വീബയ്നിൽ ആഗമനം

തയ്യാറാക്കിയിട്ടുള്ള ഈ യാത്ര ഇല്ലെങ്കിൽത്തന്നെയും അല്ലാഹു തന്റെ അനുഗ്രഹവും കരുണയുംകൊണ്ട് ഇക്കാര്യത്തിനുള്ള ധാരാളം സാക്ഷ്യങ്ങളും തെളിവുകളും നമുക്ക് തന്നിട്ടുണ്ടെന്ന് ദൃഢമായി ഞാൻ വിശ്വസിക്കുന്നു. എതിരാളികളുടെ തൂലികയ്ക്കും നാവിനും അതിനെ ഖണ്ഡിക്കാൻ സാധ്യമല്ല. പക്ഷേ, മുഅ്മിൻ എപ്പോഴും അഭിവൃദ്ധിപ്പെടണമെന്ന് ആഗ്രഹിക്കുന്നു. അവൻ ഏറ്റവും കൂടുതൽ യാഥാർഥ്യങ്ങളുടേയും ജ്ഞാനങ്ങളുടേയും വിശപ്പുള്ളവനും ദാഹമുള്ളവനുമായിരിക്കും. ഒരിക്കലും അവന്റെ വയർ നിറയുകയില്ല. അതുകൊണ്ട് നമ്മുടേയും ആഗ്രഹം എത്രമാത്രം സാക്ഷ്യങ്ങളും തെളിവുകളും കിട്ടുമോ അത്രത്തോളം നല്ലതാണെന്നാണ്. ആ ഉദ്ദേശ്യം പൂർത്തീകരിക്കുന്നതിനാണ് ഇങ്ങനെയൊരു പരിപാടി ആവശ്യമായി വന്നത്. നാം നമ്മുടെ സ്നേഹിതന്മാരെ നസ്വീബയ്നിലേക്ക് അയക്കുന്നു. അതിനെ സംബന്ധിച്ച് നമുക്കറിയാൻ കഴിഞ്ഞു, അവിടത്തെ ഭരണാധികാരി ഹദ്റത്ത് മസീഹിന്(അദ്ദേഹം നന്ദിയില്ലാത്ത ജനതയുടെ കൈയാൽ ബുദ്ധിമുട്ടുകൾ അനുഭവിച്ചുകൊണ്ടിരുന്നപ്പോൾ)എഴുതി: 'അങ്ങ് എന്റെയടുത്ത് വരിക.' കുരിശുമരണത്തിൽനിന്ന് രക്ഷപ്പെട്ടതിനുശേഷം ആ സ്ഥലത്തെത്തി അദ്ദേഹം നിർഭാഗ്യരായ ജനതയുടെ കൈയിൽനിന്ന് രക്ഷപ്പെട്ടു. അവിടുത്തെ ഭരണാധികാരി ഇങ്ങനേയും എഴുതിയിരുന്നു, 'അങ്ങ് എന്റയടുത്ത് വരികയാണെങ്കിൽ ഞാൻ അങ്ങയെ സേവിച്ചുകൊണ്ട് സൗഭാഗ്യവും കരസ്ഥമാക്കുന്നതായിരിക്കും. എനിക്ക് സുഖമില്ല. എനിക്കുവേണ്ടി ദുആയും ചെയ്യുക.' ഇത് ഒരു ഇംഗ്ലീഷ് ഗ്രന്ഥത്തിൽനിന്നാണ് നമുക്കു കിട്ടിയത്. എന്നാൽ, റൗളത്തുസ്സ്വഫാ അതൊരു ഇസ്‌ലാമിക ചരിത്രഗ്രന്ഥമാണ്

(ശേഷം പേജ് 9 ൽ)

**അഹ്മദിയ്യാ ജമാഅത്ത് തങ്ങളുടെ ചുമതലകൾ മനസ്സിലാക്കുകയും ഇസ്‌ലാമിന്റെ കളഞ്ഞുപോയ മുതൽ തിരിച്ചുകൊണ്ടുവരികയും പിന്നീട് ഏതൊരു സൽസ്വഭാവം കണ്ടിട്ടാണോ മനുഷ്യന് അല്ലാഹുവിനെ കാണാൻ കഴിയുന്നത് ആ സൽസ്വഭാവം മുഹമ്മദ് റസൂലുല്ലായുടെ ദാസരിലൂടെ ലോകം കാണുകയും ചെയ്തിരുന്നെങ്കിൽ!**

ഹദ്റത്ത് മുസ്വ്ലിഹ് മൗഊദ്(റ) പറയുന്നു: 'അപ്രകാരംതന്നെ 'ഹമീദ്' എന്ന വാക്കിന് വിധേയമായി ലോകത്തെങ്ങും കാണാൻ തരമില്ലാത്തവിധത്തിലുള്ള പ്രശംസയാണ് മുസ്‌ലിമീങ്ങൾക്ക് ലഭിച്ചത്. മുസ്‌ലിം എന്ന പദം ഒരു ജാമ്യമായിരുന്നു. അതിലാരും സംശയിക്കാറുണ്ടായിരുന്നില്ല. അവന്റെ വാഗ്ദാനം ഒരു ദൈവവിധിയായി മനസ്സിലാക്കപ്പെട്ടിരുന്നു. അതിനെ ആർക്കും നിഷേധിക്കാൻ കഴിയുമായിരുന്നില്ല. അവരെക്കുറിച്ചുള്ള പ്രശംസകളുടെ മുഴക്കം ഇന്നും ലോകത്ത് കേൾക്കാൻ കഴിയുന്നു. ഉദാഹരണത്തിന് ഈയൊരു സംഭവംതന്നെ എടുക്കുക. ഒരിക്കൽ ഒരാളിൽനിന്ന് എന്തോ കുറ്റകൃത്യമുണ്ടായി. അത് അയാളെ വധശിക്ഷയ്ക്ക് അർഹനാക്കുന്നതായിരുന്നു. അയാൾ കാലത്തിന്റെ ഖലീഫയുടെ സന്നിധിയിൽ ഹാജരാക്കപ്പെട്ടപ്പോൾ അയാൾ ശിക്ഷ കേട്ടതിനുശേഷം പറഞ്ഞു:'എന്റെ സഹോദരന്റെ യത്തീമായ കുട്ടികളുടെ ചില അമാനത്തുകളും ചുമതലകളും എന്നിൽ അർപിതമായിട്ടുണ്ട്. ഞാനല്ലാതെ മറ്റാരും അതിനെക്കുറിച്ച് അറിയുകയില്ല. ആ ജോലി ചെയ്ത് തിരിച്ചു വരുന്നതുവരെ അങ്ങ് എനിക്ക് ഇളവു തന്നാലും.' ആരെയെങ്കിലും ജാമ്യം നല്കാൻ ഖലീഫ പറഞ്ഞു. അയാൾ ഖലീഫയുടെ മജ്‌ലിസിലുണ്ടായിരുന്ന ഒരു സ്വഹാബിയിലേക്ക്(അബൂദർ)വിരൽ ചൂണ്ടി. ഇദ്ദേഹമാണ് എന്റെ

(ശേഷം പേജ് 12 ൽ)

പ്രിന്റർ & പബ്ലിഷർ ജമീൽ അഹ്മദ് നാസിർ, ഫദ്‌ലെ ഉമർ പ്രിന്റിംഗ് പ്രസ്സ് ഖാദിയാനിൽ അച്ചടിപ്പിച്ച് ഖാദിയാനിലെ ബദ്ർ പത്ര ഓഫീസിൽ നിന്ന് പ്രസിദ്ധീകരിച്ചത്: പ്രൊപ്രൈറ്റർ നിഗ്‌റാൻ ബദ്ർ ബോർഡ്,ഖാദിയാൻ

## ഖുത്ബ ജുമുഅ

**അല്ലാഹു തീരുമാനിച്ചതുപോലെ ഇനി ഖിലാഫത്ത് തുടർന്നുപോകേണ്ടതാണ്.**

**രണ്ടാം ശക്തിപ്രഭാവത്തിന്റെ വെളിപ്പെടൽ അതായത് അഹ്മദിയ്യാ ഖിലാഫത്തിന്റെ അനുഗ്രഹത്താൽ അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിനുമേൽ കഴിഞ്ഞ 113 വർഷത്തിന്നിടയിൽ ഇറങ്ങിയ അല്ലാഹുവിന്റെ കൃപാവരത്തിന്റെ ഒരു മിന്നലാട്ടം.**

അല്ലാഹുവിനോടും അവന്റെ റസൂലിനോടുമുള്ള സമ്പൂർണ അനുസരണമുണ്ടാകുന്നത്, മാനസികമായ സ്വസ്ഥതയും സമാധാനവും ലഭിക്കുന്നത് നമ്മുടെ സകലകർമങ്ങളും അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാകുന്നതിനുവേണ്ടി മാത്രമാകുമ്പോഴാണ്.

**ആത്മാർഥമായ നിലയിൽ ഖിലാഫത്തിനെ അനുധാവനം ചെയ്യുന്നവരും പിൻപറ്റുന്നവരുമാണ് യഥാർഥ വർണത്തിൽ ഖിലാഫത്തിനോടു കൂറിന്റെ ബന്ധമുള്ളവർ. ഖിലാഫത്തിനെ സംരക്ഷിക്കുന്നവരെ ഖിലാഫത്ത് സംരക്ഷിക്കുന്നു. കാലത്തിന്റെ ഖലീഫയുടെ ദുആകൾ അവരോടൊപ്പമുണ്ടാകും. അവരുടെ ബുദ്ധിമുട്ടുകൾ കാലത്തിന്റെ ഖലീഫയെ അവർക്കുവേണ്ടി ദുആകൾ ചെയ്യാൻ പ്രേരിപ്പിക്കുന്നതായിരിക്കും.**

ഇതാണ് ആ യഥാർഥമായ ഖിലാഫത്ത്. ഇതിൽ ജമാഅത്തും കാലത്തിന്റെ ഖലീഫയും തമ്മിലുള്ള ബന്ധം അല്ലാഹുവിന്റെ പ്രീതി കരസ്ഥമാക്കുന്നതിനുവേണ്ടിയുള്ളതാണ്. ഈ ഖിലാഫത്താണ് ദൃഢതയ്ക്കും സമാധാനത്തിനും നിമിത്തമാകുന്നത്.

**ഓരോ അഹ്മദിയുടേയും ഓരോ നിമിഷവും അല്ലാഹുവിനോടുള്ള നന്ദിയിൽ കഴിയേണ്ടതാണ്. അവനാണ് നമ്മെ ഖിലാഫത്തുകൊണ്ട് അനുഗ്രഹിച്ചത്. നമ്മൾ അല്ലാഹുവിന്റെ കല്പനകളനുസരിച്ച് പ്രവർത്തിക്കുന്നുണ്ടോ? എന്ന് ആത്മപരിശോധന നടത്തിയും കഴിയേണ്ടതാണ്.**

നമ്മൾ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ പ്രവചനമനസരിച്ചും അല്ലാഹുവിന്റെ വാഗ്ദാനമനുസരിച്ചും കഴിഞ്ഞ 113 വർഷമായി അല്ലാഹുവിന്റെ അനുഗ്രഹങ്ങൾ അക്ഷരംപ്രതി പൂർത്തിയാകുന്നതായി കണ്ടുകൊണ്ടിരിക്കുന്നു.

**ബയ്അത്തിൽ സമ്പൂർണമായ അനുസരണമുണ്ടാകുകയും ഖലീഫയുടെ ഒരു കല്പനപോലും അവഗണിക്കാതിരിക്കുകയും ചെയ്യേണ്ടതാണ്. എല്ലാ അവസരത്തിലും നിശ്ചയദാർഢ്യമുള്ള ഖലീഫ ജമാഅത്തിന്റെ നൗകയെ അല്ലാഹുവിന്റെ സഹായത്തോടും തുണയോടും കൂടി വിജയത്തിന്റെ നിലതകൾവരെ എത്തിക്കുകയും സംരക്ഷിക്കുകയും ചെയ്തു.**

നമ്മൾ ഒരിക്കലും മറക്കാൻ പാടില്ല. അല്ലാഹു തന്റെ അനുഗ്രഹങ്ങളുടെ ദൃശ്യങ്ങൾ കാണിച്ചുകൊണ്ടിരിക്കുന്നു. അവൻ ഖിലാഫത്തിന്റെ ഉപഹാരംകൊണ്ട് നമ്മെ അനുഗ്രഹിച്ചിട്ടുള്ളതാണ്. ഖിയാമത്തുന്നാൾവരെ നബി(സ)തിരുമേനിയുടെ പ്രവചനമനുസരിച്ച് നമ്മൾ ആ നിഅ്മത്തിൽനിന്ന് ഫലമെടുത്തുകൊണ്ടിരിക്കുന്നതിന് നമ്മളെപ്പോഴും അവനോടുള്ള കടമ നിറവേറ്റുന്നവരാവണം.

**ഖുത്ബ ജുമുഅ 2021 മെയ് 28/1400 ഹിജ്റത്ത് 28,**
**മസ്ജിദ് ബാറക് ഇസ്‌ലാമാബാദ്, ടിൽഫോർഡ്, (സർറെ)യു.കെ**

**ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് അയ്യദഹുല്ലാഹുത്തആല ബിനസ്രിൽ അസീസ്**

أَشْهَدُ أَنْ لَّا إِلٰهَ إِلَّا اللّٰهُ وَحْدَهٗ لَا شَرِيْكَ لَهٗ وَأَشْهَدُ أَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ
أَمَّا بَعْدُ فَأَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ - بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ -
اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ - الرَّحْمٰنِ الرَّحِيْمِ - مٰلِكِ يَوْمِ الدِّيْنِ - إِيَّاكَ نَعْبُدُ وَإِيَّاكَ نَسْتَعِيْنُ -
اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ - صِرَاطَ الَّذِيْنَ أَنْعَمْتَ عَلَيْهِمْ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ -
وَعَدَ اللّٰهُ الَّذِيْنَ اٰمَنُوْا مِنْكُمْ وَعَمِلُوا الصّٰلِحٰتِ لَيَسْتَخْلِفَنَّهُمْ فِي الْأَرْضِ كَمَا اسْتَخْلَفَ
الَّذِيْنَ مِنْ قَبْلِهِمْ وَلَيُمَكِّنَنَّ لَهُمْ دِيْنَهُمُ الَّذِي ارْتَضٰى لَهُمْ وَلَيُبَدِّلَنَّهُمْ مِّنْ بَعْدِ خَوْفِهِمْ
أَمْنًا ط يَعْبُدُوْنَنِيْ لَا يُشْرِكُوْنَ بِيْ شَيْئًا ط وَمَنْ كَفَرَ بَعْدَ ذٰلِكَ فَأُولٰٓئِكَ هُمُ الْفٰسِقُوْنَ ○ وَأَقِيْمُوا
الصَّلٰوةَ وَاٰتُوا الزَّكٰوةَ وَأَطِيْعُوا الرَّسُوْلَ لَعَلَّكُمْ تُرْحَمُوْنَ ○ (النور:56-57)

ഈ ആയത്തുകളുടെ തർജമ ഇപ്രകാരമാണ്. നിങ്ങളിൽനിന്ന് വിശ്വസിക്കുകയും സൽക്കർമങ്ങൾ അനുഷ്ഠിക്കുകയും ചെയ്യുന്നവരോടു അവർക്കു മുമ്പേയുള്ളവരെ ഖലീഫമാരാക്കിയതുപോലെ തീരച്ചയായും അവരേയും ഭൂമിയിൽ ഖലീഫമാരാക്കുകയും അവർക്കായി അവൻ തൃപ്തിപ്പെട്ട മതത്തെ അവർക്ക് പ്രബലപ്പെടുത്തിക്കൊടുക്കുകയും അവരുടെ ഭയത്തിനുശേഷം രക്ഷയും സമാധാനവും അവർക്കു പകരം നല്കുകയും ചെയ്യുന്നതാണെന്ന് അല്ലാഹു വാ ഗ്ദാനം ചെയ്തിരിക്കുന്നു. അവർ എന്നെ മാത്രം ആരാധിക്കുന്നതാണ്; എന്നോടു മറ്റൊന്നിനേയും അവർ പങ്കുചേർക്കുകയില്ല. അതിനുശേഷം ആരെങ്കിലും നിഷേധിക്കുകയാണെങ്കിൽ അവർ തന്നെയാണ് ധിക്കാരികൾ.

നിങ്ങൾ നമസ്കാരം നിലനിറുത്തുകയും സക്കാത്ത് കൊടുക്കുകയും ദൈവദൂതനെ അനുസരിക്കുകയും ചെയ്യുക; നിങ്ങൾക്ക് കരുണ ചെയ്യപ്പെടുന്നതിനുവേണ്ടി.(24:56–57)

ഇന്നലെ മെയ് 27 ആയിരുന്നു. ഖിലാഫത്ത് ദിനം എന്ന നിലയ്ക്കാണ് നമ്മൾ ഈ ദിനം സ്മരിക്കുന്നത്. ഖിലാഫത്ത് ദിനത്തോടു അനുബന്ധിച്ച് ജമാഅത്തുകളിൽ യോഗങ്ങളും പരിപാടികളും നടന്നു വരുന്നു. ജമാഅത്തിന്റെ ചരിത്രത്തെ കുറിച്ച് മനസ്സിലാക്കാനും അതുപോലെ തന്നെ ഖിലാഫത്തുമായി ബന്ധപ്പെട്ടുള്ള നമ്മുടെ ഉത്തരവാദിത്വങ്ങളെക്കുറിച്ച് നമുക്ക് ഗ്രാഹ്യമുണ്ടാകാനും ഖിലാഫത്തിൽ അനുസരണപ്രതിജ്ഞ എടുത്ത ശേഷം തുടർന്നുള്ള നമ്മുടെ കർത്തവ്യങ്ങൾ നിറവേറ്റുന്നവരാകാനും അങ്ങനെ ദൈവാനുഗ്രഹങ്ങൾക്ക് അനന്തരാവകാശികളായിത്തീരാനുമാണത്. അല്ലാഹു നമുക്കുമേൽ വലിയ ഔദാര്യമാണ് ചെയ്തിട്ടുള്ളത്. ഇക്കാലഘട്ടത്തിൽ അല്ലാഹു നിയോഗിച്ച ദൂതനെ വിശ്വസിക്കാൻ നമുക്കു കഴിഞ്ഞു. ഇസ്‌ലാമിന്റെ തനതായ അധ്യാപനങ്ങൾ നമുക്കു പ

റിപ്പിച്ചുതരാനായി ആ മഹാത്മാവിനെ അല്ലാഹു നിയോഗിച്ചിരിക്കുകയാണ്. മാത്രമല്ല നമുക്ക് ഖിലാഫത്തിന്റെ അനുസരണ പ്രതിജ്ഞയിലും ഭാഗഭാക്കാകാനായി. ഹദ്റത്ത് മസീഹ് മൗഊദ് (അ)നമുക്ക് നല്കിയ അധ്യാപനങ്ങളെ നമ്മൾ സ്വായത്തമാക്കാനും പ്രാവർത്തികമാക്കാനുമാണ് ഖിലാഫത്തിനു കീഴിൽ നമ്മൾ അണിനിരന്നിട്ടുള്ളത്. തന്നെയുമല്ല ആ അധ്യാപനങ്ങൾ നമ്മൾ ലോകത്തുടനീളം പ്രചരിപ്പിക്കുകയും വേണം. അതുകൊണ്ട് അഹ്മദിയ്യ ഖിലാഫത്തുമായുള്ള ബന്ധം അഹ്മദികളുടെമേൽ ഭാരിച്ച ഉത്തരവാദിത്വമാണ് ഇട്ടിട്ടുള്ളത്. പ്രസ്തുത ഉത്തരവാദിത്വങ്ങൾ ശരിയാംവണ്ണം നിറവേറ്റിയാൽ മാത്രമേ അല്ലാഹു നമുക്കുമേൽ ചെയ്ത ഔദാര്യങ്ങളെ വിലമതിക്കുന്നവരായി നമ്മൾ മാറുകയുള്ളൂ.

ഞാൻ പാരായണം ചെയ്ത ഖുർആനിക വചനങ്ങളിൽ അല്ലാഹു നമ്മെ പ്രബലപ്പെടുത്തുമെന്നും ഭയാവസ്ഥയെ സമാധാനാവസ്ഥയിലേക്ക് മാറ്റുമെന്നും വാഗ്ദാനം ചെയ്തിട്ടുണ്ട്. എന്നാൽ, ആ വാഗ്ദാനം സോപാധികമാണ്. അതിന് നമ്മൾ ദൃഢവിശ്വാസികളും സൽക്കർമികളും ആരാധനകൾ മുറപ്രകാരം അനുഷ്ഠിക്കുന്നവരും അല്ലാഹുവിനോട് ആരെയും പങ്കുചേർക്കാത്തവരുമായി മാറേണ്ടതുണ്ട്. നമ്മളിൽ ഒരു തരത്തിലുള്ള അന്യാരാധനയുടെ അംശവും ഉണ്ടാകാൻ പാടില്ല. ഇക്കാര്യങ്ങളെല്ലാം നേടിയെടുക്കാനായി ദൈവാരാധനയും വിശിഷ്യാ നമസ്കാരവും അനിവാര്യമാകുന്നു. അല്ലാഹു നമുക്കു പറഞ്ഞുതന്ന രീതിയിൽത്തന്നെ നമസ്കാരം നിർവഹിക്കുന്നവരാകേണ്ടതാണ്. ദൈവമാർഗത്തിൽ ചെലവഴിക്കുകയും ചെയ്യേണ്ടതാണ്. അതുകൊണ്ട് അല്ലാഹുവിന്റെ മാർഗത്തിൽ വലയം ചെയ്യുന്നവരും റസൂലിനെ അനുസരിക്കുന്നവരുമാകേണ്ടത് വളരെ പ്രധാനപ്പെട്ടതാണ്. പ്രവാചകന്റെ എല്ലാ കല്പനകൾക്കും കീഴൊതുങ്ങി ജീവിക്കുന്നവരായിത്തീരുക.

അതിനാൽ ഇക്കാര്യങ്ങൾ നമ്മൾ ഓർമിക്കുകയും നമ്മുടെ ജീവിതം അപ്രകാരം വാർത്തെടുക്കാൻ ശ്രമിക്കുകയും അതുപോലെ ദീനി നെ ദുൻയാവിനെക്കാൾ മുന്തിക്കുകയും ചെയ്യുമെന്ന നമ്മുടെ പ്രതിജ്ഞ അതിന്റെ യഥാർഥ അന്തസ്സത്തയോടുകൂടി പ്രവർത്തിപഥത്തിൽ കൊണ്ടുവരാൻ യത്നിക്കുകയും ചെയ്യുമ്പോൾ മാത്രമെ അല്ലാഹു നമ്മളോടു വാഗ്ദാനം ചെയ്ത അനുഗ്രഹങ്ങളിൽനിന്ന് നമുക്കും പങ്കുപറ്റാനാകുകയുള്ളൂ. നമുക്ക് ഖിലാഫത്തിന്റെ അനുഗ്രഹത്തിൽനിന്ന് യഥാർഥമായ നിലയിൽ ഫലമെടുക്കുന്നവരാകാൻ അപ്പോൾ മാത്രമെ സാധിക്കുകയുള്ളൂ. ഈ ആയത്ത് വിശ്വാസികളെ സംബന്ധിച്ചിടത്തോളം ഒരു വലിയ സുവാർത്തയാണ്. എന്നാൽ, അതോടൊപ്പം നമ്മെ ചിന്തിപ്പിക്കുന്ന കാര്യവുമാണ്. ഇവിടെ സൂചിപ്പിച്ചിട്ടുള്ള വ്യവസ്ഥകൾ നമ്മൾ പൂർണമായും പാലിക്കുന്നില്ലെങ്കിൽ പിന്നെ ഈ അനുഗ്രഹത്തിൽനിന്ന് ശരിയായ നിലയിൽ ഗുണമെടുക്കാനും സാധിക്കുന്നതല്ല. നമസ്കാരം, സക്കാത്ത്, അല്ലാഹുവിനോടുള്ള കടകൾ, ദൈവസൃഷ്ടികളോടുള്ള കടമകൾ എന്നിവ നിറവേറ്റുന്ന നിലയിൽ ഇവിടെ സൂചിപ്പിച്ചതുപോലെ അല്ലാഹുവിന്റെ അനുഗ്രഹത്തേയും കാരുണ്യത്തേയും നമുക്ക് സ്വാംശീകരിക്കാനാകുന്നതല്ല. അതുകൊണ്ട് സ്വന്തം ചരിത്രത്തെ കുറിച്ച് ബോധവാന്മാരാകുകയും ഖിലാഫത്ത് ദിനം ആചരിക്കുകയും ചെയ്യുക എന്നതുമാത്രം മതിയായതല്ല. നമ്മൾ യഥാർഥ ദൈവദാസർ ആകാത്തിടത്തോളം നമസ്കാരങ്ങളെ കാത്തുസൂക്ഷിക്കുവന്നവരാകാത്തിടത്തോളം ദൈവത്തോടുള്ള കടമകളും അവന്റെ ദാസരോടുള്ള കടമകളും നിറവേറ്റാത്തിടത്തോളം ഖിലാഫത്ത് ദിനം ആചരിക്കുന്നത് പ്രയോജനകരമായിരിക്കുകയില്ല. അതുകൊണ്ട് നമ്മൾ ആത്മപരിശോധന നടത്തേണ്ടതാണ്. നമ്മുടെ ഈമാനിന്റെ അവസ്ഥ എന്താണ്? നമ്മുടെയുള്ളിൽ അല്ലാഹുവിനോടു ഭയവും പേടിയുമുണ്ടോ? നമ്മൾ തഖ്വായുടെ ഇടുങ്ങിയ വഴിയിലൂടെ സഞ്ചരിക്കുന്നവരാണോ? നമ്മൾ അല്ലാഹുവിനെ എ ല്ലാത്തിനെക്കാളുമധികം സ്നേഹിക്കുന്നവരാണോ? നമ്മൾ അല്ലാഹുവിനേയും അവന്റെ റസൂലിനേയും പൂർണമായും അനുസരിക്കുന്നവരാണോ? ഇതിനോടൊപ്പം നമ്മുടെ ദൃഷ്ടികൾ സ്വന്തം കർമങ്ങളിലേക്കും പതിപ്പിക്കേണ്ടതുണ്ട്. നമ്മുടെ കർമങ്ങൾ ഇസ്ലാമിന്റെ യഥാർഥ അധ്യാപനങ്ങൾക്ക് അനുസൃതമാണോ? നമ്മുടെ കർമങ്ങളിൽ പ്രദർശനപരതയുടെ അംശമുണ്ടോ? നമ്മുടെ ധനത്യാഗങ്ങളും സക്കാത്ത് നല്കലും മറ്റുള്ളവരെ കാണിക്കുന്നതിനുവേണ്ടിയുള്ളതാണോ? നമ്മുടെ വ്രതാനുഷ്ഠാനങ്ങൾ ബാഹ്യരൂപത്തിൽ മാത്രമുള്ളതാണോ? നമ്മുടെ ഹജ്ജ് കർമം ഹാജീ എന്നറിയപ്പെടാൻ വേണ്ടിയുള്ളതാണോ? അല്ലാഹുവിനേയും അവന്റെ റസൂലിനേയും പൂർണമായി അനുസരിക്കുകയും ഹൃദയശാന്തിയും മനഃസമാധാനവും ഉണ്ടാകുകയും നമ്മുടെ എല്ലാ ചെയ്തികളും അല്ലാഹുവിന്റെ പ്രീതി കരസ്ഥമാക്കുന്നതിനുവേണ്ടി ആകുകയും ചെയ്യുമ്പോൾമാത്രമേ ഖിലാഫത്തിനു കീഴിൽ അത്തരമൊരു മാതൃകാസമൂഹം സ്ഥാപിതമാകുകയുള്ളൂ. നമ്മുടെ സകല കർമങ്ങളും അപ്പോൾ മാത്രമേ അല്ലാഹുവിനോടും അവന്റെ ദാസരോടുമുള്ള കടമ നിറവേറ്റുന്നതായി മാറുകയുള്ളൂ. ഇതുവെറും നാവിട്ടലയ്ക്കുന്ന കാര്യമാകരുത്. തങ്ങളുടെ കർമങ്ങൾ സുകൃതപരമായി വെക്കുന്ന സത്യവിശ്വാസികൾ മാത്രമേ ദൈവാനുഗ്രഹങ്ങൾ കരസ്ഥമാക്കുകയുള്ളൂ എന്ന ദൈവവചനം നമ്മൾ എപ്പോഴും മുന്നിൽ വെക്കേണ്ടതാണ്.

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: അല്ലാഹു പരിശുദ്ധ ഖുർആനിൽ സത്യവിശ്വാസത്തോടൊപ്പം സൽക്കർമങ്ങളും കല്പിച്ചിട്ടുണ്ട്. അമലു സ്വാലിഹ് അഥവാ സൽകർമം എന്നു പറയുന്നത് അണുവിടപോലും ദോഷം തീണ്ടാത്തതായിരിക്കണം. ഓർക്കുക! മനുഷ്യന്റെ കർമത്തിനു പിറകെ എപ്പോഴും ഒരു കള്ളൻ കൂടുന്നതായിരിക്കും. ആ മോഷ്ടാവ് ആരാണ്? അത് പ്രദർശനപരത എന്ന മോഷ്ടാവാണ്. അതായത് ഒരാൾ മറ്റൊരാളെ കാണിക്കുന്നതിനുവേണ്ടി കർമം ചെയ്യുന്നു. സൽകർമം ചെയ്തശേഷം താൻ വലിയ പുണ്യം ചെയ്തിരിക്കുന്നുവെന്ന് കരുതി സന്തോഷിക്കുന്നു. ശേഷം പലതരത്തിലുള്ള തിന്മകളും, ചിലപ്പോഴാണെങ്കിൽ തീർത്തും താൻ ചെയ്യുന്നത് തിന്മയാണെന്ന ബോധമില്ലാത്ത നിലയിൽ അവനിൽനിന്ന് അതു സംഭവിക്കുന്നു. അവയാണെങ്കിൽ പാപങ്ങളായിരിക്കും. അക്കാരണത്താൽ അവന്റെ കർമങ്ങൾ പാഴായിപ്പോകുന്നു. സൽകർമം എന്നതിൽ അക്രമം, ഗർവ്, പ്രദർശനപരത, അഹങ്കാരം, അന്യന്റെ അവകാശം അപഹരിക്കൽ തുടങ്ങിയവയെ കുറിച്ചുള്ള ചിന്തപോലും ഉണ്ടാകുകയില്ല. സൽകർമം ഇവയിൽനിന്ന് പരിശുദ്ധമാകുന്നു. അല്ലാതെ ഇപ്പറഞ്ഞ കാര്യങ്ങൾ ചെയ്യാത്തതുകൊണ്ടു മാത്രമായില്ല. അദ്ദേഹം പറയുന്നു: ഇക്കാര്യങ്ങളെ കുറിച്ച് നിങ്ങളുടെ മനസ്സിൽ ചിന്തപോലും ഉണ്ടാകരുത്. അപ്പോഴാണ് യഥാർഥ സത്യവിശ്വാസിയാകുക. സൽകർമിയെന്ന് പറയപ്പെടുക. അദ്ദേഹം പറയുന്നു: പരലോകത്ത് സൽകർമങ്ങളാൽ മനുഷ്യൻ രക്ഷപ്പെടുന്നതുപോലെ ഈ ലോകത്തും സൽകർമങ്ങൾ ചെയ്താൽ ഒരുവൻ രക്ഷപ്പെടുന്നതായിരിക്കും. വീട്ടിലുള്ളവരിൽ ഒരാളെങ്കിലും സുകൃതവാനായിട്ടുണ്ടെങ്കിൽ അവരെല്ലാം രക്ഷപ്പെടുന്നതാണ്.അദ്ദേഹം പറയുന്നു:നിങ്ങളിൽ സൽകർമങ്ങൾ നിലനിൽക്കാത്തിടത്തോളം കേവല വിശ്വാസം ഗുണം ചെയ്യുകയില്ല.*(മൽഫൂദാത്ത് വാള്യം 4 പേജ് 274-275)*

അതിനാൽ ഈമാനോടൊപ്പം സ്വാലിഹായ അമലുകളും വളരെ അവിഭാജ്യമായ ഘടകമാണ്. അദ്ദേഹം പറയുന്നു: സൽകർമം എന്നത് നമ്മൾ സ്വയം നിർദേശിക്കുകയും നിർവചിക്കുകയും ചെയ്യുന്നതുപോലെയായിരിക്കില്ല. അതായത് ഇന്ന കാര്യം സൽകർമമാണെന്ന് നമ്മൾ സ്വയം പറഞ്ഞതുകൊണ്ടാകുകയില്ല. സ്വാലിഹായ കർമങ്ങളെന്നത് യഥാർഥത്തിൽ ഒരു വിധത്തിലുമുള്ള ഫസാദ് അഥവാ കുഴപ്പങ്ങളും ഇല്ലാത്തതായിരിക്കണം. കാരണം സ്വാലിഹ് എന്നത് ഫസാദിന്റെ വിവരീതമാണ്. ഏതുപോലെ ഭക്ഷണം ത്വയ്യിബ് അഥവാ അനുയോജ്യവും പരിശുദ്ധവുമാകുന്നത് അത് പാകത്തിന് വെന്തതോ വളിച്ചതോ മോശമായി ഇനത്തിൽപ്പെടാത്തതോ ആകുമ്പോഴും ക്ഷണത്തിൽ ദഹിച്ച് ശരീരത്തിന്റെ ഭാഗമായി മാറാൻ ഉതകുന്നതോ ആണ്. ത്വയ്യിബായ ഭക്ഷണമെന്നത് ഒരു വിധ ന്യൂനതയുമില്ലാത്തതായിരിക്കും. അതുപോലെതന്നെ സ്വാലിഹായ കർമത്തിലും ഒരുവിധത്തിലുള്ള ദൂഷ്യവുമുണ്ടാകാൻ പാടില്ല. അത് ദൈവകല്പനയ്ക്കനുസൃതമായിരിക്കണം. അതുപോലെ നബി(സ)തിരുമേനിയുടെ സുന്നത്തിന് അഥവാ തിരുചര്യയ്ക്ക് അനുഗുണവുമായിരിക്കണം. നബി(സ)തിരുമേനി പ്രവർത്തിക്കുകയും ചെയ്തു കാണിക്കുകയും പറയുകയും ചെയ്തതു പ്രകാരമായിരിക്കണം, എന്നല്ല അതിൽ ഒരുതരത്തിലുള്ള അലസതയും പാടില്ല. ആ കർമം ചെയ്യുന്നതിന് ഒരു വിധത്തിലുള്ള മടിയും പാടില്ല. അതിൽ ഗർവും പാടില്ല പ്രദർശനപരതയും ഉണ്ടാകരുത്. അത് സ്വന്തം നിർദേശിക്കുന്നതുമാകരുത്. അത്തരം കർമത്തെയാണ് സൽകർമം എന്നു പറയുന്നത്. സൽകർമത്തെ കുറിച്ച് സ്വന്തം അഭിപ്രായങ്ങൾ പടച്ചുവിടരുത്. സ്വയം വ്യാഖ്യാനിക്കാൻ നിൽക്കുകയുമരുത്. ഇതുകൊണ്ട് ഇങ്ങനെയൊക്കെയാണ് ഉദ്ദേശിക്കുന്നതെന്ന് പറഞ്ഞു നടക്കുകയുമരുത്. മറിച്ച് അല്ലാഹുവിന്റേയും അവന്റെ റസൂലിന്റേയും കല്പനകളെ അക്ഷരംപ്രതി പിന്തുടരുമ്പോഴാണ് അത് സൽകർമമാകുന്നത്. അവിടന്ന് പറഞ്ഞു: ഇത് ചെമന്ന ഗന്ധകമാണ്. *(മൽഫൂദാത്ത് വാള്യം 6 പേജ് 425-426)*

ഇത് വളരെ വലുതും സുപ്രധാനവുമായ കാര്യമാണ്. ഈ അവസ്ഥ സ്വായത്തമാക്കിക്കഴിഞ്ഞാൽ അല്ലാഹുവിന്റെ വാഗ്ദാനങ്ങളിൽനിന്ന് ഫലമെടുക്കുന്നവരായി നിങ്ങൾ മാറിയിരിക്കുന്നുവെന്ന് മനസ്സിലാക്കുക. അഹ്മദിയ്യാ ഖിലാഫത്തിനെ നിലനിറുത്തുമെന്ന പ്രതിജ്ഞയേയും പൂർത്തീകരിക്കുന്നവർ ഇത്തരമാളുകളാണ്. അല്ലാതെ സ്വാർഥ ലാഭം മുന്നിൽകണ്ടുകൊണ്ട് സൽകർമത്തിന് സ്വയം വ്യാഖ്യാനങ്ങൾ നല്കുന്നവരല്ല. ഖിലാഫത്തിന്റെ 'മഅ്റൂഫ്' അഥവാ 'നല്ല തീരുമാനങ്ങൾ' എന്നതിനെ സ്വയം വ്യാഖ്യാനിക്കുവരല്ല അവർ. അവരുടെ അഹംഭാവം അവരെ കീഴ്പ്പെടുത്തുകയില്ല. ഇത്തരമാളുകൾ ഖിലാഫത്തുമായി ഒട്ടിച്ചേർന്ന് നില്ക്കുന്നവരാണെന്ന് വാദിച്ചതുകൊണ്ട് ഒരു പ്രയോജനവുമില്ല. ആത്മാർഥതയോടെ ഖിലാഫത്തിനെ അനുസരിക്കുന്നവരും അതിന് കീഴൊതുക്കം കാണിക്കുന്നവരുമാണ് യഥാർഥമായി ഖിലാഫത്തിനോടു കൂറുപുലർത്തുന്നവർ. അവർ ഖിലാഫത്തിന്റെ സംരക്ഷകരും ഖിലാഫത്ത് അവരെ സംരക്ഷിക്കുന്നതുമായിരിക്കും. കാലത്തിന്റെ ഖലീഫയുടെ ദുആകൾ എപ്പോഴും അവർക്കൊപ്പമുണ്ടാ

യിരിക്കും. അവരുടെ പ്രയാസങ്ങൾ കണ്ട് കാലത്തിന്റെ ഖലീഫയ്ക്ക് അവർക്കുവേണ്ടി ദുആ ചെയ്യാൻ ശ്രദ്ധയുണ്ടാകുന്നതാണ്. ഈ സൽകർമങ്ങൾ ചെയ്യുന്നവരുടെ ഖിലാഫത്തുമായുള്ള ബന്ധവും ഖിലാഫത്തിന്റെ അവരുമായുള്ള ബന്ധവും തന്നെയാണ് അല്ലാഹുവിന്റെ പ്രീതി കാംക്ഷിച്ചുകൊണ്ടുള്ളത്.

ഇങ്ങനെ ജമാഅത്തിന്റേയും കാലത്തിന്റെ ഖലീഫയുടേയും പരസ്പരബന്ധം ദൈവപ്രീതി ലക്ഷ്യം വെച്ചുകൊണ്ട് മാത്രം നിലകൊള്ളുന്നത് യഥാർഥ ഖിലാഫത്തിൽ മാത്രമാണ്. ഇത്തരമൊരു ഖിലാഫത്തുതന്നെയാണ് ദീനിന്റെ പ്രബലതയ്ക്കും സമാധാനസംസ്ഥാപനത്തിനും വഴി വെക്കുന്നത്. ഇത്തരത്തിലുള്ള ജമാഅത്തങ്ങളുടേയും കാലത്തിന്റെ ഖലീഫയുടേയും പരസ്പരബന്ധമാണ് ഇരുകൂട്ടർക്കും ദൈവാനുഗ്രഹങ്ങൾ കരസ്ഥമാക്കാനുള്ള നമിത്തമാകുന്നത്. ഇതരമുസ്‌ലിമീങ്ങളും ഖിലാഫത്ത് സ്ഥാപിക്കാനാഗ്രഹിക്കുന്നു. എന്നാൽ, അത് ഭൗതികമായ വഴികളിലൂടെയാണ്, ഭൗതികമായ പദ്ധതികളിലൂടെയാണെന്നു മാത്രം. പക്ഷേ, ഈ ഭൗതികോപാധികളും പദ്ധതികളും കൊണ്ട് അവർക്ക് ഒരു പ്രയോജനവും ഉണ്ടാകുന്നതല്ല. അപ്രകാരം ഖിലാഫത്ത് സ്ഥാപിക്കാനും സധിക്കുകയില്ല. എത്രവേണമെങ്കിലും അവർ ശ്രമിച്ചുകൊള്ളട്ടെ അല്ലാഹു തീരുമാനിച്ച പോലെതന്നെ ഇനി ഖിലാഫത്ത് തുടർന്നു പോകുന്നതായിരിക്കും. അതുകൊണ്ട് ഇക്കാര്യത്തിൽ നമ്മുടെ ഉള്ളിൽ നന്ദിമനോഭാവം എപ്പോഴും ഉണ്ടായിരിക്കേണ്ടതാണ്. ദൈവസമക്ഷം കുനിയേണ്ടതുമാണ്. അവൻ നമുക്ക് ഖിലാഫത്താകുന്ന അനുഗ്രഹം തന്നിരിക്കുന്നു. അതോടൊപ്പം നമ്മൾ സദാസമയവും ഹൃദയത്തിൽ ദൈവഭയം കുടിയിരുത്തുകയും സ്വന്തം കർമങ്ങളെ എപ്പോഴും വീക്ഷിക്കുന്നവരാകുകയും വേണം. നമ്മുടെ കർമങ്ങൾ അല്ലാഹുവിന്റേയും അവന്റെ റസൂലിന്റേയും കല്പനകളനുസരിച്ചാണോ ഉള്ളത്? അല്ലാഹുവിനോടും അവന്റെ ദാസരോടുമുള്ള കടമകൾ നിറവേറ്റലിന്റെ നിലവാരം അല്ലാഹു പറഞ്ഞിട്ടുള്ള നിലവാരമനുസരിച്ചാണോ?

അതിനാൽ ഓരോ അഹ്മദിയും ഓരോ നിമിഷവും അല്ലാഹുവിനോടുള്ള കൃതജ്ഞതയിൽ ചെലവഴിക്കേണ്ടതാണ്. അവൻ നമുക്ക് ഖിലാഫത്തെന്ന മഹത്തായ അനുഗ്രഹം തന്നരുളിയിരിക്കുകയാണ്. അതിനോടൊപ്പംതന്നെ നമ്മൾ നമ്മുടെ കർമങ്ങളേയും പരിശോധിക്കേണ്ടതാണ്. നമ്മൾ ശരിയായ നിലയിൽ ദൈവകല്പനകൾ പാലിക്കുന്നുണ്ടോ? ഈ ചിന്തയോടെ നമ്മൾ ജീവിതം പുലർത്തുകയും അതനുസരിച്ച് നമ്മുടെ പ്രവർത്തനങ്ങളേയും രൂപപ്പെടുത്തുകയും ഖിലാഫത്ത് നിലനില്ക്കാനായി ദുആ ചെയ്യുന്നവരായി മാറുകയും ചെയ്യുകയാണെങ്കിൽ നമ്മൾ അല്ലാഹുവിന്റെ അനുഗ്രഹങ്ങൾക്കും അവകാശികളായി തുടരുന്നതാണ്. ഇതുതന്നെയാണ് ഹദ്റത്ത് മസീഹ് മൗഊദ് (അ) നമുക്കു പറഞ്ഞുതന്നതും.അല്ലാഹു അദ്ദേഹത്തെ ഇപ്രകാരം സമാശ്വസപ്പിച്ചിട്ടുമുണ്ട്. ഖിലാഫത്ത് വ്യവസ്ഥിതി തുടർന്നുപോകുന്നതാണ്. അതുപോലെ അല്ലാഹു അദ്ദേഹത്തിനു നല്കിയ സുവാർത്തകളും നിശ്ചയമായും പുലരുന്നതായിരിക്കും.അതിന് നമ്മൾ ഈ നിബന്ധനകൾ പൂർത്തീകരിക്കേണ്ടതായുണ്ട്. അൽവസിയ്യത്ത് എന്ന ഗ്രന്ഥത്തിൽ ഖിലാഫത്ത് വ്യവസ്ഥിതിയെ കുറിച്ച് വളരെ വിശദമായിത്തന്നെ പറഞ്ഞിട്ടുണ്ട്.

അവിടന്ന് പറയുന്നു: 'മനുഷ്യനെ ഭൂമിയിൽ സൃഷ്ടിച്ചതുമുതൽ എന്നും അവൻ തന്റെ നബിമാരേയും റസൂൽമാരേയും സഹായിക്കുകയും അവർക്കു വിജയം നല്കുകയും ചെയ്തുവരുന്നു എന്നത് അവന്റെ സുന്നത്താണ്. എപ്പോഴും ഈ സുന്നത്തിനെ വെളിപ്പെടുത്തിക്കൊണ്ടിരുന്നിട്ടുമുണ്ട്. അവൻ വിശുദ്ധ ഖുർആനിൽ പറയുന്നു: **കതബല്ലാഹു ല അഗ്‌ലിബന്ന അന വ റുസുലീ** ഞാനും എന്റെ റസൂൽമാരും വിജയിക്കുകതന്നെ ചെയ്യുമെന്ന് അല്ലാഹു വിധി എഴുതിയിരിക്കുന്നു. ഈ വിജയത്തിന്റെ അർഥം ഇതാണ്: അല്ലാഹുവിന്റെ ന്യായപൂർത്തി ഭൂമിയിൽ പുലരുകയും അതിനെ ആർക്കും എതിരിടാൻ കഴിയാതിരിക്കുകയും ചെയ്യണമെന്നത് റസൂൽമാരുടേയും നബിമാരുടേയും ഉദ്ദേശ്യമായിരിക്കുന്നതുപോലെ അല്ലാഹു ശക്തിമത്തായ ദൃഷ്ടാന്തങ്ങൾ മുഖേന അവരുടെ സത്യത വെളിപ്പെടുത്തുന്നതുമാകുന്നു. ഏതൊരു സത്യമാണോ അവർ ലോകത്ത് പരത്തുവാനാഗ്രഹിക്കുന്നത് അതിന്റെ ബീജാവാപം അവരുടെ തന്നെ കൈകളാൽ നിർവഹിക്കപ്പെടുകയും ചെയ്യുന്നു. എന്നാൽ, അതിന്റെ പൂർണമായ പൂർത്തീകരണം അവരുടെ കൈകൊണ്ട് നടത്തുന്നില്ല. പ്രത്യുത ഒരു പരാജയത്തിന്റെ ഭീതി പരത്തുമാറുള്ള ഘട്ടത്തിൽ അവർക്ക് മരണം നല്കിക്കൊണ്ട് എതിരാളികൾക്ക് പരിഹസിക്കാനും കളിയാക്കാനും അവഹേളിക്കാനുമുള്ള അവസരം നല്കുന്നു. അവർ പരിഹാസവും അവഹേളനവും നടത്തിക്കഴിഞ്ഞാൽ തന്റെ ദിവ്യശക്തിയുടെ മറ്റൊരു കൈ വെളിപ്പെടുത്തുകയും പൂർത്തിയാകാതെ പോയ ലക്ഷ്യങ്ങൾ അതിന്റെ പൂർണതയോളം എത്തിക്കാനുള്ള വഴികൾ ഒരുക്കുകയും ചെയ്യുന്നു." *(അൽവസിയ്യത്ത് റൂഹാനീ ഖസാഇൻ വാല്യം 20, പേജ് 304-305)*

ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ വേർപാട് മുഴുവൻ അഹ്മദികളേയും പിടിച്ചുലച്ച സമയത്ത് എതിരാളികൾ സന്തോഷം ആഘോഷിച്ചതായി നമ്മൾ കാണുന്നു. അദ്ദേഹത്തിന്റെ വഫാത്തിനുശേഷം മനുഷ്യത്വംപോലും മരവിച്ചുപോകുന്ന വിധത്തിലുള്ള മോശം പരാമർശങ്ങളാണ് അവർ നടത്തിയത്. ആരും അത്ഭുതപ്പെട്ടുപോകുംവിധമുള്ള പരാമർശങ്ങളാണ് അവർ നടത്തിയത്. അല്ലാഹുവിന്റേയും റസൂലിന്റേയും നാമം ഉച്ചരിക്കുന്നവർ ഇത്രകണ്ട് തരംതാഴുമോ എന്ന് തോന്നിപ്പോയിരുന്നു. അത് അവർ പറഞ്ഞതുപോലുള്ള തോന്ന്യാസത്തിൽ ഞാൻ ഇവിടെ ഉദ്ധരിക്കേണ്ട കാര്യമില്ല. എന്നാൽ, അവരുടെ മറ്റു കുചെയ്തികളെ കുറിച്ച് ഇവിടെ പരാമർശിക്കേണ്ടതുണ്ട്. അദ്ദേഹത്തിന്റെ മരണാനന്തരം ജമാഅത്തിനെ ഉന്മൂലനം ചെയ്യാൻ അവർ ചെയ്ത് യത്നങ്ങളെ കുറിച്ച് പറയുന്നതാണ്. ജമാഅത്തിന്റെ അഖണ്ഡത താറുമാറാക്കുന്നതിനും അഹ്മദികളെ അഹ്മദിയ്യത്തിൽനിന്ന് മാറ്റുന്നതിനും വേണ്ടി പല രീതിയിലുള്ള നുണപ്രചാരണങ്ങളും എങ്ങനെയാണ് അവർ നടത്തിത്. ഉദാഹരണത്തിന് പീർ മഹർ അലി സാഹിബിന്റെ ശിഷ്യന്മാർ പറഞ്ഞു:'മിർസാഇകൾ പശ്ചാത്തപിച്ച് ബയ്അത്ത് ചെയ്തുകൊണ്ടിരിക്കുന്നു.' (താരീഖെ അഹ്മദിയ്യത്ത് വാല്യം 3, പേജ് 204)

അതായത് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ വഫാത്തിനുശേഷം അഹ്മദിയ്യത്തിൽനിന്ന് തൗബ ചെയ്ത് ഇപ്പോൾ അവരോടൊപ്പം ചേരുന്നുവെന്ന്. ഖാജ ഹസൻ നിളാമി സാഹിബ് അഹ്മദികൾക്ക് അഭിപ്രായം നല്കിക്കൊണ്ട് പറഞ്ഞു: മിർസാ സാഹിബിന്റെ മസീഹ് വാദവും മഹ്ദി വാദവും അഹ്മദികൾ നിഷേധിക്കുക. ഇല്ലെങ്കിൽ മിർസാ സാഹിബിനെപ്പോലുള്ള ബുദ്ധിമാനും സംഘാടകനുമായ ആളുടെ അസാന്നിധ്യം കാരണത്താൽ അഹ്മദി ജമാഅത്തിന് എതിരാളികളുടെ ഉപദ്രവങ്ങളെ സഹിക്കാൻ പറ്റിയെന്ന് വരില്ല. അവരുടെ വ്യവസ്ഥ തകർന്നുപോകും. (താരീഖെ അഹ്മദിയ്യത്ത് വാല്യം 3, പേജ് 206)

വലിയ രാഷ്ട്രീയമായ രീതിയിൽ സ്വന്തമായ നിലയിൽ വളരെ മൃദുലഭാഷയിൽ ഈ ഉപദേശം നല്കുകയാണ്. ഈ സാഹിബ് പ്രത്യക്ഷത്തിൽ ശാന്തനായിരുന്നു. അദ്ദേഹം വളരെ സാധാരണക്കാരനും സഹതാപിയും ആയിക്കൊണ്ട് അഹ്മദികളെ ഉപദേശിക്കുകയാണ്. മിർസാ സാഹിബ് ഇപ്പോൾ മരിച്ചുപോയിരിക്കുന്നു, ഇനി നിങ്ങളെ നോക്കാനാരുമുണ്ടാകുകയില്ല, അതുകൊണ്ട് അഹ്മദിയ്യത്ത് ഉപേക്ഷിച്ചു വന്ന് ഞങ്ങളോടൊപ്പം ചേരുക. പക്ഷേ, അവർക്കൊന്നും ഹദ്റത്ത് മസീഹ് മൗഊദ്(അ)നോടു അല്ലാഹു പറഞ്ഞ 'ഞാൻ നിന്നോടൊപ്പവും നിന്റെ പ്രിയപ്പെട്ടവരോടൊപ്പവുമാണ്' എന്ന വാഗ്ദാനം കാണാൻ കഴിഞ്ഞില്ല.' *(അൽഹക്കം വാല്യം 11, നമ്പർ 46, 24-12-1907, പേജ് 4)*

അല്ലാഹു ഇൽഹാമിലൂടെ അദ്ദേഹത്തോടു പറഞ്ഞു. അല്ലാഹു അദ്ദേഹത്തെ വാഗ്ദാനം നല്കി സമാധാനിപ്പിച്ചു. അദ്ദേഹത്തിനുശേഷം അദ്ദേഹത്തിന്റെ ഖിലാഫത്ത് പരമ്പര ആരംഭിക്കുമെന്ന്! വാഗ്ദാനങ്ങളും പ്രവചനങ്ങളുമെല്ലാം പൂർത്തിയാകുകതന്നെ ചെയ്യും. അദ്ദേഹം വ്യക്തമായും പറഞ്ഞു: ഈ നബിമാരുടെ ജമാഅത്ത് രണ്ടാമത്തെ ശക്തിപ്രഭാവവും കാണുന്നു. ഇവിടെ നബിയുടെ ഈ ഉദാഹരണം നല്കി മറ്റുള്ളവരോടും മറുപടി പറയുകയാണ്, ചില ദുർബലരായ അഹ്മദികൾ ചില സന്ദർഭങ്ങളിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ) നബിയാണെന്ന് പറഞ്ഞ് സ്തംഭിച്ചു നിന്നുപോകാറുണ്ട്. ഇവിടെ അതിനുള്ള മറുപടിയും വന്നു. അവിടന്നുതന്നെ പറഞ്ഞു: 'എന്റെ ജമാഅത്ത് നബിയുടെ ജമാഅത്താണെന്ന്. ഞാൻ നബിയാണ്. നബിമാരുടെ ജമാഅത്ത് രണ്ടാമത്തെ ശക്തിപ്രഭാവവും കാണുന്നു. നിങ്ങളിൽ ഈമാനിൽ നിലകൊള്ളുന്നവരും സൽകർമങ്ങളനുഷ്ഠിക്കുന്നവരും ഇതു കാണുന്നതായിരിക്കും.

രണ്ടുവിധത്തിലുള്ള ദിവ്യശക്തികൾ(ഖുദ്റത്തുകൾ) അല്ലാഹു വെളിപ്പെടുത്തുന്നു. ഒന്നാമതായി നബിമാരുടെ കൈകൾകൊണ്ടുതന്നെ തന്റെ ദിവ്യശക്തിയുടെ ഹസ്തം കാണിക്കുന്നു. രണ്ടാമതായി നബിയുടെ മരണശേഷം വിഷമങ്ങൾ നേരിടേണ്ടിവരികയും ശത്രു വളരെ ശക്തിപ്രാപിക്കുകയും നബിയുടെ ദൗത്യം ആകെ കുഴപ്പത്തിലായെന്നും ഈ ജമാഅത്ത് ഇപ്പോൾ നശിക്കാൻ പോകുകയാണെന്ന് ഉറപ്പിച്ചുകൊണ്ട് അതിലെ അംഗങ്ങൾതന്നെ അതിന്റെ ഭാവിയെക്കുറിച്ച് സംശയത്തിലാകുകയും നിരാശപ്പെട്ടുതുടങ്ങുകയും അവരുടെ നടുവൊടിഞ്ഞ നിലയിൽ നിർഭാഗ്യരായിട്ടുള്ള നിരവധിപേർ മതനിരാസത്തിലേക്കുള്ള വഴിയിൽ നീങ്ങുകയും ചെയ്യുമ്പോൾ സർവശക്തനായ അല്ലാഹു രണ്ടാം തവണ തന്റെ പ്രബലമായ ദിവ്യശക്തി വെളിപ്പെടുത്തുകയും തകർച്ചയിലേക്കെത്തിയ ജമാഅത്തിനെ താങ്ങിയെടുത്ത് രക്ഷിക്കുകയും ചെയ്യുന്നു. ചുരുക്കത്തിൽ അന്ത്യംവരെ സഹനം കൈക്കൊള്ളുന്നവർക്ക് അല്ലാഹുവിന്റെ ഈ അത്ഭുതദൃഷ്ടാന്തം കാണാൻ കഴിയുന്നു; ഹദ്റത്ത് അബൂബക്റിന്റെ കാലത്ത് സംഭവിച്ചതുപോലെ! നബി(സ)തിരുമേനിയുടെ മരണം ഒരു അകാല മരണമായി കരുതപ്പെടുകയും വിവേകശൂന്യരായ നിരവധി ബദ്‌വികൾ മുർത്തദ്ദുകളായിപ്പോകുകയും സ്വഹാബിമാരും ദുഃഖഭാരത്താൽ ഭ്രന്ത് പിടിച്ചവരെപ്പോലെയായിത്തീരുകയും ചെയ്തപ്പോൾ അല്ലാഹു ഹദ്റത്ത് അബൂബക്ർ സിദ്ദീഖിനെ എഴുന്നേല്പിച്ചുകൊണ്ട് രണ്ടാമത് തന്റെ ദിവ്യശക്തിയുടെ ഹസ്തം നീട്ടിക്കാണിക്കുകയും ഇസ്‌ലാമിനെ നാശത്തിൽനിന്ന് രക്ഷിക്കുകയും ചെയ്തു. **വലയുമക്കിനന്ന ലഹും ദീനഹുമുല്ലദിർത്തളാ**

**ലഹും വലയുബദ്ദിലന്നഹും മിൻബഅ്ദി ഖൗഫിഹിം അംനാ** (അവർക്കായി അവൻ തൃപ്തിപ്പെട്ട മതം അവൻ അവർക്ക് ശക്തിപ്പെടുത്തിക്കൊടുക്കുകയും അവരുടെ ഭയപ്പാടിനുശേഷം അവർക്ക് സമാധാനവും രക്ഷയും പ്രദാനം ചെയ്യുകയും ചെയ്യും) എന്നു പറഞ്ഞ അവന്റെ വാഗ്ദത്തം നിറവേറ്റുകയുണ്ടായി.'

*(അൽവസിയ്യത്ത് റൂഹാനീ ഖസാഇൻ, വാള്യം 20, പേജ് 304-305)*

അവിടന്ന് വീണ്ടും പറയുന്നു: 'അതുകൊണ്ട് അല്ലയോ പ്രിയപ്പെട്ടവരേ! ശത്രുക്കളുടെ രണ്ടുതരം ആഹ്ലാദാഭാസങ്ങളെ തകർത്തു കാണിക്കുന്നതിനുവേണ്ടി അല്ലാഹു രണ്ടുതരം ദിവ്യശക്തി പ്രതിഭാസം കാണിക്കുന്നുവെന്നത് അവന്റെ പണ്ടു പണ്ടേയുള്ള സുന്നത്താണ്. അല്ലാഹു തന്റെ പണ്ടു പണ്ടേയുള്ള സുന്നത്തിനെ ഉപേക്ഷിച്ചു കളയുക എന്നത് സംഭാവ്യമല്ല. അതുകൊണ്ട് ഞാനിപ്പോൾ വിവരിച്ചു പറഞ്ഞ് കാര്യങ്ങളിൽ നിങ്ങൾ ദുഃഖിതരാവരുത്. നിങ്ങൾ അസ്വസ്ഥരാകുകയുമരുത്. എന്തുകൊണ്ടെന്നാൽ നിങ്ങളിൽ രണ്ടാം ഖുദ്റത്ത് വെളിപ്പെടുന്നത് നിങ്ങൾ കാണേണ്ടത് ആവശ്യമാകുന്നു. അതുവരുന്നത് നിങ്ങൾക്ക് കൂടുതൽ ഉത്തമമായിരിക്കും. കാരണം അത് എന്നെന്നും നിലനില്ക്കുന്നതാണ്. അതിന്റെ പരമ്പര ഖിയാമത്തുനാൾവരെ മുറിഞ്ഞു പോകുന്നതല്ല. ഞാൻ പോകാത്തിടത്തോളം രണ്ടാം ഖുദ്റത്ത് വരുന്നതല്ല. ഞാൻ പൊയ്ക്കഴിഞ്ഞാൽ അല്ലാഹു രണ്ടാം ഖുദ്റത്തിനെ നിങ്ങളിലേക്ക് അയക്കും. ആ രണ്ടാം ഖുദ്റത്ത് അല്ലാഹു ബറാഹീനെ അഹ്മദിയ്യായിൽ വാഗ്ദത്തം ചെയ്തതു പ്രകാരം എന്നെന്നും നിങ്ങളിലുണ്ടായിരിക്കും. ആ വാഗ്ദത്തം എന്റെ വ്യക്തിത്വവുമായി ബന്ധപ്പെട്ടതല്ല. അത് നിങ്ങളെ സംബന്ധിച്ചുള്ള വാഗ്ദത്തമാണ്. അല്ലാഹു പറയുന്നു:നിന്നെ പിൻപറ്റിയ ജമാഅത്തിന് ഖിയാമത്തുനാൾവരെ മറ്റുള്ളവരുടെമേൽ ഞാൻ വിജയം നല്കും.' അതുകൊണ്ട് ശാശ്വതമായ വാഗ്ദത്തത്തിന്റെ നാൾ വരാൻവേണ്ടി നിങ്ങളിൽനിന്ന് വേർപെട്ടുപോകേണ്ട ദിവസം വരേണ്ടത് അനുപേക്ഷണീയമാകുന്നു. നമ്മുടെ അല്ലാഹു വാഗ്ദത്തങ്ങൾ പൂർത്തിയാക്കുന്നവനും കൂറു പുലർത്തുന്നവനും വിശ്വസ്തനുമായ അല്ലാഹുവാകുന്നു. അവൻ വാഗ്ദത്തം ചെയ്ത സകലതും തന്നെ നിങ്ങൾക്കു കാണിച്ചു തരുന്നതാണ്. ഈ നാളുകൾ ലോകത്തിന്റെ അവസാന നാളുകളാകുന്നു. അനേകം വിപത്തുകളും ദുരന്തങ്ങളും ഇറങ്ങുന്ന നാളുകളാണ്. അല്ലാഹു അറിയിച്ചു തന്ന കാര്യങ്ങളെല്ലാം പൂർത്തിയാകുന്നതുവരെ ഈ ലോകം നിലനില്ക്കേണ്ടതു തന്നയാകുന്നു. ഞാൻ അല്ലാഹുവിൽനിന്നുള്ള ഒരു ശക്തിപ്രഭാവത്തിന്റെ രൂപത്തിൽ വെളിപ്പെട്ടിരിക്കുന്നു. ഞാൻ അല്ലാഹുവിന്റെ ഒരു ശരീരധാരിയായ ഖുദ്റത്താകുന്നു. എനിക്കുശേഷം ചില മറ്റുവ്യക്തികളുമുണ്ടാകും. അവർ രണ്ടാമ ത്തെ ഖുദ്റത്തിന്റെ-ദിവ്യശക്തിയുടെ പ്രതീകങ്ങളായിരിക്കും. അതുകൊണ്ട് നിങ്ങൾ അല്ലാഹുവിൽനിന്നുള്ള രണ്ടാം ഖുദ്റത്തിന്റെ പ്രതീക്ഷയിൽ ഒന്നു ചേർന്ന് പ്രാർഥിച്ചുകൊണ്ടിരിക്കുക.'

*(അൽവസിയ്യത്ത് റൂഹാനീ ഖസാഇൻ, വാള്യം 20, പേജ് 305-306)*

അതിനാൽ നമ്മൾ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ പ്രവചനമനുസരിച്ച് അല്ലാഹു അദ്ദേഹത്തിനോടു ചെയ്ത വാഗ്ദാനമനുസരിച്ച് കഴിഞ്ഞ 113 വർഷമായി അല്ലാഹുവിന്റെ എല്ലാ അനുഗ്രഹങ്ങളും അക്ഷരംപ്രതി സാക്ഷാൽക്കരിക്കപ്പെട്ടതായി കാണുകയാണ്. ഹദ്റത്ത് മസീഹ് മൗഊദ്(അ) നിര്യാതനായപ്പോൾ അദ്ദേഹത്തിന്റെ തല മുറിഞ്ഞുപോയെന്നും അദ്ദേഹത്തിന്റെ കൈയിൽ ഒന്നുംതന്നെയില്ലെന്നും ഇവർ പറഞ്ഞിരുന്നു. ഇദ്ദേഹം വിട്ടുപിരിഞ്ഞുപോയെന്നും ഇനി ആരും നോക്കാനില്ലെന്നും തുടങ്ങി ഇവർ പറഞ്ഞ് കുറച്ചു കാര്യങ്ങൾ ഞാൻ മുമ്പേയും പറഞ്ഞിരുന്നു.

പിന്നീട് ഹദ്റത്ത് ഖലീഫത്തുൽമസീഹ് അവ്വലിനെ കുറിച്ച് കഴ്സൻ ഗസറ്റ് പത്രം എഴുതി: ഇനി മിർസാഇകളിൽ എന്താണ് അവശേഷിച്ചിട്ടുള്ളത്. അവരുടെ തല മുറിഞ്ഞുപോയിരിക്കുന്നു. ഹദ്റത്ത് ഖലീഫത്തുൽമസീഹ് അവ്വലിന്റെ ഖിലാഫത്തു നിലവിൽവന്നശേഷം ഇവർ എഴുതി, മറ്റൊരു വ്യക്തി ഇവരുടെ ഇമാമായിരിക്കുന്നു. അയാളെക്കൊണ്ട് മറ്റൊന്നും നടക്കുകയില്ല. മസ്ജിദിൽ ഖുർആൻ കേൾപിച്ചുകൊണ്ടിരിക്കും അത്രമാത്രം. പക്ഷേ, ഇതാണ് മഹത്തായ ജോലിയെന്ന് ഈ ബുദ്ധിക്ക് അന്ധതബാധിച്ചവർ എങ്ങനെയറിയാനാണ്. ഈ മഹത്തായ ജോലി നിറവേറ്റുന്നതിനുവേണ്ടിയാണ് ഹദ്റത്ത് ഇബ്റാഹീം(അ) തന്റെ സന്തതികളിൽനിന്ന് ഒരു മഹാനായ റസൂലിനെ നിയോഗിക്കേണമേ എന്ന് ദുആ ചെയ്തിരുന്നത്. ഈ മഹത്തായ ശരീഅത്തുമായാണ് ഹദ്റത്ത് നബി(സ)തിരുമേനി നിയോഗിതനായത്. ഈ തികവുറ്റതും സമ്പൂർണവുമായ ഗ്രന്ഥം പഠിക്കുന്നവരും പഠിപ്പിക്കുന്നവരുമാണ് ദുൻയാവിലും ആഖിറത്തിലും ലക്ഷ്യം പ്രാപിക്കുന്നവർ. ഈ ഗ്രന്ഥത്തിന്റെ അധ്യാപനത്തെ പ്രചരിപ്പിക്കുന്നതിനുവേണ്ടിയാണ് ഹദ്റത്ത് മസീഹ് മൗഊദ്(അ)നിയോഗിതനായത്. ഇതേ ജോലി ചെയ്യുന്നതിനുവേണ്ടിയാണ് ഖിലാഫത്ത് വ്യവസ്ഥിതി തുടങ്ങിയിട്ടുള്ളത്. എന്തായാലും അവരുടെ ഈ വാക്കുകൾകേട്ട് ഹദ്റത്ത് ഖലീഫത്തുൽമസീഹ് അവ്വൽ(റ)പറഞ്ഞു, ഞാൻ നിങ്ങൾക്ക് ഖുർആൻ കേൾപിക്കുന്നതുതന്നെ ആയിരിക്കട്ടെ എന്റെ ജോലി. (ബദ്ർ ഖാദിയാൻ 1909 ജനുവരി 7, വാള്യം 8, ലക്കം 10, പേജ് 5-ൽ നിന്നെടുത്തത്) ഈ ജോലിയാണ് ഹദ്റത്ത് ഖലീഫത്തുൽമസീഹ് അവ്വൽ ചെയ്തത്. നല്ലവണ്ണം ചെയ് തു. പക്ഷേ, ജമാഅത്തിൽ സംഘടനാപരമായ ബലഹീനത ഉണ്ടാകുമെന്നും അതിന്റെ കുത്തഴിഞ്ഞുപോകുമെന്നുമുള്ള അവരുടെ വിചാരം വെറും വ്യാമോഹങ്ങളായിത്തന്നെ അവശേഷിച്ചു. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അവ്വൽ(റ) കപടവിശ്വാസികളുടേയും അഞ്ചുമന്റെ ചില കാര്യകർത്താക്കളുടേയും ഫിത്നകളെ അതിശക്തമായി ചെറുത്തുനിന്നു. അവരാരും തന്നെ ഒരു തരത്തിലുള്ള ദ്രോഹപ്രവർത്തനങ്ങളും ചെയ്യാൻ മുതിർന്നതുമില്ല. അദ്ദേഹം ഖലീഫയായി തിരഞ്ഞെടുക്കപ്പെട്ടതിനുശേഷമുള്ള ആദ്യ പ്രസംഗത്തിൽ ഇപ്രകാരം പറഞ്ഞു: 'ഇനി നിങ്ങളുടെ സ്വഭാവങ്ങളുടെ ചായ്വ് ഏതുഭാഗത്തേക്കായാലും നിങ്ങൾക്ക് എന്റെ കല്പനകൾ നിറവേറ്റേണ്ടതായിത്തന്നെവരും.' (ബദ്ർ ഖാദിയാൻ 1908 ജൂൺ 2, വാള്യം 7, ലക്കം 22, പേജ് 8)

പിന്നീട് അദ്ദേഹം മറ്റൊരു അവസരത്തിൽ മസ്ജിദ് മുബാറക്കിൽ ചെയ്ത പ്രൗഢോജ്ജ്വലമായൊരു പ്രസംഗത്തിൽ പറഞ്ഞു: 'നിങ്ങൾ നിങ്ങളുടെ ചെയ്തികൾകൊണ്ട് എന്നെ എത്രമാത്രം വേദനിപ്പിച്ചിരിക്കുന്നുവെന്നാൽ മസ്ജദിന്റെ നിങ്ങൾ നിർമിച്ച ഭാഗത്ത് ഞാൻ നില്ക്കാറുപോലുമില്ല. ഞാൻ എന്റെ മിർസായുടെ മസ്ജിദിലാണ് ഇപ്പോൾ നില്ക്കുന്നത്. അതായത് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ കാലത്ത് തുടക്കത്തിൽ നിർമിക്കപ്പെട്ട മസ്ജിദിന്റെ ഭാഗത്താണ് അദ്ദേഹം അപ്പോൾ നിന്നിരുന്നത്. പിൽക്കാലത്ത് ജമാഅത്തുകളിൽനിന്ന് ചന്ദപിരിച്ച് വിപുലീകരിച്ച മസ്ജിദിന്റെ ഭാഗത്ത് നിൽക്കാൻപോലും അദ്ദേഹം കൂട്ടാക്കിയില്ല. അദ്ദേഹം പറയുന്നു: 'ഞാൻ ആ ഭാഗത്ത് നില്ക്കുകപോലുമില്ല. ഹദ്റത്ത് മസീഹ് മൗഊദിന്റെ കാലത്ത് നിർമിക്കപ്പെട്ട മസ്ജിദിന്റെ ഭാഗത്താണ് ഞാൻ നിന്നിരിക്കുന്നത്. അന്ന് ഈ വിപുലീകരിക്കപ്പെട്ട ഭാഗം ഉണ്ടായിരുന്നില്ല.' അദ്ദേഹം പറയുന്നു: 'എന്റെ തീരുമാനം ഇതാണ്. സമുദായവും അഞ്ചുമനും രണ്ടും ഖലീഫയുടെ ആജ്ഞാനുവർത്തികളാണ്. രണ്ടുകൂട്ടരും സേവകരാണ്. അതായത് അഞ്ചുമനും വിശ്വാസികളുമെല്ലാം സേവകരാണ്. അഭിപ്രായങ്ങൾ അവതരിപ്പിക്കാൻ അഞ്ചുമനും പറ്റും; കൂടിയാലോചനകൾ നടത്താനുള്ള നിർദേശങ്ങളും വെക്കാം. ഇത്തരത്തിൽ കൂടിയാലോചന നട ത്തുന്നതും അനിവാര്യം തന്നെ.' തുടർന്ന് പറഞ്ഞു: ഖലീഫയുടെ ജോലി ബയ്അത്ത് സ്വീകരിക്കലാണ്. യഥാർഥ വിധികർത്താവ് അഞ്ചുമനാണെന്നെഴുതിയത് ആരായാലും അതിൽനിന്ന് പശ്ചാത്തപിച്ച് മടങ്ങേണ്ടതുണ്ട്. അല്ലാഹു എന്നെ ഇപ്രകാരം അറിയിച്ചിരിക്കുന്നു: 'ഈ ജമാഅത്തിൽ നിന്ന് ആരെങ്കിലും നിന്നെ ഉപേക്ഷിച്ചുപോയാൽ അതിനു പകരമായി നിനക്ക് ഞാനൊരു ജമാഅത്തുതന്നെ നല്കുന്നതാണ്.' തുടർന്നു പറഞ്ഞു: 'ഖലീഫയുടെ ജോലി വെറും നമസ്കരിപ്പിക്കലാണെന്നും നിക്കാഹ് ഖുത്ബ നല്കലും ബയ്അത്ത് വാങ്ങലുമാണെന്നും പറയുന്നു. ഇതൊരു മുസ്‌ലിയാർക്കുപോലും ചെയ്യാൻ കഴിയുന്നതാണ്. ഇതിനുവേണ്ടി എന്തിനാണ് ഖലീഫ? അതിനു ഖലീഫയുടെ ആവശ്യമില്ല. മാത്രമല്ല ഇങ്ങനെ എനിക്ക് ബയ്അത്ത് ചെയ്യുകയാണെങ്കിൽ അത്തരം ബയ്അത്തിനുമേൽ ഞാൻ തുപ്പുക പോലുമില്ല. പരിപൂർണമായും അനുസരിക്കലാണ് ബയ്അത്ത്. ബയ്അത്ത് എന്നെ സമ്പൂർണമായി അനുസരിക്കലാണ്. ഖലീഫയുടെ ഒരു കല്പനയിൽ നിന്നുപോലും പിന്തിരിഞ്ഞുപൊകാൻ പാടുള്ളതല്ല. (താരീഖെ അഹ്മദിയ്യത്ത് വാള്യം 3, പേജ് 262)

ഈ പ്രസംഗം കപടവിശ്വാസികളുടെ പദ്ധതികളെ പരാജയപ്പെടുത്തിയതോടൊപ്പം എതിരാളികളുടെ വായും അടപ്പിച്ചു. ഏതൊരാളെയാണോ കിഴവനെന്നും വൃദ്ധനായ ദുർബലനെന്നും മനസ്സിലാക്കിയിരുന്നത് അയാൾ ദൈവസഹായത്താൽ സംസാരിച്ചപ്പോൾ എങ്ങനെ സംസാരിച്ചുവെന്നാൽ അവർ കുമിളകൾപോലെ ഇരുന്നുപോയി. പൊങ്ങച്ചക്കാർ തങ്ങളുടെ മുഖം ഒളിപ്പിക്കാൻ തുടങ്ങി. ജമാഅത്തിലെ ആത്മാർഥരായവർ ഒരു ദൃഢനിശ്ചയത്തോടുകൂടി ബയ്അത്തിന്റെ പ്രതിജ്ഞ ചെയ്തു. പിന്നീട് ജമാഅത്ത് എങ്ങനെയാണ് കുതിച്ചതെന്ന് ലോകം കണ്ടു.

പിന്നീട് 1914-ൽ ഖലീഫത്തുൽമസീഹ് അവ്വലിന്റെ വിയോഗമുണ്ടായി. അപ്പോൾ ജമാഅത്തിൽ പിന്നീടൊരു ഭൂകമ്പത്തിന്റെ അവസ്ഥയുണ്ടായി. ചില അഞ്ചുമന്റെ കാര്യസ്ഥർ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ യഥാർഥ പിന്തുടർച്ചാവകാശി അഞ്ചുമൻതന്നെയാണെന്ന് വരുത്തിത്തീർക്കാൻ ശ്രമം നടത്തി. അവർ ഹദ്റത്ത് ഖലീഫത്തുൽമസീഹ് അവ്വൽ കാരണമായി മൗനം പാലിച്ചതായിരുന്നു. ഈ നേരത്ത് അവരുടെ ദ്രോഹബുദ്ധി തലപൊക്കാൻ തുടങ്ങി. അപ്രകാരം തന്നെ കപടവിശ്വാസികളും പതുക്കെ മുൻനിരയിൽ വരാൻ തുടങ്ങി. എന്നാൽ, വീണ്ടും അല്ലാഹുവിന്റെ സഹായത്തിന്റേയും പിന്തുണയുടേയും കരങ്ങൾ ഹദ്റത്ത് മസീഹ് മൗഊദ്(അ)നോടു അവൻ വാഗ്ദാനങ്ങളനുസരിച്ച് ഖിലാഫത്തിന്റെ മഹിത സ്ഥാനത്തെ സുരക്ഷിതമാക്കാൻ പ്രവർത്തിച്ചു. അഞ്ചുമന്റെ കാര്യകർത്താക്കൾക്ക് ജമാഅത്ത് ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് സാഹിബിനെ ഖലീഫയാക്കുമെന്ന ഭയവുമുണ്ടായിരുന്നു. അതിനാൽ ഖലീഫയുടെ തിരഞ്ഞെടുപ്പ് ഒരു പ്ര

കാരത്തിലും നടക്കാതിരിക്കാൻ അവർ ഒരുപാട് ശ്രമം നടത്തി. കുറച്ചു കാലത്തേക്കായാലും വേണ്ടില്ല എങ്ങനെയെങ്കിലും ഇക്കാര്യം ഇല്ലാതാക്കണമെന്ന് അവർ കരുതി. ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് സ്പഷ്ടമായ നിലയിൽ പറഞ്ഞു: ഖലീഫ എന്തായാലും ഉണ്ടാകണം. എന്നാൽ, അതിനോടൊപ്പംതന്നെ ഞാൻ ഇവിടെ മറ്റൊരു കാര്യവും വ്യക്തമാക്കുകയാണ്. ഖലീഫയാകണമെന്ന് എനിക്ക് ഒരു വിധ താൽപര്യവുമില്ല. നിങ്ങൾ ആരെ വേണമെങ്കിലും ഖലീഫയായി നിശ്ചയിച്ചുകൊള്ളുക. ഞാനും എന്റെ കുടുംബവും ആ വ്യക്തിക്ക് സത്യഹൃദയത്തോടെ ബയ്അത്ത് ചെയ്യാനൊരുക്കമാണ്.' എന്നാൽ, തങ്ങളാണ് ബുദ്ധിരാക്ഷസന്മാർ എന്നു കരുതുന്ന അക്കൂട്ടർ അക്കാര്യം സമ്മതിച്ചില്ല. എന്തായാലും തീരുമാനം അദ്ദേഹത്തിന് അനുകൂലമാകുമെന്ന അപകടവും അവർക്കു തോന്നിയിരുന്നു. അവർ വെറും അധികാരമോഹികളായിരുന്നു. മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ്(റ) അവരോടു നിങ്ങൾ നിശ്ചയിക്കുന്ന ഏതു ഖലീഫയ്ക്കും താൻ ബയ്അത്തു ചെയ്യാൻ ഒരുക്കമാണെന്നും എന്തായാലും ഒരു ഖലീഫ വേണമെന്ന് പറഞ്ഞപ്പോൾ അത് അവർ ചെവിക്കൊണ്ടില്ല. പിന്നീട് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ വസിയ്യത്തു പ്രകാരം വിശ്വാസികളുടെ ജമാഅത്ത് മസ്ജിദ് നൂറിൽ സംഘടിച്ചു. അപ്പോൾ അവിടെ രണ്ടായിരമോ അതിലധികമോ കുറവോ ആളുകൾ അവിടെ ഉണ്ടായിരുന്നു. എല്ലാവരും ഒരുമിച്ച് ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് സാഹിബിനെത്തന്നെ ഖലീഫയായി തിരഞ്ഞെടുത്തു. ആ നേരത്ത് ജനങ്ങൾ മുന്നിലുള്ളവരുടെ തലയ്ക്കുമീതെ ചാടിച്ചാടി ബയ്അത്തു ചെയ്യാൻ മുമ്പോട്ടു കുതിക്കുകയായിരുന്നു. ആ കാഴ്ചയ്ക്ക് സാക്ഷ്യം വഹിച്ചവർ എഴുതുന്നു: അല്ലാഹു തിരഞ്ഞെടുത്ത് ഖലീഫയ്ക്ക് ബയ്അത്തു ചെയ്യാനായി ആളുകളെ മലക്കുകൾ തൂക്കിപ്പിടിച്ചുകൊണ്ട് മുന്നോട്ടു നയിക്കുന്നതുപോലെയാണ് തോന്നിയത്. *(സിൽസില അഹ്മദിയ്യ വാള്യം 1, പേജ് 330-331)*

അവസാനം ഇതെല്ലാം കണ്ടിട്ട് അഞ്ചുമന്റെ കാര്യസ്ഥന്മാരിൽ ചിലർ അവരിൽ വലിയ വലിയ കുറച്ചാളുണ്ടായിരുന്നു അഞ്ചുമന്റെ എല്ലാ വലിയ ഖജനാവുകളും എടുത്തുകൊണ്ട് അവിടെനിന്ന് അപ്രത്യക്ഷരായി. എന്നാൽ, അഹ്മദിയ്യാ ഖിലാഫത്തുമുഖേന എപ്രകാരമാണ് അല്ലാഹു ജമാഅത്തിനെ പ്രബലപ്പെടുത്തിയതെന്ന് പിന്നീട് ലോകം കണ്ടു.

അല്ലാഹു ഏതൊരു യുവാവിന്റെ കൈകളിലാണോ ഖിളലാഫത്തിന്റെ കടിഞ്ഞാൺ ഏല്പിച്ചത് അദ്ദേഹം ജമാഅത്തിനോടൊപ്പം എത്രമാത്രം ദ്രുതഗതിയിലാണ് പുരോഗതിയുടെ പടവുകൾ താണ്ടി നീങ്ങിയെന്നതിന് ഹദ്റത്ത് മുസ്‌ലിഹ് മൗഊദ് ഖലീഫത്തുൽ മസീഹ് ഥാനിയുടെ 52 വർഷ ഖിലാഫത്ത് കാലഘട്ടം സാക്ഷിയാണ്. അഞ്ചുമന്റെ ഖജനാവ് കാലിയാക്കി കടന്നവർ വാദിച്ചുകൊണ്ടിരുന്നത് ഖാദിയാനിൽ ഇനിയങ്ങോട്ടു ക്രിസ്ത്യാനികളുടെ ഭരണമായിരിക്കുമെന്നായിരുന്നു. ഇന്ന് അവരുടെ തലമുറകൾക്ക് കാണാൻ സാധിക്കുന്നത് ക്രിസ്ത്യാനികളെ മസീഹ് മുഹമ്മദിയുടെ കൊടിക്കീഴിൽ ഒരുമിച്ചു കൂട്ടും വിധം അഹ് മദിയ്യ ജമാഅത്തിന് അല്ലാഹുവിന്റെ സഹായം ലഭിക്കുന്നതാണ്. അതാണ് നാമിപ്പോൾ കണ്ടുവരുന്നത്. ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) ലോകത്തിലെ ഒട്ടനവധി രാജ്യങ്ങളിൽ ജമാഅത്തിന്റെ മിഷനുകൾ തുറക്കുകയുണ്ടായി. ആഫ്രിക്കയിൽ ക്രിസ്തീയമത പ്രചാരകർക്ക് അത്രാ ഇ ഈഅഹ്മദി മതപ്രബോധകരുടെ മുമ്പിൽ നില്ക്കക്കള്ളിയില്ലാത്ത ഭയപ്പെടുന്ന അവസ്ഥയാണുള്ളത്. ക്രിസ്തുമതത്തിന്റെ വ്യാപനത്തിന്റെ വഴിയിൽ അഹ് മദിയ്യത്ത് ഒരു വൻ വിലങ്ങുതടിയാണെന്ന് ഒടുക്കം അവർതന്നെ സമ്മതിക്കുകയുണ്ടായി. അവരുടെ റിപ്പോർട്ടുകളിൽ ഇക്കാര്യം പരാമർശിച്ചിട്ടുണ്ട്. ചുരുക്കത്തിൽ ഖാദിയാനിൽ അക്രമം നടത്താനുള്ള പദ്ധതിയോ അതോ തബ്‌ലീഗ് പ്രചാരണമോ ഹിജ്റത്തിന്റെ സമയമോ ഏതവസരത്തിലായാലും ശക്തമായ നിലപാടെടുക്കുന്ന ഖലീഫ അല്ലാഹുവിന്റെ പെട്ടകത്തെ അവനിൽനിന്നുള്ള സഹായസഹകരണങ്ങളോടുകൂടി വിജയത്തിന്റെ ലക്ഷ്യസ്ഥാനത്തെത്തിക്കുകയും സുരക്ഷിതരാക്കുകയും ചെയ്യുകയുണ്ടായി.

അവസാനം ദൈവവിധിപ്രകാരം 1965-ൽ ആ ദിവ്യാത്മാവ് ചരമം പ്രാപിച്ചപ്പോൾ അല്ലാഹു തന്റെ രണ്ടാം ശക്തിപ്രഭാവത്തിന്റെ മൂന്നാമത്തെ മുഖകമലത്തെ എഴുന്നേല്പിച്ചു നിറുത്തി. അങ്ങനെ അല്ലാഹു ജമാഅത്തിനെ ഭയത്തിൽനിന്ന് സമാധാനത്തിലേക്ക് മാറ്റുകയും ഹദ്റത്ത് മിർസാ നാസിർ അഹ്മദ്(റഹ്) ഖലീഫത്തുൽ മസിഹ് മൂന്നാമന്റെ കരങ്ങളിൽ ഒരുമിച്ചു കൂട്ടുകയും ചെയ്തു. ശേഷം അഹ്മദിയ്യാ ജമാഅത്ത് അഭിവൃദ്ധിയുടെ പുതിയ ഉയരങ്ങളിലേക്ക് മുന്നേറിക്കൊണ്ടിരുന്നു. ജമാഅത്ത് ആഫ്രിക്കയിൽ സ്കൂളുകളും ആശുപത്രികളും തുറക്കുകയും അങ്ങനെ ഒരു പുതിയ കാലം ആരംഭിക്കുകയും ചെയ്തു. അപ്രകാരം ജമാഅത്ത് വിപുലമായി അറിയപ്പെടാൻ തുടങ്ങി. ഹദ്റത്ത് ഖലീഫത്തുൽമസീഹ് മൂന്നാമൻ ആഫ്രിക്കയിലെ അഹ്മദികളുള്ള ചില രാജ്യങ്ങളിൽ ആദ്യമായി പര്യടനം നടത്തിയപ്പോൾ അതിന് അസാധാരണമായി സ്വാധീനഫലങ്ങൾ കാണുകയുണ്ടായി. ഒരു അഹ്മദിയ്യ ഖലീഫയുടെ ആഫ്രിക്കൻ രാജ്യങ്ങളിലുള്ള ആദ്യത്തെ പര്യടനമായിരുന്നു അത്. 1974-ൽ പാകിസ്താൻഭരണകൂടം അഹ്മദികൾക്കെതിരെ ഗൂഢവും കിരാതവുമായ ഒരു പദ്ധതി ഉണ്ടാക്കുകയും അഹ്മദികളെ അമുസ്‌ലിമാക്കി പ്രഖ്യാപിച്ചുകൊണ്ടുള്ള ഒരു നിയമം പ്രാബല്യത്തിൽ കൊണ്ടുവരികയും ചെയ്തു. ഖിലാഫത്താകുന്ന പരിചയ്ക്കു പിന്നിൽ നിന്നുകൊണ്ട് ആ ഭയാനകമായ ആക്രമണ പരമ്പരയെ ജമാഅത്ത് സഫലമായി മറികടക്കുകയും ജമാഅത്തിന്റെ പുരോഗതികൾക്ക് തുരങ്കം വെക്കാനുള്ള ശത്രുക്കളുടെ പരിശ്രമങ്ങളെ വിഫലവും വ്യർഥവുമാക്കുകയുമുണ്ടായി. ജമാഅത്തിന്റെ കൈകളിൽ ഭിക്ഷാപാത്രം പിടിപ്പിക്കുമെന്ന് സംസാരിച്ച ശത്രുക്കളുടെ ആഗ്രഹങ്ങളെ അവർക്ക് മണ്ണിട്ട് മൂടേണ്ടിവന്നു. അല്ലാഹു ജമാഅത്തിന് സാമ്പത്തികമായ ഭദ്രതയ്ക്കുള്ള ആധുനികമാർഗങ്ങൾ തുറന്നുകൊടുത്തു. അതുപോലെ ജമാഅത്തംഗങ്ങളെ ശത്രുക്കൾ സാമ്പത്തികമായി തകർക്കാൻ ശ്രമിക്കുകയും നന്നേ ബുദ്ധിമുട്ടിക്കുകയും ചെയ്തപ്പോൾ അവർക്ക് അല്ലാഹു സാമ്പത്തികമായ ഉയർച്ച നല്കി. അതുപോലെ അവർക്ക് രാജ്യത്തിനു പുറത്തുപോകാനുള്ള മാർഗങ്ങളും അവൻ തുറന്നുകൊടുത്തു. 1974 നുശേഷം ജർമനിയിലേക്കും ഇതരരാജ്യങ്ങളിലേക്കുമായി കുടിയേറിപ്പാർത്തവർ തങ്ങൾക്ക് അല്ലാഹു സാമ്പത്തികമായി നല്കിയ കെട്ടുറപ്പിനെക്കുറിച്ച് അവരുടെ സന്താനപരമ്പരകളോടു പറഞ്ഞു കൊടുക്കേണ്ടതാണ്. അവർക്കെതിരെ ഉണ്ടാക്കിയ ശത്രുക്കളുടെ നീക്കത്തെ കുറിച്ചും അതുപോലെ ഖിലാഫത്തിന്റെ തണലിൽ അല്ലാഹു അവർക്ക് പുതുവഴികൾ തുറന്നുകൊടുത്തതും ആയിരമടങ്ങ് സാമ്പത്തികാഭിവൃദ്ധി അവർക്ക് നല്കിയതെങ്ങനെയെന്നും അവർ വരുംതലമുറയ്ക്ക് പറഞ്ഞുകൊടുക്കേണ്ടതുണ്ട്.

പിന്നീട് 1982-ൽ ഖലീഫത്തുൽമസീഹ് മൂന്നാമനും നമ്മെ വിട്ടുപിരിയുകയുണ്ടായി. തുടർന്നും അല്ലാഹു ഹദ്റത്ത് മിർസാ ത്വാഹിർ അഹ്മദ് ഖലീഫത്തുൽമസീഹ് നാലാമൻ മുഖേന ജമാഅത്തിന്റെ ഭീതിദാവസ്ഥയെ സമാധാനാവസ്ഥയിലേക്ക് മാറ്റുകയുണ്ടായി. അപ്പോൾ ശത്രുക്കൾ ജമാഅത്തിന്റെ അഭിവൃദ്ധികണ്ട് ബോധമില്ലാത്തവരായി മാറിയിരുന്നു. ശത്രുക്കൾ ആദ്യം മുതൽക്കേന്നപോലെ ഒരിക്കൽ കൂടി ആക്രമണങ്ങൾക്ക് ഗൂഢപദ്ധതികൾ ആസൂത്രണം ചെയ്യുകയും അഹ്മദിയ്യാ ഖിലാഫത്തിനെ ഒരു നിർജീവാവസ്ഥയിലാക്കിമാറ്റാൻ കിണഞ്ഞു പരിശ്രമിക്കുകയും ചെയ്തു. ജമാഅത്തിന്റെ തല മുറിച്ചുമാറ്റുമെന്ന് ശത്രുക്കൾ പകൽക്കിനാവു കണ്ടു. എന്നാൽ, ആ പടുവിഡ്ഢികളും ബുദ്ധിമോശം വന്നവരും അല്ലാഹുവിന്റെ പദ്ധതികളെക്കുറിച്ച് എന്തറിയാൻ? അനിതരസാധാരണമായ സഹായസഹകരണങ്ങൾ നല്കി അല്ലാഹു ഖലീഫത്തുൽമസീഹ് റാബിഅ്(റഹ്)നെ പാകിസ്താനിൽനിന്ന് ഹിജ്റത്ത് ചെയ്യിച്ചു. ശത്രുക്കൾ അതുകണ്ട് അന്തം വിട്ടുപോയി. ഹിജ്റത്തിനുശേഷം നാലാം ഖിലാഫത്ത് കാലഘട്ടത്തിൽ ഒരു പുതുപുത്തൻ യുഗത്തിനുതന്നെ തുടക്കം കുറിച്ചു. സാറ്റ്ലൈറ്റുമുഖേന കാലത്തിന്റെ ഖലീഫയുടേയും അഹ്മദിയ്യാ ജമാഅത്ത് അഥവാ യഥാർഥ ഇസ്‌ലാമിക സന്ദേശം അഹ്മദികളുടേതെന്ന പോലെ മറ്റുള്ളവരുടെ വീടുകളിലും എത്താൻ തുടങ്ങി. അങ്ങനെ തബ്‌ലീഗിന്റെ പുതിയ വഴികൾ തുറക്കപ്പെട്ടു.

പല രാജ്യങ്ങളിലും അഹ്മദിയ്യത്തിന്റെ ചെടികൾ നടപ്പെട്ടു. യഥാർഥ ഇസ്‌ലാമികാധ്യാപനങ്ങൾക്ക് പ്രചാരം ലഭിച്ചു. വിശുദ്ധ ഖുർആനിന്റെ പ്രസിദ്ധീകരണം പൂർവോപരി വർധിച്ചു. അതിന്റെ തർജമകൾ പുതിയ ഭാഷകളിൽ ഇറങ്ങാൻ തുടങ്ങി.

പിന്നീട് ദൈവവിധിപ്രകാരം 2003 ഏപ്രിൽ മാസത്തിൽ ഖലീഫത്തുൽമസീഹ് നാലാമന്റെ വിയോഗം വീണ്ടും ജമാഅത്തിനൊരു വലിയ ആഘാതം ഏല്പിച്ചു. ശത്രുക്കൾ അത് അഹ്മദിയ്യത്തിനെ ഉന്മൂലനം ചെയ്യാൻ സുവർണാവസരമാണെന്നു കരുതി. എന്നാൽ, ഹദ്റത്ത് മസീഹ് മൗഊദ്(അ)നോടു വാഗ്ദാനം ചെയ്തതു പ്രകാരം അല്ലാഹു ഒരിക്കൽകൂടി ജമാഅത്തിനെ താങ്ങി നിറുത്തി. ദൈവസഹായം എത്രത്തോളമുണ്ടായെന്നാൽ ജമാഅത്തിനെക്കുറിച്ച് ശത്രുപക്ഷത്തുള്ള മൗലവിമാർ പറഞ്ഞത് ഈ ജമാഅത്ത് സത്യപൂർണമാണെന്ന് തങ്ങൾ കരുതുന്നില്ലെങ്കിലും അല്ലാഹുവിന്റെ പ്രവൃത്തിസാക്ഷ്യം ഈ ജമാഅത്തിന്റെ കൂടെയുള്ളതായി തങ്ങൾ സമ്മതിക്കുന്നുവെന്നാണ്. അതായത് അല്ലാഹുവിന്റെ കർമസാക്ഷ്യം നമ്മളോടൊപ്പമാണെന്ന് അംഗീകരിച്ചിട്ടുകൂടി ജമാഅത്തിൽ വിശ്വസിക്കാൻ അവർ തയ്യാറാകുന്നില്ല. വിശ്വാസികളുടെ പ്രാർഥനകൾ അല്ലാഹു കേട്ടു. ഭയാവസ്ഥയെ സമാധാനത്തിലേക്ക് അവൻ മാറ്റി. ഇസ്‌ലാമിക ചരിത്രത്തിന് ഹദ്റത്ത് മസീഹ് മൗഊദ്(അ)മുഖേന അഞ്ചാം ഖിലാഫത്ത് ഘട്ടത്തിനും അങ്ങനെ തുടക്കം കുറിച്ചു.

ഇസ്‌ലാമിന്റെ പ്രാരംഭകാലത്ത് സച്ചരിതമായ ഖിലാഫത്ത് നാലു ഖലീഫമാരിൽ ഒതുങ്ങിയിരുന്നെങ്കിൽ അത് നബി(സ)തിരുമേനിയുടെ പ്രവചനങ്ങളുടെ അടിസ്ഥാനത്തിൽ തന്നെയുമായിരുന്നു. ഇപ്പോൾ അഞ്ചാം ഖിലാഫത്ത് ഘട്ടം തുടങ്ങിയതും അത് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ കാലത്ത് തുടങ്ങിയതും നബി(സ)തിരുമേനിയുടെ പ്രവചനപ്രകാരം തന്നെയാണ്. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ആഗമനത്തിനുശേഷം ഇസ്‌ലാമിക ചരിത്രത്തിൽ ഒരുപാട് പുതിയ അധ്യായങ്ങൾ തുറന്നതുപോലെ തന്നെയുള്ള ഒരു സംഗതിയായിരുന്നു അഞ്ചാം

ഖിലാഫത്തും. ശത്രുക്കൾ കരുതിയിരുന്നത് ഇനി ജമാഅത്തിന്റെ നേതൃത്വം അത്രകണ്ട് ശക്തമായ കരങ്ങളിലല്ല ഉള്ളതെന്നായിരുന്നു. എന്നാൽ, യഥാർഥത്തിൽ കരങ്ങൾ അല്ലാഹുവിന്റേതാണെന്നും അങ്ങനെയാണ്പൂർത്തിയാകുന്നതെന്നും അവരെന്തറിയാൻ? ആ കരങ്ങൾ ആരെയാണോ തുണയ്ക്കുന്നതും സഹായിക്കുന്നതും ആ വ്യക്തിയെ അവൻ ശക്തിമത്താക്കുന്നതാണ്. ഇന്ന് ശത്രുക്കളുടെ അസൂയ നിറഞ്ഞ കണ്ണുകൾ ജമാഅത്തിന്റെ മുമ്പത്തേതിനെക്കാൾ കൂടുതൽ ഉയർച്ച നോക്കിക്കാണുകയാണ്. ഈ കാലഘട്ടത്തിൽ ജമാഅത്തിന് കൂടുതൽ പ്രചുരപ്രചാരവും മുൻതൂക്കവും ലഭിച്ചിരിക്കുന്നു. എല്ലാ രംഗങ്ങളിലും എല്ലാ നിലകളിലും മുമ്പത്തേതിനെക്കാൾ വർധിച്ചിരിക്കുന്നു. ഞാൻ വളരെ ദുർബലനായൊരു മനുഷ്യനാണ്. എന്റെ എന്തെങ്കിലും ഗുണവിശേഷത്താലല്ല ഈ പുരോഗതികൾ സംഭവിക്കുന്നത്. ലോക ഭരണകൂടങ്ങളുടെ മേലധികാരികൾക്കും പാർലമെന്റുകൾക്കും മുമ്പിൽ ജമാഅത്തിന് മേൽവിലാസം ലഭിക്കുന്നുവെങ്കിൽ അതിനുള്ള ഒരേയൊരു കാരണം അല്ലാഹുവിന്റെ അനുഗ്രഹങ്ങളും ഹദ്റത്ത് മസീഹ് മൗഊദ്(അ)നോടു അവൻ ചെയ്ത വാഗ്ദാനങ്ങളും മാത്രമാണ്. അതുപോലെ നബി(സ)തിരുമേനിയുടെ പ്രവചനങ്ങൾക്കനുസരിച്ചാണ് അതെല്ലാം നടക്കുന്നത്. നിത്യവും നമുക്ക് അല്ലാഹുവിന്റെ അനുഗ്രഹങ്ങളുടെ ദൃശ്യങ്ങൾ കാണാൻ സാധിക്കുന്നു. വിശുദ്ധ ഖുർആനിന്റെ പ്രസിദ്ധീകരണവും ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഗ്രന്ഥങ്ങളുടെ വിവിധ ഭാഷയിലുള്ള വിവർത്തന പ്രവൃത്തികളും ഒരുപാട് വർധിച്ചിരിക്കുന്നു. മുസ്‌ലിം ടെലിവിഷൻ അഹ്മദിയ്യാ മുഖേന ലോകത്തുള്ള മുഴുവൻ രാജ്യങ്ങളിലും ഇസ്‌ലാമിന്റെ യഥാർഥ സന്ദേശം എത്തിക്കൊണ്ടിരിക്കുന്നു. ആദ്യം ഒരു ഭാഷയിലും ഒരു ചാനലിലുംമാത്രം പരിമിതമായികുന്ന മുസ്‌ലിം ടെലിവിഷൻ അഹ്മദിയ്യാ ഇന്ന് എട്ട് വിവിധ ചാനലുകളായി വളർന്നിരിക്കുന്നു. ലോകത്തുള്ള വിവിധ രാജ്യങ്ങളിൽ ഇന്ന് എം.ടി.എ സ്റ്റുഡിയോകൾ പ്രവർത്തന ക്ഷമമാണ്. എല്ലാ സ്ഥലത്തുമില്ലെങ്കിലും ഒരുപാട് സ്ഥലങ്ങളിൽ സ്റ്റുഡിയോകൾ സ്ഥാപിതമായിരിക്കുന്നു. ആഫ്രിക്കയിലും ഉത്തര അമേരിക്കയിലും യൂറോപ്പിലുമെല്ലാമുണ്ട്. നമ്മുടെ നിലവിലെ സൗകര്യങ്ങൾ നോക്കുകയാണെങ്കിൽ ഇത് അസാധ്യം തന്നെയാണ്. സോഷ്യൽ മീഡിയ മുഖേനയും ഇസ്‌ലാമിന്റെ യഥാർഥ സന്ദേശം പ്രചരിക്കുന്നു. പാക്കിസ്താൻ സർക്കാർ അതിനുമേൽ വിവിധ തരത്തിലുള്ള വിലക്കുകൾ ഏർപെടുത്തിയപ്പോൾ ലോകത്തുള്ള മറ്റു രാജ്യങ്ങളിൽ മുമ്പേയുള്ളതിനെക്കാൾ കൂടുതൽ മാർഗങ്ങൾ അല്ലാഹു തുറന്നു തന്നിരിക്കുന്നു. അതുപോലെ ഖിലാഫത്തുമായി ബന്ധം സ്ഥാപിക്കുന്നതിന് അല്ലാഹു ഒരു പുതിയ മാർഗവും മനസ്സിലാക്കിത്തന്നിരിക്കുന്നു. അത് ഈ കോവിഡിന്റെ രോഗം കാരണമായാണ് വെളിപ്പെട്ടത്. ഓൺലൈൻ മീറ്റിംഗ് അല്ലെങ്കിൽ വെർച്ചൽ മീറ്റിംഗ് മുഖേന മീറ്റിംഗുകളും കൂടിക്കാഴ്ചകളും നടക്കുന്നു. അതുമുഖേന ജമാഅത്തുകളുമായി നേരിട്ട് ബന്ധപ്പെടുന്നത് സാധ്യമായിരിക്കുന്നു. കാലത്തിന്റെ ഖലീഫയിൽനിന്ന് ആളുകൾ നേരിട്ടുതന്നെ മാർഗനിർദേശങ്ങൾ സ്വീകരിക്കുന്നു. ഞാൻ ഇവിടെ ലണ്ടനിൽ ഇരുന്ന് ചിലപ്പോൾ ഏതെങ്കിലും ആഫ്രിക്കൻ രാജ്യത്തേയോ ചിലപ്പോൾ ഇന്തൊനേഷ്യയിലേയോ ചിലപ്പോൾ ആസ്ട്രേലിയായിലേയോ ചിലപ്പോൾ അമേരിക്കയിലേയോ ആളുകളുമായി കൂടിക്കാഴ്ച നടത്തുന്നു. ഇതെല്ലാം അല്ലാഹുവിന്റെ സഹായസഹകരണങ്ങളുടെ ദൃശ്യങ്ങളാണ്. നമ്മൾ ഇക്കാര്യം ഒരിക്കലും വിസ്മരിക്കാൻ പാടില്ല. അതായത് അല്ലാഹു നമുക്ക് തന്റെ അനുഗ്രഹങ്ങളുടെ ദൃശ്യങ്ങൾ കാണിച്ചു തരുന്നുണ്ട്. ഖിലാഫത്തിന്റെ അനുഗ്രഹം അവൻ നമുക്ക് തന്നരുളിയിട്ടുണ്ട്. അതിന്റെ ബാധ്യതകൾ നിറവേറ്റുന്നവരായി നമ്മൾ തീരേണ്ടതുണ്ട്. അപ്പോഴാണ് നമുക്ക് ഖിയാമത്തുന്നാൾവരെ നബി(സ)തിരുമേനിയുടെ പ്രവചനപ്രകാരം ഈ അനുഗ്രത്തിൽനിന്ന് ഫലമെടുക്കാൻ സാധിക്കുക. ഹദ്റത്ത് മസീഹ് മൗഊദ്(അ)നോടു അല്ലാഹു അഭിവൃദ്ധികൾ നല്കുമെന്ന് വാഗ്ദാനം ചെയ്തിട്ടുണ്ട്. അല്ലാഹു ഒരിക്കലും വാഗ്ദാനം ലംഘിക്കുകയില്ല. എന്നാൽ, അതിൽനിന്ന് ഗുണമെടുക്കാൻ നമ്മൾ നമ്മുടെ ബാധ്യതകൾ നിറവേറ്റേണ്ടതായിട്ടുണ്ട്. നമ്മൾ അല്ലാഹുവിനോടു കൃതജ്ഞതയുള്ള ദാസന്മാരായി അവനുമുമ്പിൽ കുനിയേണ്ടതാണ്. ഖിലാഫത്തെന്ന അനുഗ്രഹത്തിനുള്ള ഉപകാര സ്മരണ നമുക്ക് ഓരോ വാക്കിലും പ്രവൃത്തിയിലും പ്രകടമാക്കേണ്ടതുണ്ട്. ഖിലാഫത്തുമായി പൂർണമായുമുള്ള അനുസരണ ബന്ധം നിലനിറുത്തുമെന്ന പ്രതിജ്ഞ അന്ത്യശ്വാസംവരെ നിലനിറുത്താൻ എല്ലാവിധ ത്യാഗങ്ങൾക്കും നമ്മൾ തയ്യാറായിരിക്കണം. എങ്കിൽമാത്രമെ നമ്മുടെ സന്താന പരമ്പരയെ ഖിയാമത്തുന്നാൾവരെ ഖിലാഫത്തിനോടു അനുസരണം പുലർത്തുന്നവരാക്കുമെന്നുള്ള പ്രതിജ്ഞ നമുക്ക് നിറവേറ്റാനാകുകയുള്ളു. ഹദ്റത്ത് മസീഹ് മൗഊദ്(അ) ഈമാനിൽ അടിയുറച്ചുനിന്നുകൊണ്ട് എല്ലാ ത്യാഗങ്ങൾക്കും സന്നദ്ധരായി നിലകൊള്ളുന്നവർ അല്ലാഹുവിന്റെ അനുഗ്രഹങ്ങൾക്ക് അവകാശികാളാകുമെന്ന് ഉറപ്പു തന്നിട്ടുണ്ട്.

ഒരിക്കൽ ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞു: അല്ലാഹു നിങ്ങളെ നഷ്ടപ്പെടുത്തിക്കളയുമെന്ന് നിങ്ങൾ കരുതരുത്. നിങ്ങൾ അല്ലാഹുവിന്റെ കൈയാൽ ഭൂമിയിൽ നടപ്പെട്ട ഒരു ബീജമാകുന്നു. ഈ ബീജം മുളയ്ക്കുകയും വളരുകയും നാനാഭാഗങ്ങളിലും ശാഖോപശാഖകളായി പടരുകയും ഒരു വൻവൃക്ഷമായിത്തീരുകയും ചെയ്യുമെന്ന് അല്ലാഹു പറയുന്നു. അതുകൊണ്ട് അല്ലാഹുവിന്റെ വിധിയിൽ വിശ്വാസം പുലർത്തുകയും ഇടയ്ക്കുവെച്ചുണ്ടാകുന്ന പരീക്ഷണങ്ങളിൽ ഭയപ്പെടാതിരിക്കുകയും ചെയ്യുന്നവർ അനുഗൃഹീതർ! എന്തുകൊണ്ടെന്നാൽ തങ്ങളുടെ ബയ്അത്തിൽ-അനുസരണപ്രതിജ്ഞയിൽ ആരൊക്കെയാണ് സത്യവാന്മാരെന്നും ആരൊക്കെയാണ് കപടന്മാരെന്നും വേർതിരിക്കപ്പെടുന്നതിന് പരീക്ഷണങ്ങൾ വരേണ്ടതും ആവശ്യമാകുന്നു. ഏതെങ്കിലും പരീക്ഷണങ്ങളിൽ ഇടറിപ്പോകുന്നവർ അല്ലാഹുവിന് ഒരു നഷ്ടവും വരുത്തുന്നില്ല. നിർഭാഗ്യത അവനെ നരകത്തിൽ കൊണ്ടെത്തിക്കുകയും ചെയ്യുന്നു. അവൻ ജനിച്ചില്ലായിരുന്നെങ്കിൽ അവന് എത്ര നന്നായിരുന്നു. എന്നാൽ, അന്ത്യംവരെ സഹനം കൈക്കൊള്ളുന്നവരെല്ലാം, ആപത്തുകളുടെ ഭൂകമ്പങ്ങളെത്തന്നെ അഭിമുഖീരിക്കേണ്ടിവന്നാലും വിപത്തുകളുടെ കൊടുങ്കാറ്റുകൾ ആഞ്ഞടിച്ചാലും ജനങ്ങളിൽനിന്ന് അങ്ങേയറ്റത്തെ പരിഹാസ ശരങ്ങളും അവഹേളനങ്ങളും ഏൽക്കേണ്ടിവന്നാലും ലോകർ തങ്ങളോടു കഠിനമായ വെറുപ്പോടെ പെരുമാറിയാലും അവസാനം വിജയശ്രീലാളിതരായിത്തീരും. അനുഗ്രഹങ്ങളുടെ വാതിലുകളെല്ലാം അവർക്ക് തുറക്കപ്പെടും. അല്ലാഹു എന്നെ സംബോധന ചെയ്തുകൊണ്ട് പറഞ്ഞു: ജമാഅത്തിനെ അറിയിക്കുക. വിശ്വസിച്ചവർ എന്നുവച്ചാൽ ലൗകികതയുടെ ചേറുപുരണ്ടിട്ടില്ലാത്ത സത്യവിശ്വാസം, അനുസരണത്തിന്റെ ഒരു മേഖലയും ഒഴിഞ്ഞുപോയിട്ടില്ലാത്ത സത്യവിശ്വാസം സ്വീകരിച്ചിട്ടുള്ളവർ ആരോ അവർ അല്ലാഹുവിന്റെ ഇഷ്ടജനമാകുന്നു. അല്ലാഹു പറയുന്നു: അവർ തന്നെയാണ് സത്യത്തിന്റെ പാതയിൽ പദമൂന്നിയവർ. *(അൽവസിയ്യത്ത്, റൂഹാനീ ഖസാഇൻ വാല്യം 20 പേജ് 309)*

അതുകൊണ്ട് ഇൻശാ അല്ലാഹ് ഈ പുരോഗതികളുണ്ടാകുകതന്നെ ചെയ്യും. അല്ലാഹു നമ്മെ എപ്പോഴും സ്ഥിരപാദരായി നിറുത്തുമാറാകട്ടെ. ഈ ജമാഅത്തിന്റെ സമ്പൂർണമായ അഭിവൃദ്ധികളുടെ ദൃശ്യങ്ങൾ സ്വന്തം കണ്ണുകൾകൊണ്ടു കാണാൻ അല്ലാഹു തൗഫീഖ് നല്കുമാറാകട്ടെ. അല്ലാഹു നമ്മെ നമ്മുടെ പ്രതിജ്ഞകൾ പൂർത്തിയാക്കുന്നവരാക്കി തീർക്കുമാറാകട്ടെ. അല്ലാഹുവിന്റെ വാഗ്ദാനങ്ങൾ സാക്ഷാത്കരിക്കപ്പെടുന്നതിന്റെ കാഴ്ച നമുക്കും നമ്മുടെ ജീവിതത്തിൽ കാണാൻ സാധിക്കുമാറാകട്ടെ. നമ്മുടെ ആരാധനകളും നമ്മുടെ നമസ്കാരങ്ങളും നമ്മുടെ കർമങ്ങളും ദൈവപ്രീതി കരസ്ഥമാക്കുന്ന നിലയിലാകുമാറാകട്ടെ. ഖിലാഫത്തിന്റെ യഥാർഥ പൊരുൾ ഗ്രഹിക്കുന്നവരായിത്തീരട്ടെ. നമ്മുടെ സന്താനപരമ്പരയോടും ഇക്കാര്യം പറയുന്നവരാകട്ടെ. അങ്ങനെ ഖിയാമത്തുന്നാൾവരെ നമ്മുടെ പരമ്പര ഈ അനുഗ്രത്തിൽനിന്ന് ഫലമെടുക്കുന്നവരാകട്ടെ.

ഇന്ന് വീണ്ടും ഞാൻ ദുആക്കായി പറയാൻ ആഗ്രഹിക്കുകയാണ്. പാക്കിസ്താനിലെ അഹ്മദികളേയും നിങ്ങൾ ദുആയിൽ ഓർക്കുക. ലോകത്തെവിടെ ഉള്ളവരായാലും പീഢിതരായ അഹ്മദികളെ ദുആയിൽ ഓർക്കുക. അതുപോലെ മർദിതരായ മുസ്‌ലിമീങ്ങൾക്കുവേണ്ടിയും അവർ എവിടെയുള്ളവരായാലും അവർക്കുവേണ്ടിയും ദുആ ചെയ്യുക. അല്ലാഹു എല്ലാവരുടേയും പ്രയാസങ്ങൾ ദൂരീകരിക്കുമാറാകട്ടെ. അ

(ശേഷം പേജ് 12 ൽ)

## കലാമുൽ ഇമാം

**“ഭൗതികമായ സമ്പത്തും ഭരണവും അസൂയാർഹമായ സ്ഥാനമല്ല. അസൂയാർഹമായ സ്ഥാനം ദുആ ആകുന്നു.”**

*(മൽഫൂദാത്ത് വാല്യം 1, പേജ് 220)*

## കലാമുൽ ഇമാം

**“ഏറ്റവും പ്രിയങ്കരവും ഏറ്റവും സ്നേഹമുള്ളതുമായ വസ്തുക്കൾ ചെലവഴിക്കാത്തിടത്തോളം പ്രിയപ്പെട്ടതും മാന്യമായിട്ടുള്ളതുമായ പദവി ലഭിക്കുകയില്ല.”**

*(മൽഫൂദാത്ത് വാല്യം 1, പേജ് 64)*

**ത്വാലിബെ ദുആ:**
**Rahman Shakeer & Family**
**Ahmadiyya Jama-ath Karulai, Kerala**

**ത്വാലിബെ ദുആ:**
**P.Abdul Ameer**
**Sadr, Ahmadiyya Jama-ath Pathapiriyam, Kerala**

# ഹദ്റത്ത് അമീറുൽ മുഅ്മിനീന്റെ യൂറോപ്പ് പര്യടനം, (സെപ്റ്റംബർ, ഒക്ടോബർ 2019)

വിവർത്തനം: അമീൻ മുഹമ്മദ്, മാത്ര

## 2019 സെപ്റ്റംബർ 30 (തിങ്കളാഴ്ച) (തുടർച്ച)

ഹുദൂർ അയ്യദഹുല്ലാഹ് 6.30-ന് മസ്ജിദ് ബയ്ത്തുന്നൂറിൽ സ്വുബ്ഹി നമസ്കരിപ്പിച്ചു.തുടർന്ന് ഹുദൂർ താമസസ്ഥലത്തേക്ക് മടങ്ങി. രാവിലെ ഹുദൂർ ഓഫീസ് സംബന്ധമായ കത്തുകൾ പരിശോധിക്കുകയും ആവശ്യമായ മാർഗനിർദേശങ്ങൾ നല്കുകയും ചെയ്തു. വിവിധ ഓഫീസ് സംബന്ധമായ പ്രവർത്തനങ്ങളിൽ വ്യാപൃതനായി.

**ഹുദൂറിനോടൊപ്പം**

**ഹോളണ്ട് ജമാഅത്ത് നാഷണൽ മജ്‌ലിസെ ആമില**

11.10 ന് ഹുദൂർ ബയ്ത്തുന്നൂറിൽ നടന്ന ഹോളണ്ട് ജമാഅത്ത് നാഷണൽ മജ്‌ലിസെ ആമിലയിൽ സംബന്ധിച്ചു. ഹുദൂറിന്റെ നേതൃത്വത്തിൽ ദുആചെയ്തു.

⊙ ജനറൽ സെക്രട്ടറി സാഹിബിനോട് ജമാഅത്തുകളെ സംബന്ധിച്ചും തജ്നീദിനെ സംബന്ധിച്ചും അന്വേഷിച്ചു.

നാഷണൽ ജനറൽ സെക്രട്ടറി ഹോളണ്ട്: ആകെ ജമാഅത്തുകൾ 17 ഉം രജിസ്റ്റേർഡ് തജ്നീദ് 1612 ഉം ആണ്. നൂറോളം വ്യക്തികൾ ഇപ്പോൾ ജമാഅത്തിൽ അംഗമാകുന്ന ഘട്ടത്തിലാണുള്ളത്.

⊙ ഹുദൂർ ചോദിച്ചപ്പോൾ അഡീഷണൽ ജനറൽ സെക്രട്ടറി പറഞ്ഞു: ഞങ്ങളുടെ രണ്ട് മൂന്ന് ജമാഅത്തുകൾ സക്രിയമല്ല. ബാക്കി എല്ലാ ജമാഅത്തുകളും പ്രവർത്തനക്ഷമമാണ്. അവരുടെ ഭാഗത്തു നിന്നു കൃത്യമായി റിപ്പോർട്ടുകൾ ലഭിക്കുന്നുണ്ട്. അഡീഷണൽ ജനറൽ സെക്രട്ടറി സാഹിബ് റിപ്പോർ ട്ടുമായി ബന്ധപ്പെട്ട് സ്വദ്ർമാരുമായി ബന്ധപ്പെടുകയും ഓർമിച്ചു കൊണ്ടിരിക്കുകയും ചെയ്യുന്നു. റിപ്പോർട്ട് അയക്കാത്ത ജമാഅത്തുകളുടെ സ്വദ്ർമാരെ ഓർപ്പെടുത്തുകയും ചെയ്യുന്നു.

⊙ നാഷണൽ തബ്‌ലീഗ് സെക്രട്ടറിയോട് പ്രചാരണ സംബന്ധമായ പദ്ധതികളെ കുറിച്ചും പ്രോഗ്രാമുകലെ കുറിച്ചും ഹുദൂർ അന്വേഷിച്ചു.

സെക്രട്ടറി തബ്‌ലീഗ്: ഞങ്ങൾ പുതിയ പ്രബോധന പദ്ധതി ഉണ്ടാക്കിയിട്ടുണ്ട്. ഇപ്പോൾ ഹുദൂർ നല്കുന്ന നിർദേശങ്ങൾ ഞങ്ങൾ അതിലുൾപ്പെടുത്തുന്നതാണ്.

ബയ്അത്തുകളെ കുറിച്ചുള്ള റിപ്പോർട്ട് സംബന്ധമായും ഹുദൂർ ചോദിച്ചു.

ജനറൽ സെക്രട്ടറി: ഈ വർഷം ഞങ്ങളുടെ ബയ്അത്ത് ടാർഗറ്റ് 7 ആണ്. കഴിഞ്ഞ വർഷത്തെ ബയ്അത്തിന്റെ ടാർഗറ്റ് മുന്നിൽ വെച്ചിട്ടുണ്ട്.

ഹുദൂർ അൻവർ: തദ്ദേശവാസികളാരെങ്കിലും ബയ്അത്ത് ചെയ്തിട്ടുണ്ടോ? സെക്രട്ടറി തബ്‌ലീഗ്:തദ്ദേശവാസികളും ബയ്അത്ത് ചെയ്തിട്ടുണ്ട്. രണ്ട് യുവാക്കളാണ് അവർ. ജൽസാ സാലാനയിൽ അവർ വന്നിട്ടുണ്ട്. ജൽസാ ഡ്യൂട്ടികളിൽ ഏർപെട്ടിരിക്കുകയാണ്.

⊙ നാഷണൽ സെക്രട്ടറി ളിയാഫത്തിനോട് ഹുദൂർ ചോദിച്ചു: ജൽസാ വേളയിൽ അതിഥികൾക്ക് ഭക്ഷണത്തിന്റെ സംവിധാനം ഒരുക്കൽ ആരുടെ ഉത്തരവാദിത്വത്തിലായിരുന്നു?

സെക്രട്ടറി ളിയാഫത്ത്: എന്റെ ഉത്തരവാദിത്വത്തിലായിരുന്നു.

ഹുദൂർ അൻവർ: നിങ്ങൾ പ്രതീക്ഷിച്ചതിലും കൂടുതൽ അതിഥികൾ വന്നിരുന്നുവോ?

അയ്യായിരത്തിലധികം അതിഥികൾ എത്തിയിരുന്നു.

ഹുദൂർ അൻവർ: എല്ലാവർക്കും ഭക്ഷണത്തിന്റെ സൗകര്യം ഒരുക്കിയിരുന്നോ?

സെക്രട്ടറി:ഞങ്ങൾ തയ്യാറാക്കിയിരുന്നു. എല്ലാ അതിഥികൾക്കും ഭക്ഷണം ഒരുക്കപ്പെട്ടിരുന്നു. ഉരുളൻകിഴങ്ങും ഇറച്ചിയും ദാലും റൊട്ടിയും ചോറും തയ്യാറാക്കിയിരുന്നു.

⊙ നാഷണൽ സെക്രട്ടറി തഅ്‌ലീമുൽ ഖുർആൻ വഖ്ഫെ ആർസി: വഖ്ഫെ ആർസി വിഭാഗത്തിൽ സവിശേഷമായ പണികളൊന്നും നടന്നിട്ടില്ല. വളരെ കുറവുകളുണ്ട്.

ഹുദൂർ അൻവർ: ആദ്യം സ്വന്തം ആമിലാ അംഗങ്ങളോട് വഖ്ഫെ ആർസിക്കുവേണ്ടി സമയം നൽകാൻ പറയുക. തുടർന്ന് ഖുദ്ദാം, അൻസ്വാർ, ലജ്നാ മജ്‌ലിസുകളുടെ ആമിലയോട് പറയുക. പിന്നെ നിങ്ങളുടെ പ്രാദേശിക ജമാഅത്തുകളുടെ ആമിലകളുണ്ട്. അവിടുത്തെ ശാഖാ സംഘടനകളുണ്ട്. വിവിധ നിലയിലുള്ള ഈ ആമിലാ അംഗങ്ങളെ ഊർജസ്വലരാക്കുകയാണെങ്കിൽ എല്ലാവരും ശരിയായി വരും. വഖ്ഫെ ആർസിക്ക് തയ്യാറെടുക്കുന്നവരെ സ്പെയിനിലേക്കൊന്നും അയക്കണമെന്നത് അനിവാര്യമല്ല. ഹോളണ്ടിൽത്തന്നെ വഖ്ഫെ ആർസി ചെയ്യാവുന്നതാണ്. കുട്ടികൾക്ക് വിശുദ്ധ ഖുർആൻ പഠിപ്പിക്കുക, ദീനീപരമായ അറിവ് വർധിപ്പിക്കുന്നതിനുള്ള ക്ലാസുകളെടുക്കുക. സ്വന്തം ആമിലയിൽനിന്ന് റിപ്പോർട്ട് വാങ്ങി എനിക്കും റിപ്പോർട്ട് അയക്കുക. ആമിലയിൽനിന്ന് എത്ര അംഗങ്ങൾ15 ദിന വഖ്ഫെ ആർസിക്ക് സന്നദ്ധരായെന്ന് അറിയിക്കുക. നിങ്ങൾ ആമിലയിൽനിന്നെല്ലാം 75 ശതമാനം ടാർഗറ്റ് കരസ്ഥമാക്കിയാൽ അതിന്റെ അർഥം നിങ്ങൾ 75 ശതമാനത്തെ പങ്കാളിയാക്കി എന്നാണ്. ഇപ്രകാരം പ്രവർത്തനം ആരംഭിക്കുക.

⊙ ഹുദൂർ വിശദീകരണം ചോദിച്ചതിന്നനുസരിച്ച് നാഷണൽസെക്രട്ടറി തഹ്‌രീക്കെ ജദീദ് പറയുന്നു: ഞങ്ങളുടെ ചന്ദകളിൽ പുരോഗതി കൈവരുന്നുണ്ട്. ജമാഅത്തുകളിൽ ഇതു വിഷയകമായി പര്യടനം നടത്തുന്നു.

ഹുദൂർ അൻവർ: മാൽ സെക്രട്ടറിയോടൊപ്പം ഇരുന്ന് ചന്ദകളുടെ നിലവാരവും ചന്ദ നല്കുന്നവരുടെ അവസ്ഥയും വിലയിരുത്താവുന്നതാണ്. തുടർന്ന് ടാർഗറ്റ് നല്കുകയും ചെയ്യാം. കൂടുതൽ സമ്മർദ്ദം കൊടുക്കേണ്ടതില്ല. തികച്ചും അയഞ്ഞു പോകുന്ന നിലയിൽ ആക്കേണ്ടതുമില്ല.

⊙ അത്ഫ്വാൽ ചന്ദ വിഷയകമായി നാഷണൽ സെക്രട്ടറി വഖ്ഫെ ജദീദിനോട് ഹുദൂർ അൻവർ: അത്ഫ്വാലുകളുടെ ചന്ദ പിരിക്കുന്ന ഉത്തരവാദിത്വം അത്ഫ്വാലുകളെ ഏൽപ്പിക്കുക. അത്ഫ്വാലിന്റെ തജ്നീദ് ഇത്രയാണെന്ന് ഖുദ്ദാമിന് ടാർഗറ്റ് നല്കുക. ഒരു ബർഗറിന് എത്ര രൂപയാണ്. ചുരുങ്ങിയത് അത്രയെങ്കിലും ടാർഗറ്റ് നല്കുക.

സെക്രട്ടറി വഖ്ഫെ ജദീദ്: ഏഴു മുതൽ 12 വയസ്സുവരെയുള്ള ത്വിഫ്‌ലുകളുടെ പ്രായപരിധിയിൽ ചന്ദ വഖ്ഫെ ജദീദ് വാങ്ങണമെന്നൊരു വിചാരം ഇവിടെയുണ്ട്.

**ഹുദൂർ അൻവർ**:ഇത് ശരിയല്ല. 7 മുതൽ 15 വയസ്സുവരെയാണ് അത്ഫ്വാൽ വിഭാഗത്തിന്റെ സംവിധാനം.12 വയസ്സുവരെയല്ല.15 വയസ്സുവരെയാണ് അത്ഫ്വാലിന്റെ പ്രായം.

⊙ നാഷണൽ സെക്രട്ടറി തർബിയ്യത്തിനോട് **ഹുദൂർ അൻവർ**: ഇപ്പോൾ നിങ്ങൾക്ക് 4 മസ്ജിദുണ്ട്. ഫജ്ർ, മഗ്‌രിബ്, ഇശാഅ് നമസ്കാരങ്ങളിൽ എത്ര പേർ പങ്കെടുക്കുന്നു?

**സെക്രട്ടറി തർബിയ്യത്ത്**: ഈ മസ്ജിദുകൾ കൂടാതെ ഇവിടെ 30 നമസ്കാര കേന്ദ്രങ്ങളുണ്ട്. ഇത് വീടുകളിലാണുള്ളത്. 70 ശതമാനം പേർ അഞ്ചുനേര നമസ്കാരങ്ങൾ നിർവഹിക്കുന്നു. ജമാഅത്തായുള്ള നമസ്കാരത്തിൽ 66 ശതമാനം പേർ പങ്കെടുക്കുന്നു. 50 ശതമാനം പേർ സെന്ററുകളിൽപോയി നമസ്കരിക്കുന്നു.

**ഹുദൂർ അൻവർ**: പാക്കിസ്താനിൽനിന്നു വന്ന മുറബ്ബി സിൽസില അദീൽബസിം സാഹിബ് എവിടെയാണ് താമസിക്കുന്നത്.?

**സെക്രട്ടറി തർബിയ്യത്ത്**: അദ്ദേഹം അരൺഹേം(Arnhem) എന്ന സ്ഥലത്താണുള്ളത്. അവിടെ 2 സെന്ററുകൾ ജമാഅത്ത് ഉണ്ടാക്കിയിട്ടുണ്ട്.അദ്ദേഹം ഈ രണ്ടു സെന്ററുകളിലും മാറിമാറി പോകുന്നു. അവിടെ നമസ്കരിപ്പിക്കുന്നു.

⊙ തദ്ദേശതലത്തിൽ ജുമുഅ ഖുത്വ്ബ വിഷയകമായി മുബല്ലിഗ് ഇൻചാർജിനോട് **ഹുദൂർ അൻവർ**: ജുമുഅ ഖുത്വ്ബ തുടങ്ങുന്നതും അവസാനിക്കുന്നതും എത്ര മണിക്കാണ്?

**മുബല്ലിഗ് ഇൻചാർജ്**: ഏകദേശം 1.30-ന് തുടങ്ങി പത്തോ പതിനഞ്ചോ മിനിറ്റ് ഖുത്വ്ബക്കുശേഷം 2 മണിക്ക് മുമ്പേ ജുമുഅ നമസ്കാരവും നിർവഹിക്കുന്നു. തുടർന്ന് ഹുദൂറിന്റെ ലൈവ് ഖുത്വ്ബ കേൾക്കുന്നു.

**ഹുദൂർ അൻവർ**: കഴിഞ്ഞ ഖുത്വ്ബയുടെ ചുരുക്കം നിങ്ങൾ സ്വന്തം ഖുത്വ്ബയിൽ നല്കുമ്പോൾ ആവശ്യാനുസരണം പ്രാദേശിക പ്രശ്നങ്ങളും വിശദീകരിക്കുക. വിശിഷ്യ നമസ്കാരങ്ങളിലേക്ക് ശ്രദ്ധ ക്ഷണിക്കുക.

ഇസ്‌ലാഹി കമ്മിറ്റിയിടെ സ്ഥാപനോദ്ദേശ്യം എന്താണെന്ന് നിങ്ങൾക്കറിയുമോ? പ്രാദേശിക ജമാഅത്തുകളിലും ഇത് സ്ഥാപിച്ചിട്ടുണ്ടോ? ഇല്ലാത്ത സ്ഥലങ്ങളിലും സ്ഥാപിക്കുക. ഇതിന്റെ ഉദ്ദേശ്യം പ്രശ്നങ്ങളുണ്ടാകുന്നതിന്നു മുമ്പേതന്നെ കാര്യങ്ങളിൽ ഒരു ദൃഷ്ടി വെക്കുക എന്നതാണ്. തുടക്കത്തിൽ തന്നെ സംസ്കരണ പരിപാടി ചെയ്യുക.

**നാഷണൽ സെക്രട്ടറി തർബിയ്യത്ത്, ചെയർമാൻ ഇസ്‌ലാഹി കമ്മിറ്റി**: നാഷണൽ കമ്മിറ്റിയെ കൂടാതെ ചില വലിയ ജമാഅത്തുകളിലും ഈ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ചില പ്രശ്നങ്ങൾ ഇസ്‌ലാഹി കമ്മിറ്റിയുടെ മുമ്പിൽ വരുന്നു. വലുതാകുന്ന ചില പ്രശ്നങ്ങൾ ഖളായിലേക്ക് അയക്കുന്നു.

**ഉമൂറെ ആമ**: ഹുദൂറിന്റെ ജർമൻ ജൽസാ സാലാന പ്രഭാഷണം ശ്രവിച്ചതിന്നുശേഷം ഒരു കുടുംബം പ്രശ്നങ്ങളൊഴിവാക്കി വീണ്ടും യോജിച്ചിരിക്കുന്നു. ഇവർ വേർപിരിയുന്നതിനോട് തികച്ചും അടുത്തിരുന്നു. എന്നിട്ടാണ് ഇവർ യോജിച്ചിരിക്കുന്നത്. ഇവർ പരസ്പരം അനുരഞ്ജനത്തിലെത്തുകയും എല്ലാ ഡിമാന്റുകളും അവസാനിപ്പിക്കുകയും ചെയ്തു.

⊙ നാഷണൽ സെക്രട്ടറി ഉമൂറെ ഖാരിജയോട് **ഹുദൂർ അൻവർ**: അൽമെരെ മസ്ജിദ് ഉൽഘാടനത്തിനോടനുബന്ധിച്ച് നടക്കുന്ന പരിപാടിയിൽ എത്ര അതിഥികൾ പങ്കെടുക്കും?

**സെക്രട്ടറി സാഹിബ്**: പാർലമെന്റ് സെഷൻ ഈ നാളുകളിൽനടന്നു വരുന്നു. ഭരണകൂടത്തിന്റെ വിവിധ സ്ഥാപനങ്ങളിൽനിന്നും മന്ത്രാലയങ്ങളിൽനിന്നും അതിഥികൾ വരും.

**ഹുദൂർ അൻവർ**: ഇത്തരം പ്രോഗ്രാമുകൾക്ക് നിശ്ചയിക്കപ്പെടുന്ന ദിവസങ്ങൾ വിലയിരുത്തിയതിന്നു ശേഷമാണ് വെക്കേണ്ടത്.

നിങ്ങളുടെ ചില അഭയാർഥി കേസുകൾ അനിശ്ചതമായി തുടരുകയാണ്. ഇത് പെട്ടെന്ന് പൂർത്തിയാക്കുക.

**സെക്രട്ടറി സാഹിബ്**: സർക്കാർ ചില മന്ത്രാലയങ്ങളിലെ സ്റ്റാഫുകളിൽ കുറവ് വരുത്തിയിരിക്കുന്നു. ഇതു കാരണത്താലാണ് താമസം നേരിടുന്നത്. ഇൻശാഅല്ലാഹ് ഈ വർഷം ഈ കേസുകളിൽ പരിഹാരമുണ്ടാകും.

⊙ നാഷണൽസെക്രട്ടറി സ്വൻഅത്ത് വ തിജാറത്തിനോട് **ഹുദൂർ അൻവർ**: ഇവിടെ അഭയാർഥികൾ വന്നിട്ടുണ്ട്. ചിലർ എമിഗ്രേഷനിലൂടെയാണ് വന്നിരിക്കുന്നത്. അവരുമായി ബന്ധപ്പെട്ട് തുടർ പ്രവൃത്തി കൾ ചെയ്യുക. പരസ്പരമുള്ള സഹായവും ആകും.

⊙ നാഷണൽസെക്രട്ടറി വഖ്ഫെ നൗ ഹുദൂർ ആവശ്യപ്പെട്ടതനുസരിച്ച് ഇപ്രകാരം റിപ്പോർട്ട് സമർപ്പിച്ചു: ഇപ്പോൾ വഖ്ഫെ നൗ വിഭാഗത്തിന് കീഴിൽ 123 ആൺകുട്ടികളും 92 പെൺകുട്ടികളുമുണ്ട്. ഇപ്പോൾ യൂണിവേഴ്സിറ്റിയിൽ 13 ആൺകുട്ടികളും പെൺകുട്ടികളുമുണ്ട്.ഇവരിൽ 8 പെൺകുട്ടികളും 5 ആൺകുട്ടികളുമാണ്.

**ഹുദൂർ അൻവർ**: പെൺകുട്ടികൾ യൂണിവേഴ്സിറ്റിയിൽ കൂടുതലാണ്. ആൺകുട്ടികളും കൂടുതൽ മുന്നോട്ടു വരിക. ഡോക്ടർമാർ, അധ്യാപകർ, എഞ്ചിനീയർമാർ മറ്റും ആകാത്തവർ ജാമിആയിൽ പോകാത്തവർ പബ്ലിക് സർവീസിലേക്ക് പോകാനാണ് ഞാൻ നല്കുന്ന നിർദ്ദേശം. ഇതു സംബന്ധമായി പരിശ്രമം നടത്തുക.

⊙ നാഷണൽ സെക്രട്ടറി ജാഇദാദിനോട് ഹുദൂർ അൻവർ പ്രവർത്തനങ്ങളെ കുറിച്ച് അന്വേഷിച്ചു.

സെക്രട്ടറി ജാഇദാദ്: നൺസ്പീറ്റിൽ ഹനീഫ് സാഹിബിനോടൊപ്പം ചേർന്ന് നിർമാണ പ്രവർത്തനം നടത്തി. ജാഇദാദ് സെക്രട്ടറി വിദ്യാഭ്യാസപരമായി എഞ്ചിനീയറിംഗിൽ ഡിഗ്രിയുമെടുത്തിട്ടുണ്ട്.

⊙ നാഷണൽ സെക്രട്ടറി രശ്തനാത്വ: 12 വിവാഹ ബന്ധ

ങ്ങൾ നടന്നു. എട്ടുപത്തെണ്ണം പ്രവർത്തനത്തിലാണുള്ളത്. ആൺപെൺ കുട്ടികളുടെ എണ്ണം ഏകദേശം സമമാണ്.

**ഹുദൂർ അൻവർ**: എണ്ണം സമമാണെങ്കിൽ പെട്ടെന്ന് മാച്ചിംഗ് ചെയ്യുക.

**ഇന്റേർണൽ ഓഡിറ്റർ**: ഇപ്പോൾ ഇതിന്റെ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.

⊙ റീജ്യണൽ അമീർമാരും ഈ മീറ്റിംഗിൽ പങ്കെടുത്തിരുന്നു. ഒരു റീജ്യണൽ അമീർ ബ്രമ്മിൻ ബർഗിനോട് **ഹുദൂർ അൻവർ**: അമീർ സാഹിബ് നിങ്ങൾക്ക് സവിശേഷമായ എന്തെങ്കിലും ഡ്യൂട്ടി തന്നിട്ടുണ്ടോ? അതോ നിങ്ങൾ പൊതുവായ രൂപത്തിൽ സ്വന്തം ജമാഅത്തുകളെ നോക്കുകയാണോ?

**റീജ്യണൽ അമീർ**: ഈ സമയത്ത് ഒരു മസ്ജിദ് നിർമിക്കാനുള്ള പരിപാടിയുണ്ട്. സൗത്ത് പ്രദേശത്ത് ഒരു മസ്ജിദ് നിർമിക്കാനാഗ്രഹിക്കുന്നു.

**ഹുദൂർ അൻവർ**: മസ്ജിദ് നിർമിക്കുക. അത് തടയുന്നത് ആരാണ്?

**റീജണൽ അമീർ**: ഈ റീജണിൽ മുറബ്ബിയില്ല. താമസ സൗകര്യത്തിന്റേയും പ്രശ്നമുണ്ട്.

**ഹുദൂർ അൻവർ**: ജമാഅത്ത് ദരിദ്രമല്ല. മസ്ജിദ് നിർമിക്കുക. വീട് വാങ്ങുക. നമസ്കാര സെന്റർ ഉണ്ടാക്കുക. മുറബ്ബിക്ക് താമസ സൗകര്യം നല്കുക.സ്വന്തം അംഗങ്ങൾക്ക് പ്രോത്സാഹനം നല്കുക. അവരുടെ ശ്രദ്ധ ക്ഷണിക്കുക

⊙ **നാഷണൽ സെക്രട്ടറി വസ്യായാ**: ആകെ 406 മൂസ്വികളുണ്ട്. അധികപേരും കുടുംബിനികളും വിദ്യാർഥികളു **മാണ്.**

**ഹുദൂർ അൻവർ**: വരുമാനമുള്ള മൂസ്വികൾ എത്ര പേരുണ്ടെന്നുള്ളതാണ് പ്രധാനം. ഇവരിൽ കൂടുതൽ പേർ ഇതിൽ വേണ്ടതാണ്.

**സെക്രട്ടറി മാൽ**: 167 പേരാണ് വരുമാനമുള്ളവർ. 92 അൻസ്വാറും 58 ഖുദ്ദാമും 17 ലജ്നകളുമുണ്ട്.

**നാഷണൽ സെക്രട്ടറി വസ്യായാ**: വരുമാനമുള്ളവരിൽ നിന്ന് 41 ശതമാനം പേർ മൂസ്വികളാണ്.

**ഹുദൂർ അൻവർ**: 167 വരുമാനമുള്ളവരിൽ 84, 85 പേർ മൂസ്വികളുണ്ടാകേണ്ടതാണ്.

തുടർന്ന് ഇവിടുത്തെ മാസവരുമാനവും മണിക്കൂറിൽ ലഭിക്കുന്ന കൂലിയും സംബന്ധിച്ച് വിശദമായ വിലയിരുത്തൽ ഹുദൂർ നടത്തി.

**സെക്രട്ടറി സാഹിബ്**: മണിക്കൂറിൽ ലഭിക്കുന്ന കൂലിയും പ്രായഗണനക്കനുസരിച്ച് വ്യത്യസ്തമാണ്. 19, 20 വയസ്സുള്ള യുവാക്കൾ ചെയ്യുന്ന ജോലി വേറേ തരത്തിലുള്ളതാണ്. അവർക്ക് കൂലി കുറവാണ്. 30 വയസ്സിനടുത്ത് പ്രായമുള്ളവർക്ക് മണിക്കൂറിൽ ലഭിക്കുന്ന കൂലി കൂടുതലാണ്. ഇക്കാരണത്താൽ ജോലി ചെയ്യുന്നവരുടെ മാസവരുമാനം വ്യത്യസ്തമാണ്.

സെക്രട്ടറി സാഹിബ് മാലിനോട് **ഹുദൂർ അൻവർ**: 167 വരുമാനമുള്ള വ്യക്തികളും ചന്ദ നല്കുന്നുണ്ടോ?

**സെക്രട്ടറി മാൽ**: എല്ലാവരും നല്കുന്നുണ്ട്. ഇവരില് 70 ശതമാനം പേർ തോത് അനുസരിച്ച് നല്കുന്നുണ്ട്. ചന്ദ നല്കുന്ന ആകെ വ്യക്തികളുടെ എണ്ണം 608 ആണ്.

⊙ നാഷണൽ സെക്രട്ടറി ഓഡിയോ വീഡിയോയോട് **ഹുദൂർ അൻവർ**: എന്തെങ്കിലും പ്രോഗ്രാം തയ്യാറാക്കുന്നുണ്ടോ?

**സെക്രട്ടറി സാഹിബ്**: പ്രോഗ്രാം തയ്യാറാക്കുന്നുണ്ട്. അമീർ സാഹിബ് ഈ പ്രവൃത്തി ഏല്പിച്ചിട്ടുണ്ട്. ഞങ്ങൾ പ്രാദേശികമായാണ് പ്രോഗ്രാം തയ്യാറാക്കുന്നത്.

⊙ അഡീഷണൽ സെക്രട്ടറി ഇശാഅത്ത് ഹുദൂർ ചോദിച്ച പ്രകാരം തന്റെ റിപ്പോർട്ട് സമർപ്പിച്ചു. അദ്ദേഹം പറഞ്ഞു: ഞാൻ ഇവിടെ പബ്ലിക്കേഷൻ കമ്മിറ്റി മെമ്പറാണ്. ഇപ്പോൾ 'തുഹ്ഫാ ഖയ്സരിയ്യ' ഗ്രന്ഥത്തിന്റെ പണി നടന്നു വരുന്നു.

⊙ **മുഹാസിബ്**: എല്ലാ ചെലവുകളുടേയും കണക്കുകൾ പരിശോധിക്കുന്നുണ്ട്. സെക്രട്ടറി മാലിനോടൊപ്പം ചേർന്നാണ് പരിശോധന നടത്തുന്നത്. തുടർന്ന് ഞങ്ങൾ രണ്ടു പേരും പരസ്പരം ക്രോസ് ചെക്കിംഗ് ചെയ്യുന്നു. വിവിധ വകുപ്പുകളുടെ ബഡ്ജറ്റിനുവേണ്ടി ഞാൻ ശ്രമിച്ചിട്ടുണ്ട്. അതായത് അവരെല്ലാവരും തങ്ങളുടെ ബഡ്ജറ്റിനുള്ളിൽ നിന്ന് നില്ക്കാൻ.

⊙ ഇവിടെ ജനങ്ങൾ സോഷൽ അഥവാ സഹായം വാങ്ങി ജീവിക്കുന്നുവെന്നും പണി എടുക്കുന്നില്ലെന്നും ചിലർ സഹായം വാങ്ങുകയും രഹസ്യമായി പണി എടുക്കുകയും ചെയ്യുന്നുവെന്നുമുള്ള റിപ്പോർട്ട് ഹുദൂറിന്റെ മുമ്പിൽ സമരപ്പിക്കപ്പെട്ടു.

**ഹുസൂർ അൻവർ**: സഹായം വാങ്ങി ജീവിക്കരുതെന്നും സ്വന്തം അധ്വാനിച്ചു ജീവിക്കണമെന്നും ഞാനെന്റെ ഖുത്ബയിൽ പറഞ്ഞതാണ്. ദുർബലരായവർക്ക് സെക്രട്ടറി തർബിയ്യത്തും മുബല്ലിഗീങ്ങളും കാര്യങ്ങൾ മനസ്സിലാക്കി കൊടുക്കേണ്ടത് അനിവാര്യമാണ്.

**ഹുദൂർ പറഞ്ഞു**: സഹായം വാങ്ങാൻ അർഹരായിട്ടുള്ള ചിലരുണ്ട്. എന്നാൽ, അവർ സ്വയം അത് വേണ്ടെന്നു വെക്കുന്നു. സഹായം വാങ്ങുകയും ജോലിയെടുക്കാതിരിക്കുകയും ടാക്സ് നല്കാതിരിക്കുകയും ചെയ്യുന്നവരെ നന്നാക്കിയെടുക്കുന്നതിന് രണ്ടു പ്രാവശ്യം കാര്യങ്ങൾ മനസ്സിലാക്കി കൊടുക്കണം. ഇവർ മാറ്റം വരുത്തുന്നില്ലെങ്കിൽ നിയമവിഭാഗത്തെ അറിയിക്കുക. ഒരു വിധത്തിലുമുള്ള അനുകമ്പയും കാണിക്കേണ്ടതില്ല. നിയമമനുസരിച്ച് പ്രവർത്തിക്കേണ്ടതാണ്.

⊙ **ഹുദൂർ അൻവർ** സെക്രട്ടറി ഉമൂറെ ആമയോട് പറഞ്ഞു: ഉമൂറെ ആമയും സ്വൻത്ത് വ തിജാറത്തും ചേർന്ന് പ്രവർത്തിക്കേണ്ടതാണ്. പുതുതായി വരുന്നവർക്ക് എങ്ങനെ ജോലി നല്കാം എന്നതിനെ കുറിച്ച് ചിന്തിക്കുക. അവർക്ക് എങ്ങനെ സഹായമെത്തിക്കാമെന്നും ജോലികൾ തരപ്പെടുത്തിക്കൊടുക്കാമെന്നും നോക്കുക. സാമ്പത്തിക സാഹചര്യങ്ങൾ നന്നായി തീരാൻ ജനങ്ങൾക്ക് ജോലി നല്കുന്നതിന് ആവശ്യമായ മാർഗദർശനം നല്കുക എന്നത് ഉമൂറെ ആമയുടെ കർത്തവ്യമാണ്.

⊙ ജമാഅത്തായ നമസ്കാരം നിർവഹിക്കുന്നതുമായി ബന്ധപ്പെട്ട് ഹുദൂർ അൻവർ പറഞ്ഞു: നാഷണൽ ആമിലയിലെ അംഗങ്ങൾ സ്വുബ്ഹിയും ഇശായും മസ്ജിദിലോ സെന്ററുകളിലോ പോയി നിർവഹിക്കുക. വരാത്ത അംഗങ്ങളെ കുറിച്ച് മൂന്ന് മാസത്തിനുശേഷം അവരുടെ ഹാജർനില റിപ്പോർട്ട് ചെയ്യുക. നാഷണൽ ആമിലയുടെ ഹാജർ റിപ്പോർട്ട് സ്വദ്ർ ജമാഅത്ത് അമീർ സാഹിബിന് നല്കുക.

⊙ സെക്രട്ടറി തബ്ലീഗ്:തബ്ലീഗിനു വേണ്ടിയുള്ള ബഡ്ജറ്റ് വളരെ കുറവാണ്. അതു കാരണത്താൽ പ്രോഗ്രാം ഉണ്ടാക്കുക ബുദ്ധിമുട്ടാണ്.

**ഹുദൂർ അൻവർ**: തബ്ലീഗിനുവേണ്ടി യുക്തമായ ബഡ്ജറ്റ് വെക്കേണ്ടതാണ്. ചന്ദ ഇസ്ലാമിന്റെ പ്രചാരണത്തിനു വേണ്ടിയാണ് നല്കപ്പെടുന്നത്.

ഹോളണ്ട് ജമാഅത്തിന്റെ ബഡ്ജറ്റും വിവിധ വകുപ്പുകളുടെ ബഡ്ജറ്റും വിശദമായി ഹുദൂർ വിലയിരുത്തി. തുടർന്ന് ബഡ്ജറ്റിന്റെ 10 ശതമാനം തബ്ലീഗിന് നീക്കിവെക്കാൻ പറഞ്ഞു. സാമ്പത്തിക നില മെച്ചപ്പെട്ട ബ്രാഞ്ചുകൾക്ക് ദൈനംദിന ചെലവുകൾ സ്വയം നിർ വഹിക്കാൻ കഴിയുന്നവയാണ്.

ഹുദൂർ അൻവർ സെക്രട്ടറി തബ്ലീഗിനോടു പറഞ്ഞു: ആദ്യം നിങ്ങൾ പദ്ധതി തയ്യാക്കുക. ഏത് വലിയ പ്രോഗ്രാമാണ് നടത്തേണ്ടതെന്ന് ആലോചിക്കുക. ബിലബോർഡുകളുണ്ട്, ലീഫ്ലെറ്റുകളുണ്ട്, ബ്രോഷറുകളുണ്ട്. ഇതെല്ലാം വിതരണം ചെയ്യാനുള്ള പ്രോഗ്രാമുകളാകാം. നിങ്ങളുടെ അമീറിന് പ്രോഗ്രാം തയ്യാറാക്കി കൊടുക്കുക. തുടർന്ന് അത് പതിവായി മുന്നോട്ട് നീക്കുക.

**ഹുദൂർ അൻവർ**: നിങ്ങൾ ശൂറാ മെയ് മാസത്തിൽ വെക്കുക. എല്ലാ വകുപ്പുകളും തങ്ങളുടെ ബഡ്ജറ്റ് മുൻകൂട്ടി തയ്യാറാക്കി അയക്കുക.

ഹോളണ്ട് നാഷണൽ മജ്ലിസെ ആമിലയുടെ ഈ മീറ്റിംഗ് 12.00 മണിവരെ നീണ്ടു നിന്നു. ഒടുവിൽ എല്ലാ അംഗങ്ങൾക്കും ഹുദൂറുമൊത്ത് ഫോട്ടോ എടുക്കാനും ഭാഗ്യം ലഭിച്ചു.*(ബദ്ർ ഉർദു ആഴ്ചപതിപ്പ് 14 നവംബർ, 2019)*

### നാഷണൽ മജ്ലിസെ ആമില
### അൻസ്വാറുല്ലാഹ് ഹോളണ്ട്

ഹോളണ്ട് നാഷണൽ ആമില മജ്ലിസ് അൻസ്വാറുല്ലായുടെ യോഗം ഹുദൂറിന്റെ നേതൃത്വത്തിൽ ദുആയോടെ ആരംഭിച്ചു.

⊙ ഖാഇദെ ഉമൂമിയോട് ഹുദൂർ ചോദിച്ചു: നിങ്ങൾക്ക് എത്ര മജ്ലിസുണ്ട്? എല്ലാവരും കൃത്യമായി റിപ്പോർട്ട് അയക്കാറുണ്ടോ? ആ റിപ്പോർട്ടുകൾ വിലയിരുത്താറുണ്ടോ?

**ഖാഇദെ ഉമൂമി**: 14 മജ്ലിസുകളാണ് ഞങ്ങൾക്കുള്ളത്. എല്ലാവരും കൃത്യമായി റിപ്പോർട്ടുകൾ അയക്കാറുണ്ട്. അവയെല്ലാം വിലയിരുത്തിയ ശേഷം മറുപടിയും അയക്കാറുണ്ട്. ആംസ്റ്റർഡാം ബയ്ത്തുൽ മഹ്മൂദിലാണ് ഞങ്ങളുടെ ഓഫീസ് പ്രവർത്തിക്കുന്നത്.

⊙ ഖാഇദെ മാലിനോട് **ഹുദൂർ** ചോദിച്ചു: നിങ്ങളുടെ ബഡ്ജറ്റ് എങ്ങനെയാണ് തയ്യാറാക്കുന്നത്?

**ഖായിദെ മാൽ**: മജ്ലിസുകളുടെ സയീമുമാർക്ക് ഫാറം അയച്ചു കൊടുത്ത് ബഡ്ജറ്റ് സമാഹരിക്കുന്നു. തുടർന്ന് അതിന്റെ വെളിച്ചത്തിൽ നമ്മുടെ മൊത്ത ബഡ്ജറ്റ് തയ്യാറാക്കുന്നു. ഇപ്പോൾ ഞങ്ങളുടെ വാർഷിക ബഡ്ജറ്റ് 30000 യൂറോ ആണ്.

**ഹുദൂർ**: ഓരോ നാസ്വിർ സഹോദരനും സ്വന്തം വരുമാനത്തിന്റെ തോതനുസരിച്ച് അൻസ്വാറിന്റെ ചന്ദ നല്കുകയാണെങ്കിൽ ബഡ്ജറ്റ് വർധിക്കുന്നതാണ്.

⊙ ഖാഇദെ തർബിയ്യത്തിനോട് **ഹുദൂർ**: തർബിയ്യത്തിന്റെ പദ്ധതികൾ എന്തൊക്കെയാണ്?എത്ര അൻസ്വർ ജമാഅത്തായി നമസ്കരിക്കുന്നു? നിങ്ങളുടെ നാഷണൽ, പ്രാദേശിക ആമില അംഗങ്ങളെ ജമാഅത്തായിട്ട് നമസ്കരിക്കുന്ന ശീലമുള്ളവരാക്കുക. സ്വുബ്ഹി, ഇശാഅ് നമസ്കാരങ്ങൾ സെന്ററുകളിൽ വന്ന് നമസ്കരിക്കുക. ചുരുങ്ങിയത് ഈ രണ്ട് നമസ്കാരങ്ങളെങ്കിലും ജമാഅത്തായി നമസ്കരിക്കേണ്ടതാണ്. നിങ്ങളുടെ നാഷണൽ - പ്രാദേശിക ആമിലാ അംഗങ്ങൾ അവരവരുടെ സെന്ററുകളിൽ സ്വുബ്ഹിയും ഇശായും നമസ്കരിക്കേണ്ടതാണ്.

⊙ നാഇബ് സ്വദ്ർ സ്വഫെ ദോമിനോട് **ഹുദൂർ**: എത്ര അൻസ്വാർ സൈക്കിൾ ചവിട്ടാറുണ്ട്?

**നാഇബ് സ്വദ്ർ സഫെ ദോം**: ചില അൻസ്വാർ സൈക്കിൾ ചവിട്ടാറുണ്ട്. പല അൻസ്വാറും വളരെ ആക്ടീവാണ്.

⊙ **ഖാഇദ് തജ്നീദ്**: ഇപ്പോൾ അൻസ്വാറിന്റെ ആകെ എണ്ണം 266 ആണ്.

ഹുദൂർ ചോദിച്ചതനുസരിച്ച് **ഖാഇദ് ഈഥാർ**: രോഗികളെ സന്ദർശിക്കാൻ അൻസ്വാർ ആശുപത്രികളിൽ പോകാറുണ്ട്. വൃദ്ധസദനങ്ങളിലും പോകാറുണ്ട്. ധനസമാഹരണം നടത്തി ആഫ്രിക്കയിൽ രണ്ട് കിണറുകൾ കുഴിപ്പിച്ചു.

(ശേഷം പേജ് 12 ൽ)

### അമീറുൽമുഅ്മിനീന്റെ ഉപദേശം

**"ഏതു കാര്യങ്ങൾക്കാണോ ഹദ്റത്ത് മസീഹ് മൗഊദ്(അ) നമ്മളിൽനിന്ന് പ്രതിജ്ഞവാങ്ങിയത് അതനുസരിച്ച് ജീവിക്കാൻ ശ്രമിക്കുക."**

*(അബൂദാവൂദ്, കിതാബുൽമനാസിക്)*

ത്വാലിബെ ദുആ:
K.Muhammad Safwan & Family
Ahmadiyya Jama-ath Kakkanad, Kerala

### കലാമുൽ ഇമാം

**"നബി(സ)തിരുമേനിയോടുള്ള സ്നേഹം വർധിക്കുന്നതിനും നവീകരിക്കുന്നതിനും എല്ലാ നമസ്കാരത്തിലും സ്വലാത്ത് ചൊല്ലുക എന്നത് നിർബന്ധമാണ്. ആ ദുആ സ്വീകാരത്തിന് സ്ഥൈര്യത്തിന്റെ ഒരു മാർഗം കരസ്ഥമാകാൻ!"**

*(മൽഫൂദാത്ത് വാള്യം 3, പേജ് 38)*

ത്വാലിബെ ദുആ:
K.Muhammad Shareef &Family
Ahmadiyya Jama-ath Vaniyambalam, Kerala

**അനുസ്മരണം**

## സഹോദരങ്ങളായ
# ബി. എം. ശൗക്കത്ത് സാഹിബും ബി. എം. ആദം മാലിക് സാഹിബും

2021 മെയ് 6 വ്യാഴാഴ്ച അതിവെളുപ്പിന് 12.52 ന് നമ്മുടെ ആത്മീയ സഹോദരൻ ബി.എം.ശൗക്കത്തലി സാഹിബ് നമ്മെ വിട്ടു പിരിഞ്ഞു. *ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ.* അദ്ദേഹത്തിന്റെ പെട്ടെന്നുള്ള വേർപാട് കുടുംബാംഗങ്ങളേയും ജമാഅത്തംഗങ്ങളേയും ദുഃഖത്തിലാഴ്ത്തി. വർഷങ്ങളോളമുള്ള ബന്ധമായിരുന്നു അദ്ദേഹവുമായിട്ട്. അത് വെറും സാധാരണ ബന്ധമായിരുന്നില്ല. ഞങ്ങളിരുവരുടെയും പ്രവർത്തനമണ്ഡലം ഒന്നായതു കൊണ്ടാകാം ഞങ്ങൾക്ക് രണ്ടു പേർക്കും എപ്പൊഴും എല്ലാ ദിവസവും എന്ന പോലെ എന്തെങ്കിലും സംസാരിക്കാനും ആലോചിക്കാനും തീരുമാനിക്കാനും അതിലൂടെ പരിപാടികൾ തയ്യാറാക്കാനും ഉണ്ടാകുമായിരുന്നു. അതുകൊണ്ടുതന്നെ മിക്ക കാര്യങ്ങളും അദ്ദേഹത്തോട് ആലോചിക്കാതെ അദ്ദേഹത്തിന്റെ കൂടി അഭിപ്രായം അറിയാതെ എനിക്ക് തീരുമാനം എടുക്കാൻ സാധിക്കുമായിരുന്നില്ല. തിരിച്ചും അങ്ങനെ തന്നെ ആയിരുന്നു..

ജന്മനാ അഹ്മദി എന്നു പറയാമെങ്കിലും അദ്ദേഹത്തിന്റെ പിതാവ് ബയ്അത്ത് ചെയ്തു വന്ന ആളായതു കൊണ്ടും, ഉമ്മ പിന്നീട് ബയ്അത്ത് ചെയ്തുവന്ന ആളായതു കൊണ്ടുമാകാം ഒരു 'നൗ മുബാഇൗൻ' എന്ന രീതിയിലായിരുന്നു പലപ്പോഴും പാരമ്പര്യ അഹ്മദി കുടുംബത്തിൽ ജനിച്ച എന്നെ പോലുള്ള കുട്ടികൾ ചെറുപ്പകാലത്ത് അദ്ദേഹത്തേയും സഹോദരങ്ങളേയും കണ്ടിരുന്നത്. മജ്ലിസ് ഖുദ്ദാമുൽ അഹ്മദിയ്യായിൽ ഞങ്ങൾ എത്തിയതിനു ശേഷമാണ് സത്യത്തിൽ അവരെ പരിചയപ്പെടുന്നത്. കോഴിക്കോട്-മാത്തോട്ടം ജമാഅത്ത് ഒന്നായിരുന്ന കാലം. പലപ്പോഴും ഖുദ്ദാമുൽ അഹ്മദിയ്യ ചന്ദ പിരിക്കാനുമൊക്കെ വീടു വീടാന്തരം കയറിയിറങ്ങുന്ന സമയം. അരക്കിണർ ഭാഗത്തുള്ള അവരുടെ വീട്ടിൽ, അതു സത്യത്തിൽ ഒരു വീടിന്റെ ഒരു ഭാഗമായിരുന്നു എന്നാണെന്റെ ഓർമ. അവിടെ ബുക്ക് ബൈൻഡിംഗും വിറകു വിൽപനയുമൊക്കെ ഉണ്ടാകും. ഇവരുടെ പിതാവാണെങ്കിൽ വളരെ സമാധാനത്തോടെ നടക്കുന്ന ഒരു വ്യക്തിയായിരുന്നു. വളരെ സമാധാനത്തിൽ വിനയത്തോടെ ഉച്ചയില്ലാതെ സംസാരിക്കുന്ന അദ്ദേഹത്തെ ഇന്നും ഞാൻ ഓർക്കുന്നു.

ശൗക്കത്ത് സാഹിബിന്റെ പിതാവ് ബി.എം.അഹ്മദ് കോയ സാഹിബ് 1959 ലാണ് ബയ്അത്ത് ചെയ്തത്. സഹോദരൻ വാങ്ങാറുണ്ടായിരുന്ന സത്യദൂതൻ വായിച്ചാണ് അദ്ദേഹം ജമാഅത്തിലേക്ക് കടന്നു വന്നത്. ബയ്അത്തിനു ശേഷം വളരെയധികം ത്യാഗം സഹിക്കേണ്ടി വന്ന അദ്ദേഹത്തിനു വീട്ടിൽനിന്ന് പുറത്താക്കപ്പെടുന്ന അനുഭവം പോലുമുണ്ടായി. ദാറുസ്സലാമിലായിരുന്നു കിടക്കാറ്. വിവാഹം കഴിക്കുന്ന സമയത്ത് ഭാര്യക്ക് അറിയില്ലായിരുന്നു അദ്ദേഹം അഹ്മദിയാണെന്ന്. ജമാഅത്തിനെ കുറിച്ചും മസീഹ് മൗഊദ് (അ)നെ കുറിച്ചും ഭാര്യക്ക് പറഞ്ഞു കൊടുത്തു. മസീഹ് മൗഊദ്(അ) വരുന്നതായിട്ട് അവർ ഒരു സ്വപ്നം കണ്ടു. ഉടനെതന്നെ അവരും ബയ്അത്ത് ചെയ്തു. അഹ്മദ് കോയ സാഹിബ് ആരോട് സംസാരിക്കുമ്പോഴും ആദ്യം ജമാഅത്തിനെകുറിച്ചാണ് സംസാരിക്കാറ്. ചെറുപ്പം മുതൽക്കെ വളരെയധികം ചിട്ടയോടെയാണ് അദ്ദേഹം കുട്ടികളെ വളർത്തിയത്. കുടുംബബന്ധം വളരെയധികം കാത്തു സൂക്ഷിച്ച ആളായിരുന്നു അദ്ദേഹം. അത് തന്നെയായിരുന്നു കുട്ടികളായിരുന്ന ആദം മാലിക്ക് സാഹിബും ശൗക്കത്ത് അലി സാഹിബും തങ്ങളുടെ ജീവിതത്തിൽ ഏറ്റവും അധികം കാണിച്ചിരുന്നതും.

പ്രി ഡി ഗ്രി കാലഘട്ടത്തിലാണ് ശൗക്കത്തിനെ കൂടുതൽ അറിയുന്നത്. സാമ്പത്തികമായി കുറച്ചു ബുദ്ധിമുട്ടുകളും അഹ്മദികളായതുംകൊണ്ട് കുടുംബങ്ങളിൽനിന്ന് വലിയ സപ്പോർട്ട് കിട്ടാത്തതിനാൽ ശൗക്കത്ത് സാഹിബും ആദം സാഹിബും ചെറുപ്പത്തിൽത്തന്നെ പല ജോലികൾ ചെയ്തായിരുന്നു കുടുംബം പുലർത്താൻ പിതാവിനെ സഹായിച്ചിരുന്നതും അതിനോടൊപ്പം പഠിച്ചിരുന്നതും. നന്നേ ചെറുപ്പത്തിൽ തന്നെ വിറക് വിറ്റും പുസ്തകം ബൈന്റ് ചെയ്തുകൊടുത്തും അച്ചാർ ഉണ്ടാക്കി വിറ്റുമൊക്കെയായിരുന്നു ജീവിതം. കുട്ടികൾക്ക് ട്യൂഷൻ എടുക്കലും അക്കൗണ്ട് വർക്കുകൾ ചെയ്യലുമൊക്കെ അതിന്റെ ഭാഗമായിരുന്നു. പിന്നീട് ബിഎം ട്യൂഷൻ സെന്റർ എന്ന പേരിൽ ഒരു ചെറിയ സ്ഥാപനം അവർ നടത്തിയിരുന്നു.

ശൗക്കത്ത് സാഹിബ് വഫാത്താകുന്ന സമയത്ത് അദ്ദേഹം ഹ്യുമാനിറ്റി ഫസ്റ്റിന്റെ കോഴിക്കോട് ജില്ലാ ഇൻചാർജായിരുന്നു. കഴിഞ്ഞ മൂന്നു വർഷങ്ങളായി അദ്ദേഹം ആ സ്ഥാനം വഹിക്കുന്നു. കോഴിക്കോടിന്റെ ഇൻചാർജ് ആയിരുന്നെങ്കിലും മറ്റു ജില്ലാ ഇൻചാർജുമാരുടെ വരവ് ചെലവു കണക്കുകൾ ശരിയായ രീതിയിൽ പരിശോധിച്ച് ബില്ലുകൾ കേന്ദ്രത്തിൽ അയക്കാൻ എന്നെ സഹായിച്ചിരുന്നത് അദ്ദേഹമായിരുന്നു. ഹ്യുമാനിറ്റി ഫസ്റ്റിന്റെ പ്രവർത്തനസംബന്ധമായുള്ള പല കാര്യങ്ങളും എന്റെ പിന്നാലെ നടന്നു ഓർമിപ്പിക്കാറുണ്ടായിരുന്നു അദ്ദേഹം. ഹ്യുമാനിറ്റി ഫസ്റ്റിന്റെ പ്രവർത്തനം ആരംഭിക്കുന്നതിനു മുമ്പേ അദ്ദേഹത്തിന്റെ സ്വഷ്ടിസേവന(ഖിദ്മത്തെ ഖൽഖ്) പ്രവർത്തനങ്ങൾ വളരെയധികം സ്തുത്യർഹമായിരുന്നു. മാത്തോട്ടം ജമാഅത്ത് നിലവിൽ വരുന്നതിനു മുമ്പേ കോഴിക്കോട് ജമാഅത്ത് ഖുദ്ദാമുൽ അഹ്മദിയ്യാ രണ്ടു മജ്ലിസുകളായി പ്രവർത്തനം ആരംഭിച്ചിരുന്നു. ആ സമയത്ത് അദ്ദേഹമായിരുന്നു മാത്തോട്ടം മജ്ലിസിന്റെ ഖാഇദ്. അന്ന് അദ്ദേഹം നടത്തിയ പ്രവർത്തനങ്ങൾ പിൽക്കാലത്ത് മാത്തോട്ടം ജമാഅത്ത് നിലവിൽ വന്നപ്പോൾ വളരെയധികം സഹായകരമായി എന്നതാണ് യാഥാർഥ്യം. ഒരു പുതിയ ജമാഅത്ത് ആരംഭിക്കുമ്പോൾ ചില സമയങ്ങളിൽ ഉണ്ടാകുന്ന പ്രയാസങ്ങളൊന്നും മാത്തോട്ടം ജമാഅത്തിനുണ്ടായില്ല. അദ്ദേഹത്തിന്റെ കോഓർഡിനേഷൻ വർക്കും ഡാറ്റാ കളക്ഷനും ജമാഅത്തിനു ആരംഭത്തിൽ ഊർജ്ജം നൽകി. ആദ്യവർഷത്തിൽതന്നെ ഹുദൂർ തിരുമനസിന്റെ കേരള സന്ദർശനവേളയിൽ മാത്തോട്ടം ജമാഅത്തിന്റെ വകയായി 100 പവൻ സ്വർണം ഉപഹാരം നൽകാൻ ജമാഅത്ത് അംഗങ്ങൾക്ക് സാധിച്ചതുപോലും അദ്ദേഹത്തിന്റെ ഈ പ്രവർത്തനത്തുടർച്ചയായിരുന്നു എന്നു പറയാതെ വയ്യ. ഖുദ്ദാമുൽ അഹ്മദിയ്യായിൽ ഉണ്ടായിരുന്ന അവസരങ്ങളിൽ മാത്തോട്ടം ഖാഇദ് എന്ന നിലയിലും, ജില്ലാ ഖാഇദ് എന്ന നിലയിലും, ഏതെങ്കിലും ഇലാഖാ-ജില്ലാ വകുപ്പ് സെക്രട്ടറി എന്ന നിലയിലും തന്നിലേൽപ്പിച്ച ഉത്തരവാദിത്വം പരമാവധി പ്രവർത്തനരൂപരേഖയനുസരിച്ചു പൂർത്തിയാക്കാൻ അദ്ദേഹം കാണിച്ചിരുന്ന ശ്രദ്ധ വളരെയധികം സ്തുത്യർഹമായിരുന്നു. ഞാൻ ഇലാഖാ ഖാഇദ് ആയിരുന്നപ്പോൾ ഒരു ലായെ അമൽ(പ്രവർത്തനരൂപരേഖ) റീഫ്രഷർ കോഴ്സ് നടക്കുന്ന അവസരത്തിൽ എന്റെ അടുത്ത് വന്ന് അദ്ദേഹം എന്നോട് ചോദിച്ചു: ശമീ(എന്നെ ഇങ്ങനെ വിളിക്കുന്ന വളരെ കുറച്ചു പേരേ ഉള്ളൂ) ഒരു കുതിരയെ കിട്ടാൻ എന്താ വഴി? ഞാൻ ഒരു നിമിഷം ഷോക്കായി. എന്താണ് സംഭവം? ഞാൻ അത്ഭുതത്തോടെ ചോദിച്ചു. അദ്ദേഹത്തിന്റെ മറുപടി എന്നെ വല്ലാതെ ചിന്തിപ്പിച്ചു, ഇദ്ദേഹത്തിനെ പോലുള്ള സുൽത്വാനെ നസ്വീറുമാർ അല്ലെ അഹ്മദിയ്യാ ഖിലാഫത്തിന്റെ ശക്തി എന്നു! അദ്ദേഹം പറഞ്ഞത് ലായെ അമലിൽ കുതിര സവാരിയെ പറ്റി പറയുന്നുണ്ട്, അതനുസരിച്ച് നമ്മുടെ കുട്ടികൾക്ക് ആ അവസരം ഒരുക്കാൻ എന്താണു വഴി എന്നാണ്! അതിനു മുമ്പേ എനിക്കറിയാം, മാത്തോട്ടം മജ്ലിസ് കവണ പരിശീലനം നടത്തുകയും ഇജ്തിമായിൽ അതു ഒരു മത്സരമായി ഉൾപെടുത്തുകയും ചെയ്തിരുന്നു. ഈ രീതിയിലായിരുന്നു അദ്ദേഹം പ്രവർത്തിച്ചിരുന്നത്. ലായെ അമൽ അനുസരിച്ചു അനുവാദം വാങ്ങിക്കൊണ്ട് കൃത്യമായ രീതിയിൽ പരിപാടി ആസൂത്രണം ചെയ്തു നടപ്പിലാക്കി കൃത്യമായി റിപ്പോർട്ട് ഉണ്ടാക്കി കേന്ദ്രത്തിലേക്ക് അയക്കുന്ന ഒരു ശീലം അദ്ദേഹം സ്വന്തം മജ്ലിസിലും ഇലാഖാ ആമിലയിൽ സെക്രട്ടറി ആയിരിക്കുമ്പോൾ മറ്റു മജ്ലിസുകളിലും നടപ്പിലാക്കിയെടുത്തു. ഈ ഒരു ശീലം അദ്ദേഹം ഖുദ്ദാമുൽ അഹ്മദിയ്യായിൽ മാത്രമല്ല പിന്നീട് മജ്ലിസ് അൻസ്വാറുല്ല ജില്ലാ നാഇ്വിം ഇലാഖാ-ജില്ലാ മുൻതഇ്വിം ഉമൂമി എന്ന പദവികൾ വഹിച്ചിരുന്നപ്പോൾ പ്രാവർത്തികമാക്കിയിരുന്നു. ഖുദ്ദാമുൽ അഹ്മദിയ്യായിൽ മാത്തോട്ടം മജ്ലിസിനെ ഭാരതത്തിൽ ഒന്നാം സ്ഥാനത്തെത്തിച്ച അദ്ദേഹം മറ്റു മജ്ലിസുകളെയും മുന്നിലെത്തിക്കാൻ എന്നും ശ്രദ്ധിച്ചിരുന്നു. ഇതേരീതി അദ്ദേഹം അൻസ്വാറുല്ലായിലും ശ്രദ്ധിച്ചിരുന്നു. അദ്ദേഹം നിയന്ത്രിച്ചിരുന്ന സമയത്തൊക്കെ മജ്ലിസുകൾ പ്രവർത്തനത്തിൽ മുൻപന്തിയിലായിരുന്നു. ചെറിയ മജ്ലിസുകളുടെ കാര്യത്തിലെപ്പോഴും വളരെയധികം ശ്രദ്ധിച്ചിരുന്നു. പ്രവർത്തനങ്ങളിൽ മാത്രമല്ല ഓരോ മജ്ലിസുകളിലെയും അൻസ്വാറുകളുടെ ബുദ്ധിമുട്ട് അതേതു രീതിയിലുള്ളതാണെങ്കിലും (പലപ്പോഴും സാമ്പത്തികമായി) സഹായിക്കാൻ എന്തെങ്കിലും പദ്ധതി എങ്ങനെയെങ്കിലും അദ്ദേഹം നിർവഹിച്ചിരുന്നു. അതു ആരുമറിയാതെയാകാനും അദ്ദേഹം ശ്രദ്ധിച്ചിരുന്നു.

ജമാഅത്തിന്റെയും മജ്ലിസിന്റെയും വിവിധ സ്ഥാനങ്ങളിൽ പ്രവർത്തിച്ചപ്പോഴൊക്കെ സ്വന്തം പ്രവൃത്തി നിർവഹിക്കുന്നതിനോടൊപ്പം മറ്റു സെക്രട്ടറിമാരെ തന്നെക്കൊണ്ട് കഴിയുന്ന തരത്തിൽ പരമാവധി അദ്ദേഹം സഹായിച്ചിരുന്നു. ഇജ്തിമാകളിലും സമ്മേളനങ്ങളിലും അദ്ദേഹത്തിന്റെ പ്രവർത്തനരീതികൾ പലർക്കും അനുഭവമുള്ളതാണ്. ഒരു പരിപാടി ജമാഅത്തോ മജ്ലിസോ ആസൂത്രണം ചെയ്തു തുടങ്ങിയാൽ പിന്നെ അതിന്റെ പിന്നിലുള്ള പ്രധാന സൂത്രധാരകൻ എന്നുതന്നെ പറയാം അദ്ദേഹമായിരിക്കും. ഇത്തരം പരിപാടികൾ ആലോചിക്കുമ്പോൾത്തന്നെ ശൗക്കത്ത് സാഹിബിനെ ആയിരിക്കും ആദ്യ കമ്മിറ്റിയിൽ ഉൽപെടുത്താൻ സംഘാടകർ ആലോചിക്കുക. ആ രീതിയിലായിരുന്നു അദ്ദേഹത്തിന്റെ പ്രവർത്തനരീതി. ഇജ്തിമാകൾ നടത്തുമ്പോൾ ഞങ്ങൾക്കുള്ള ഒരു രീതി ആയിരുന്നു ചെക്ക് ലിസ്റ്റ്. ഇത് തയ്യാറാക്കുക എപ്പോഴും അദ്ദേഹത്തിന്റെ ഉത്തരവാദിത്വമായിരുന്നു. അതിലുള്ള സാധനങ്ങൾ സംഘടിപ്പിച്ചു കൃത്യസമയത്ത് പള്ളിയാണെങ്കിൽ പോലും മുസ്വല്ലയും ഖുർആനും അദ്ദേഹം വേറെ തന്നെ കരുതിയിട്ടുണ്ടാകും. അങ്ങനെയുള്ള ചെക്ക് ലിസ്റ്റായിരുന്നു അദ്ദേഹത്തിന്റേത്. മറ്റു സബ് കമ്മിറ്റികളെയും ഇതേ രീതിയിൽ അദ്ദേഹം സഹായിച്ചിരുന്നു.

അദ്ദേഹമെന്നും ജമാഅത്തിന്റെ ഒരു കർമ ഭടനായിരുന്നു. ജമാഅത്തുപരമായ എല്ലാ ഡാറ്റയും അദ്ദേഹത്തിന്റെ കൈവശമുണ്ടായിരുന്നു. ജമാഅത്തിന്റെ സ്ഥിതിവിവരകണക്കുകൾ അദ്ദേഹത്തിന് മനഃപ്പാടവും പാഠപുസ്തകവുമായിരുന്നു. സൂക്ഷിച്ചുവെക്കേണ്ടുന്ന കരുതൽ രേഖകളും ആയിരുന്നു. അതുകൊണ്ട് മാത്തോട്ടം ജമാഅത്തിനെക്കുറിച്ച് ആമൂലാഗ്രം അദ്ദേഹത്തിന് അറിയാമായിരുന്നു. സ്വന്തം ജമാഅത്തിനെ പരിഗണിച്ചതുപോലെ മറ്റു ജമാഅത്തുകളെയും അദ്ദേഹം മനസ്സിൽ കരുതിയിരുന്നു. വിശ്വാസികളുടെ ദൃഢഗാഢബന്ധം എന്നത് അദ്ദേഹം മനസ്സിൽ ഉരുക്കിട്ട് ഉറപ്പിച്ചതായിരുന്നു. അദ്ദേഹത്തിന്റെ വിയോഗത്തിലൂടെ നഷ്ടപ്പെട്ടത് മാത്തോട്ടം ജമാഅത്തിന്റെ ഒരു സജീവസാന്നിദ്ധ്യമാണ്.

അദ്ദേഹം മാനേജറായിരുന്നപ്പോൾ കേരള മജ്ലിസ് ഖുദ്ദാമുൽ അഹ്മദിയ്യായുടെ പ്രസിദ്ധീകരമായ അൽഹഖ് മാസിക 1000 ലധികം കോപ്പികൾ അച്ചടിച്ച് വിതരണം നടത്തുകയും എപ്പോഴും സർപ്ലസാ യിക്കൊണ്ട് അതിന്റെ സാമ്പത്തികകാര്യങ്ങൾ മുന്നോട്ടുപോകുകയും ചെയ്തിരുന്നു. ഈ പ്രവർത്തനപരിചയം പിന്നീട് 'ബദ്ർ മലയാളം' കേരളത്തിൽനിന്ന് ആരംഭിച്ചപ്പോഴും അതിനു ചുക്കാൻ പി

ടിക്കാൻ അദ്ദേഹത്തിനു സഹായകരമായി. വ്യക്തിപരവും കുടുംബപരവും മതപരവും സാമൂഹികവുമായ എല്ലാ മേഖലകളിലും ഒന്നിനൊന്നു മെച്ചപ്പെട്ട ഒരു സ്വഭാ വസവിശേഷത ശൗക്കത്ത് സാഹിബിനുണ്ട്. വ്യക്തിപരമായി അദ്ദേഹത്തെ സംബന്ധിച്ചിടത്തോളം വളരെ അടുക്കും ചിട്ടയും നിലനിറുത്തിയ ഒരു ജീവിതമായിരുന്നു അദ്ദേഹത്തിന്റേത്. സ്വുബ്ഹി നമസ്കാരാനന്തരം നാലു കിലോമീറ്ററോളം സുഹൃത്തുക്കളോടൊത്ത് നടന്നു പോകുന്ന ശീലം അദ്ദേഹത്തിനുണ്ടായിരുന്നു. ഏതു ജോലിത്തിരക്കിന്നിടയിലും കൃത്യസമയത്ത് സഹപ്രവർത്തകരുടേതടക്കം ഭക്ഷണകാര്യത്തിൽ അദ്ദേഹം ശ്രദ്ധിച്ചിരുന്നു. സാധാരണ ഭക്ഷണമായിരുന്നു അദ്ദേഹം എപ്പോഴും ഇഷ്ടപ്പെട്ടിരുന്നത്. എന്റെ ശീലം കൊണ്ട്, പലപ്പോഴും ഫാസ്റ്റ് ഫുഡ് വാങ്ങട്ടെ എന്നു ഞാൻ ചോദിക്കുമ്പോൾ അദ്ദേഹം സ്നേഹത്തോടെ അതിനെ നിരുത്സാഹപ്പെടുത്തുമായിരുന്നു. കൃത്യമായി മസ്ജിദിൽ വന്ന് ജമാഅത്തായി നമസ്കരിക്കുന്നതിൽ അദ്ദേഹത്തിലുണ്ടായിരുന്ന താൽപര്യം എടുത്തു പറയേണ്ടതാണ്. ജമാഅത്ത് നമസ്കാരത്തിന്റെ സമയത്ത് ഏതെങ്കിലും കാരണത്താലെത്താൻ സാധിച്ചില്ലെങ്കിലും മസ്ജിദിൽത്തന്നെ വന്നു നമസ്കരിക്കാൻ അദ്ദേഹം ശ്രദ്ധിച്ചിരുന്നു. ഈ ശീലം അദ്ദേഹത്തിന്റെ സഹോദരൻ, അദ്ദേഹത്തിന്റെ കൂടെത്തന്നെ നമ്മളിൽനിന്ന് വിട്ടുപിരിഞ്ഞ നമ്മുടെ പ്രിയപ്പെട്ട ആദം മാലിക് സാഹിബിനുമുണ്ടായിരുന്നു. ഇങ്ങനെയുള്ള അവസരങ്ങളിൽ കുട്ടികളേയും കൂടെ കൂട്ടുന്ന കാര്യത്തിൽ അവർ വളരെയധികം ശ്രദ്ധ പതിപ്പിച്ചിരുന്നു. ഇവരിരുവരേയും, ഉച്ചക്ക് എതെങ്കിലും അവസരത്തിൽ കാണേണ്ട ആവശ്യമുണ്ടായാൽ കൃത്യം 12.45 ആകുമ്പോൾ എന്നെ വിളിച്ചു ചോദിക്കും, മസ്ജിദിലേക്ക് ഇറങ്ങുകയാണ്, അതിനുശേഷം കണ്ടാൽ മതിയോ എന്ന്! ദൈവ വിശ്വാസത്തിലുളള അദ്ദേഹത്തിന്റെ അർപണബോധം ആർക്കും മാതൃകയാക്കാൻ പറ്റുന്നതാണ്.

കൂട്ടുകാരോടൊപ്പം സൗഹൃദം പങ്കിടുന്ന ഘട്ടങ്ങളിൽ ഓരോ കൂട്ടുകാരും വിചാരിച്ചിട്ടുണ്ടാകുക തങ്ങളോടാണ് ഏറ്റവും അടുപ്പമുള്ളതെന്നായിരിക്കും. ജമാഅത്തിനു പുറമേ ഒരു വലിയ സൗഹൃദവലയം അദ്ദേഹത്തിനുണ്ടായിരുന്നു. ആ സൗഹൃദവലയം ജമാഅത്തീ ജോലികളിലോ കുടുംബകാര്യങ്ങളിലോ അദ്ദേഹത്തിനു ഒരു തടസ്സവും ഉണ്ടാക്കിയിരുന്നില്ല. ജമാഅത്തിലെ ജോലിത്തിരക്കുകൾ അവരോടുള്ള സൗഹൃദത്തിനു ഒരിക്കലും മങ്ങലേൽക്കാത്തവിധം അദ്ദേഹം ശ്രദ്ധിച്ചിരുന്നു. ഇതേ രീതിയിലുള്ള സൗഹൃദബന്ധങ്ങൾ അദ്ദേഹത്തിനു ജമാഅത്തിനുള്ളിലുമുണ്ടായിരുന്നു എന്നത് ജമാഅത്തിലെ പല സഹോദരന്മാർക്കും നേരിട്ട് അനുഭവമുള്ളതാണ്.

കുടുംബബന്ധങ്ങളിൽ അദ്ദേഹം ഏറെ ശ്രദ്ധ ഊന്നിയിരുന്നു. അവരുടെ സുഖസൗകര്യങ്ങൾ അദ്ദേഹത്തിന് പ്രധാനപ്പെട്ടതായിരുന്നു. അവരുടെ വിഷമങ്ങൾ പരിഹരിക്കാൻ അദ്ദേഹം ഏറെ ശ്രദ്ധിച്ചിരുന്നു. അതേയവസരത്തിൽ ഈയൊരു ബന്ധം അദ്ദേഹം മറ്റുള്ളവരുടെ കാര്യത്തിലും തന്റെ ജീവിത പ്രണാമമായി അംഗീകരിച്ചിരുന്നു. അതുകൊണ്ട് 'ലോകമേ തറവാട് 'എന്നത് അദ്ദേഹത്തിന്റെ നന്മ മനസ്സിന്റെ ഒരു തീരുമാനമായിരുന്നു. പലപ്പോഴും അദ്ദേഹം തന്റെ മകനോടൊപ്പമാണ് മസ്ജിദിൽ വരാറ്. ആ ഘട്ടങ്ങളിൽ ഒരു സുഹൃത്തിനെപോലെയാണ് മകനോട് പെരുമാറുക. അതേയവസരത്തിൽ മകന് ശിക്ഷണം നൽകുന്നതിൽ അതീവ ജാഗ്രതയും പുലർത്തിയിരുന്നു. അങ്ങനെ എല്ലാ അർഥത്തിലും നമുക്ക് മാതൃകയായ ഒരു ജീവിതമായിരുന്നു അദ്ദേഹത്തിന്റേത്. ജമാഅത്തിയായ ജോലിത്തിരക്കുകളാണെങ്കിലും മറ്റു തിരക്കുകളിലാണെങ്കിലും വീട്ടിലെത്താൻ താമസിക്കുന്ന അവസരത്തിൽ ഭാര്യയെ വിളിച്ചു കാര്യങ്ങൾ അന്വേഷിക്കുന്നത് പലപ്പൊഴും ഞാൻ കണ്ടിരുന്നു. എന്തെങ്കിലും സാധനങ്ങൾ എത്തിക്കേണ്ടതുണ്ടെങ്കിൽ അത് ആദ്യമേ വാങ്ങി കൈയിൽ വെക്കാനോ വീട്ടിൽ എത്തിക്കാനോ അദ്ദേഹം ശ്രമിച്ചിരുന്നു. ജമാഅത്തീ പ്രവർത്തനങ്ങളിൽ മുൻപന്തിയിൽ പ്രവർത്തിക്കുന്നവർക്ക് ചിലപ്പോഴെങ്കിലും സ്വന്തം കുടുംബകാര്യത്തിൽ പൂർണമായും ശ്രദ്ധ പതിപ്പിക്കാൻ സാധിക്കാറില്ല. അങ്ങനെയുള്ള അവസരങ്ങളിൽ ഭാര്യയെ വിളിച്ച് സമാധാനിപ്പിക്കാൻ അദ്ദേഹം എന്നും ശ്രമിച്ചിരുന്നു.

സുഹൃത്ബന്ധങ്ങൾക്ക് ഒരു ഉലച്ചിലും തട്ടാതെ നിലനിറുത്താൻ അദ്ദേഹം തന്റെ ഹൃദയകവാടം എന്നും ശുദ്ധമായി സൂക്ഷിച്ചിരുന്നു. സുഹൃത്തുക്കൾക്ക് വല്ല ആവശ്യവും അത്യാഹിതവും നേരിടുമ്പോൾ അവസരോചിതമായി അദ്ദേഹം ഇടപെടുകയും അവരുടെ വിഷമാവസ്ഥ പരിഹരിക്കുന്നതിൽ തന്റെ മഹനീയ ഇടപെടലുകൾ ഉറപ്പാക്കുകയും ചെയ്തിരുന്നു. അതുകൊണ്ടുതന്നെ മരണാസന്നനായി കിടക്കുമ്പോഴും ദൂരെ നിന്നെങ്കിലും അദ്ദേഹത്തെ ഒരു നോക്കുകാണാൻ അഹ്മദികളല്ലാത്ത സുഹൃത്തുക്കളും എത്തിപ്പെടാൻ ബദ്ധപ്പെട്ടിരുന്നു. കോവിഡ് എന്ന മഹാമാരിയെ ഭയന്നു രക്തബന്ധങ്ങൾ പോലും അകന്നുനിന്ന സ്ഥിതിവിശേഷം ഉണ്ടായപ്പോഴും അതൊക്കെ അവഗണിച്ച് അദ്ദേഹത്തെ കാണാൻ എത്തിയ സുഹൃത്തുക്കളുടെ ഹൃദയവികാരം എന്തായിരിക്കുമെന്ന് ഊഹിക്കാവുന്നതേയുള്ളൂ. അവരുടെ വിങ്ങുന്ന ഹൃദയത്തിൽനിന്ന് ഉയർന്നുവന്ന ഓരോ നെടുവീർപ്പും പ്രാർഥനയ്ക്ക് സമാനമായി പരിണമിച്ചിരിക്കും. അതുതന്നെയാണ് അദ്ദേഹത്തിന്റെ മഹത്വത്തിന് നൽകാനായ ഏറ്റവും വലിയ ആദരവും.

ഹ്യുമാനിറ്റി ഫസ്റ്റിന്റെ കോഴിക്കോട് ഇൻചാർജ് എന്ന നിലയിലുള്ള അദ്ദേഹത്തിന്റെ സേവനം, അദ്ദേഹം തന്റെ ജീവിതത്തിൽ എപ്പോഴും ചെയ്തിരുന്ന പ്രവർത്തനങ്ങൾക്ക് ഒരു ഔദ്യോഗികത വന്നു എന്നേ പറയാൻ സാധിക്കൂ. വർഷങ്ങളായി അദ്ദേഹം പലരെയും പലവിധത്തിലും സഹായിച്ചുകൊണ്ടിരുന്ന ആളായിരുന്നു. ആരെയെങ്കിലും സഹായിക്കണമെന്ന അപേക്ഷ അദ്ദേഹത്തിന്റെ മുന്നിലെത്തിയാൽ അതിന്റെ യഥാർഥ അവസ്ഥ പരിശോധിച്ചു കഴിഞ്ഞാൽ, പിന്നെ എങ്ങനെ സഹായിക്കുമെന്ന ചിന്തയിലായിരിക്കും അദ്ദേഹം. ജമാഅത്തിലെതന്നെ എതെങ്കിലും കുടുംബത്തിൽ എന്തെങ്കിലും രോഗമോ ബുദ്ധിമുട്ടോ ഉണ്ടെന്ന് അറിഞ്ഞാൽ അതിനുള്ള പരിഹാരം എങ്ങയെങ്കിലും ഉണ്ടാക്കാനും അവരെ ഫോണിലൂടെയോ നേരിട്ട് പോയോ സമാധാനിപ്പിക്കാൻ എന്നും ശ്രമിക്കാറുണ്ട്. പല കുടുംബങ്ങളിലേയും ഒരു കൂടപ്പിറപ്പായിരുന്നു അദ്ദേഹം. ആശുപത്രിയിൽ പ്രവേശിപ്പിക്കുന്നതിന്റെ തലേന്നുവരെ കോവിഡ് ബാധിച്ച പല കുടുംബങ്ങളിലും ഹോമിയോ മരുന്നെത്തിക്കുകയും അവരെയൊക്കെ വിളിച്ച് സുഖവിവരങ്ങൾ അന്വേഷിക്കുകയും ചെയ്തിരുന്നു. രോഗബാധിതരായി കിടക്കുന്ന പല കുടുംബങ്ങളിലും ഒരു കിറ്റ് എങ്ങനെ എങ്കിലും എത്തിക്കുമായിരുന്നു. ആശുപത്രിയിൽ എത്തുന്നതിനു രണ്ടു ദിവസം മുമ്പേ എന്നെ വിളിച്ച് പറഞ്ഞതുപോലും അതായിരുന്നു: 'രണ്ടു വീട്ടിൽ ഞാൻ കൊടുത്തിട്ടുണ്ട്. ഇനി കുറച്ചു വീടുകൾ കൂടിയുണ്ട്. എങ്ങനെയെങ്കിലും അതുംകൂടി നമുക്ക് കൊടുക്കണം!'

ഹ്യുമാനിറ്റി ഫസ്റ്റിന്റെ മറ്റു ഇൻചാർജുമാരുടെ വരവുചെലവുകണക്കുകൾ എന്റെയടുത്തു വരുമ്പോൾ അതു മുഴുവൻ ക്രോഡീകരിച്ചു സറ്റേറ്റ്മെന്റാക്കി കേന്ദ്രത്തിലെക്കയക്കാൻ എന്നെ സഹായിച്ചിരുന്നു. എന്തെങ്കിലും കാര്യത്തിൽ അദ്ദേഹത്തോടു ഒരു സഹായമാവശ്യപ്പെട്ടാൽ അതു അദ്ദേഹത്തിന്റെ ജോലിയാണെന്ന പോലെ എന്റെ പിന്നാലെ നടന്നു നടത്തിയെടുക്കുയെന്നത് എനിക്കെന്നും ആശ്ചര്യമായിരുന്നു.

മാത്തോട്ടം ജമാഅത്തിന്റെ എല്ലാ വകുപ്പുകളുടെയും റിപ്പോർട്ട് തയ്യാറാക്കുന്ന കാര്യത്തിലുണ്ടായ അറിവ് മറ്റു ജമാഅത്തുകൾക്ക് പകരാനും പഠിപ്പിച്ചു കൊടുക്കാനും അദ്ദേഹം വളരെയധികം താൽപര്യം കാണിച്ചിരുന്നു. ജമാഅത്തിന്റെ നിളാമി കാര്യങ്ങളിൽ ആരിൽനിന്നുമുണ്ടാകുന്ന മോശമായ സംസാരമോ പ്രവൃത്തിയോ അദ്ദേഹം ഇഷ്ടപ്പെട്ടിരുന്നില്ല. എന്നു മാത്രമല്ല അതിൽ വെറുപ്പ് പ്രകടിപ്പിക്കുകയും ചെയ്തിരുന്നു. ചില സമയങ്ങളിൽ നല്ല ദേഷ്യം വരുമെങ്കിലും ഏതെങ്കിലും രീതിയിൽ അത് അദ്ദേഹം വളരെയധികം നിയന്ത്രിച്ചിരുന്നുവെന്നത് പറയാതെവയ്യ.

പുതിയ തലമുറയുടെ വ്യക്തിപരമായ വളർച്ചയുടെ കാര്യത്തിൽ ശ്രദ്ധ പതിപ്പിച്ചിരുന്ന അദ്ദേഹം കേരളമങ്ങോളമിങ്ങോളമുള്ള പല കുടുംബങ്ങളിലെയും കുട്ടികളുടെ വിദ്യാഭ്യാസ കാര്യങ്ങളിൽ ആവശ്യമായ ഗൈഡൻസ് നൽകാൻ സഹായിച്ചിരുന്നു. അതിനാവശ്യമായ രീതിയിലുള്ള കാരിയർ ഗൈഡൻസ് അദ്ദേഹം അവർക്കൊക്കെ ഏർപ്പാടാക്കി കൊടുത്തിരുന്നു. അതോടൊപ്പം പല ജമാഅത്തുകളിലും ശാഖാസംഘടനകളിലും പല സന്ദർഭങ്ങളിലും പേർസണൽ ഡെവലപ്മെന്റ് പ്രോഗ്രാം നടത്താനും അദ്ദേഹത്തിനു സാധിച്ചിരുന്നു. അടുത്ത കാലംവരെ ജമാഅത്തുകളിലെ കുട്ടികളെ സംഘടിപ്പിച്ചു നടത്തിയ ക്യാമ്പുകളിൽ അദ്ദേഹം ചെയ്ത സേവനങ്ങൾ മറക്കാൻ സാധിക്കുന്നതല്ല. ആ കുട്ടികളിൽ പലരുടെയും വീടുകളിൽനിന്ന് ഞങ്ങൾക്കുലഭിച്ച സ്നേഹംതന്നെയാണ് അതിനു മറുപടി.

കൂടപ്പിറപ്പിന്റെ ഹൃദയ നൈർമല്യവും ഊർജസ്വലതയും ജ്യേഷ്ഠനായ ആദം മാലിക് സാഹിബിനും പകർന്നുകിട്ടിയത് തീർച്ചയായും ദൈവാനുഗ്രഹമാണ്. രണ്ടുപേരും അക്കൗണ്ട് വർക്കുകളായിരുന്നു ചെയ്തിരുന്നത്. ആരുടേയും ഹൃദയം കവരുന്ന നിഷ്കളങ്കതയോടെയും സ്നേഹത്തോടെയും മാത്രം ഇടപെട്ടിരുന്ന ആദം മാലിക് സാഹിബ് സി.എം.എ. കാരനാണ്. എന്റെ വ്യാപാരസംബന്ധമായ കണക്കുകളെല്ലാം പരിശോധിക്കാറുണ്ടായിരുന്നു. എനിക്ക് വ്യക്തിപരമായി ചില കേസുകളിൽ വളരെയധികം മാനസിക തകർച്ച വന്ന സമയങ്ങളിൽ ആശ്വാസമായിരുന്നു അദ്ദേഹം. ഒരു പരിധിവരെ അദ്ദേഹത്തിന്റെ ഇടപെടലാണ് അതിൽ നിന്നൊക്കെ എനിക്ക് രക്ഷയായത്. ഭൗതിക ജ്ഞാനവും ആത്മീയജ്ഞാനവും ഒരുപോലെ കരഗതമാക്കാൻ ശ്രമിച്ച വ്യക്തിത്വം. കൈയൊഴിഞ്ഞു സ്വദഖ നൽകുന്നതിൽ അദ്ദേഹമെന്നും മുൻപന്തിയിൽത്തന്നെയാണ്. ജ്യേഷ്ഠാനുജന്മാർ തമ്മിലുള്ള സ്നേഹത്തിന്റെ വൈകാരികതയെ പറഞ്ഞറിയിക്കാൻ സാധ്യമല്ല. യാദൃച്ഛികമോ അനുപൂരകമോ എന്നറിയില്ല അവരിരുവരും ഒരേ ദിവസംതന്നെ അല്ലാഹുവിലേക്ക് മടങ്ങി.

കുട്ടികളോടുള്ള ഈ രണ്ടു സഹോദരങ്ങളുടെ സമീപനം ആരെയും അൽഭുതപ്പെടുത്തുന്നതാണ്. ഉപ്പയും മക്കളുമാണെന്ന് തോന്നില്ല പലപ്പോഴും. ചെറിയ രീതിയിലൊക്കെ വല്ലപ്പോഴും അടിയും കൂടുന്നുണ്ടാകും. പക്ഷേ, അങ്ങോട്ടുമിങ്ങോട്ടും അനുസരിക്കൽ രണ്ടു കൂട്ടർക്കും ശീലമായിരുന്നു. തങ്ങളുടെ പിതാക്കന്മാരോട് തുറന്നു സംസാരിക്കാൻ കുട്ടികൾക്ക് ഒരു തടസവുമില്ലായിരുന്നു. ശൗക്കത്ത് സാഹിബിന്റെ മകൻ ശാഹിൻ പിതാവിന്റെ വഴിതന്നെ പിന്തുടർന്നു സി.ഏ കിട്ടാനുള്ള പരിശ്രമത്തിലാണ്. അതുപോലെ തന്നെ ആദം മാലിക് സാഹിബിന്റെ മൂത്ത രണ്ടുപേർ ത്വാഹിറും ഫള്ലും സി.എ തന്നെ ലക്ഷ്യമാക്കി കൊണ്ടാണ് മുന്നോട്ട് പോയിക്കൊണ്ടിരിക്കുന്നത്. ഇളയ രണ്ടുപേർ തൻവീറും നാസ്വറും ചെറിയ ക്ലാസുകളിലാണ് പഠിക്കുന്നത്. ആ കുട്ടികളെ ഒരു പരിധിവരെ തങ്ങൾ സഞ്ചരിക്കുന്ന- അതു തങ്ങൾ ചെയ്യുന്ന ജോലിക്കാര്യത്തിലായും ജമാഅത്തിന്റെ ജോലികളിലായാലും ആതുരസേവനത്തിന്റെ വഴിയിലാണെങ്കിലും- പാതയിലേക്ക് നയിക്കാൻ ഈ രണ്ടു സഹോദരങ്ങൾക്കും ഒരു പരിധിവരെ കഴിഞ്ഞു എന്നു തന്നെയാണ് എന്റെ വിശ്വാസം. ആ പാതയിൽ അവർക്ക് കൂടുതൽ മുന്നേറാൻ സാധിക്കുമാറാകട്ടെ എന്നു തന്നെയാണ് ഞാൻ ആശിക്കുന്നതും. ഈ രണ്ടു പേരുടെ നഷ്ടം അവരുടെ 5 കുട്ടികളിലൂടെ സർവശക്തനായ അല്ലാഹു നമുക്ക് നികത്തി തരുമാറാകട്ടെ.

(ശമീം അഹ്മദ് കോഴിക്കോട്)

## ബദ്ർ വായനക്കാരുടെ ശ്രദ്ധക്ക്

നിങ്ങളുടെ സൃഷ്ടികൾ ഞങ്ങൾക്കു അയച്ചുതരിക. പ്രസിദ്ധീകരണയോഗ്യമെങ്കിൽ ബദ്ർ മലയാളം ആഴ്ചപ്പതിപ്പിൽ പ്രസിദ്ധീകരിക്കുന്നതായിരിക്കും. വിവർത്തന സൃഷ്ടിയും അതുപോലെതന്നെ ദുആയ്ക്കുള്ള പരസ്യങ്ങളും ജമാഅത്തിൽ നടക്കുന്ന പരിപാടികളുടെ റിപ്പോർട്ടും അയക്കാവുന്നതാണ്. ഭാവിയിൽ ഇതെല്ലാം നിങ്ങളുടേയും നിങ്ങളുടെ ജമാഅത്തിന്റേയും ചരിത്രമായി മാറുന്നതായിരിക്കും.

അയക്കേണ്ട വിലാസം:

**മുഹമ്മദു ഇസ്മായീൽ ആലപ്പുഴ,**
**'ബയ്ത്തുൽ ഇസ്റ' വണ്ണാം തടം,**
**അടുത്തില, പഴയങ്ങാടി, കണ്ണൂർ 670 303.**
**ismayeel.ha@gmail.com**

EDITOR
H.Shamsuddin

Sub Editor : Mohammad Ismaeel
Mobile : 91 9446656123
e-mail : badarkerla@gmail.com

REGISTERED WITH THE REGISTRAR OF THE NEWSPAPER FOR INDIA AT NO PUNMAL/2016/70551

ബദ്ർ വീക്കിലി
ഖാദിയാൻ

Weekly **BADAR** Qadian

Distt. Gurdaspur (Pb.) INDIA Qadian - 143516

POSTAL REG NO GDP- 44/2020-2022 Vol-6 Thursday 01 July 2021 Issue-26

MANAGER
Sheik Mujahid

Mobile: 91 9913379255
e-mail : managerbadrqnd@gmail.com
website : www.alislam.org/badr

**ANNUAL SUBSCRIPTION** : Rs. 575/- (Per Issue : Rs.11.50/-) (**WEIGHT** - 20-50 gms/issue)

(പേജ് 7 ൽ നിന്ന്)

ഹ്മദികൾ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ അധ്യാപനങ്ങളെ യഥാർഥമായ നിലയിൽ പ്രാവർത്തികമാക്കുന്നവരാകട്ടെ. അവർ യഥാർഥ അഹ്മദികളാകുമാറാകട്ടെ. ഇതുവരെ ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ തിരിച്ചറിയാൻ കഴിഞ്ഞിട്ടില്ലാത്ത മുസ്‌ലിമീങ്ങൾക്ക് അദ്ദേഹത്തെ തിരിച്ചറിയാനും അദ്ദേഹത്തിന് ബയ്അത്ത് ചെയ്യാനുമുള്ള തൗഫീഖ് നല്കുമാറാകട്ടെ. ലോകം മുഴുവൻ നമുക്ക് എത്രയും പെട്ടെന്ന് ഇസ്‌ലാമിന്റേയും മുഹമ്മദുനബി (സ)യുടേയും പതാക പാറിപ്പറക്കുന്നതു കാണുവാൻ സാധിക്കുമാറാകട്ടെ. ലോകം മുഴുവനും തൗഹീദ് സ്ഥാപിതമാകുന്നത് കാ ണാൻ അല്ലാഹു നമ്മെ അനുഗ്രഹിക്കുമാറാകട്ടെ.

✻✻✻✻

(പേജ് 1 ൽ നിന്ന്)

ജാമ്യക്കാരൻ. വാസ്തവത്തിൽ ആ സ്വഹാബി അ യാളെ അറിയുകയേ ഇല്ലായിരുന്നു. എന്നാൽ, മുസ്‌ലിമായതുകൊണ്ടും അയാൾ അദ്ദേഹത്തിൽനിന്ന് വലിയൊരു ഉത്തരവാദിത്വം പ്രതീക്ഷിച്ചതുകൊണ്ടും തന്റെ മാന്യതയും അന്തസും മുന്നിൽവെച്ചുകൊണ്ടും അയാൾക്ക് ജാമ്യം നിന്നു. പക്ഷേ, നിശ്ചിതസമയം അടുത്തുവന്നു. അയാളെത്തിയില്ല. ആളുകൾ ഹദ്റത്ത് അബൂദർറിനോടു ചോദിച്ചു, 'അയാളാരായിരുന്നു?' തനിക്കറിയില്ലെന്ന് അദ്ദേഹം പറഞ്ഞു. ഒരു മുസ്‌ലിമാണെന്ന് കണ്ടാണ് ഞാൻ ജാമ്യം നിന്നത്. അയാൾ എന്നിൽ വിശ്വാസമർപിച്ചപ്പോൾ ഞാനെന്തിന് അദ്ദേഹത്തെ അവിശ്വസിക്കണം? അവസാനം സമയം തീരാറായി. ആളുകൾക്ക് അബൂദർറിന്റെ ജീവനെ കുറിച്ച് ആശങ്കയുണ്ടാകാൻ തുടങ്ങി. പക്ഷേ, കൃത്യസമയത്തുതന്നെ ഒരാൾ കുതിരയെ അതിവേഗം ഓടിച്ചുകൊണ്ട് വെപ്രാളപ്പെട്ട് വന്നു. നിർജീവനായി വന്നുവീണു. അയാൾ അബൂദർറിനോടു ഖേദം പ്രകടിപ്പിച്ചു. ജോലിയുടെ ആധിക്യംകൊണ്ട് വളരെ പ്രയാസപ്പെട്ടാണ് കൃത്യസമയത്തെത്തിയത്. ....ഒരു ഭാഗത്ത് അബൂദർറിന്റെ ത്യാഗം. മറുഭാഗത്ത് അയാളുടെ പ്രതിജ്ഞ നിറവേറ്റുന്നതിന്റെ മാതൃക. ഇതിനുദാഹരണം മറ്റു ജനതയിൽ എവിടെ കിട്ടാനാണ്. ഈ സംഭവം ഇംഗ്ലീഷുകാർ തങ്ങളുടെ കഥകളിലും കവിതകളിലും രേഖപ്പെടുത്തിയിട്ടുണ്ട്. ഇപ്രകാരംതന്നെ മറ്റൊരു ഉദാഹരണമുണ്ട്. ശാം വിജയിച്ചടക്കിയതിനുശേഷം ഒരിക്കൽ ക്രൈസ്തവ സൈന്യം താൽക്കാലികമായി വിജയിച്ചു. ഇസ്‌ലാമിക സൈന്യത്തിന് കുറച്ചു പ്രദേശം ഉപേക്ഷിക്കേണ്ടതായിവന്നു. ആ നേരത്ത് ഹദ്റത്ത് ഉമറിന്റെ കല്പനയനുസരിച്ച് മുസ്‌ലിമീങ്ങൾ ആ പ്രദേശത്തുനിന്ന് പിരിച്ചെടുത്ത എല്ലാ നികുതികളും 'നിങ്ങളെ സംരക്ഷിക്കാൻ കഴിയുന്നില്ലെങ്കിൽ നിങ്ങളുടെ നികുതി ഞങ്ങൾക്ക് ഞങ്ങളുടെ കൈയിൽ വെക്കാൻ സാധിക്കുകയില്ല' എന്ന് പറഞ്ഞ് തിരിച്ചു കൊടുത്തു. ഈ പ്രദേശവും ക്രിസ്ത്യാനികൾ വസിക്കുന്നതായിരുന്നു. പക്ഷേ, ഇങ്ങനെയായിട്ടും അവരുടെ മതക്കാർ വിജയിച്ചുവരുന്നുണ്ടായിട്ടും അവർ മുസ്‌ലിമീങ്ങളുടെ ഈ പ്രവൃത്തിയിൽ എത്രമാത്രം ആകൃഷ്ടരായെന്നാൽ സ്ത്രീകളും പുരുഷന്മാരും കരഞ്ഞും വിലപിച്ചും നഗരത്തിന് വെളിയിൽ വരെ എത്തി. അവരെ യാത്ര അയക്കാൻ വന്നു. അവർ പറയുന്നുണ്ടായിരുന്നു, ക്രൈസ്തവ സൈന്യമായിരുന്നു നിങ്ങളുടെ സ്ഥാനത്തെങ്കിൽ തിരച്ചുതന്ന ഞങ്ങളുടെ നികുതിയും അവർ കൊള്ളയടിച്ചുകൊണ്ടുപോകുമായിരുന്നു. അല്ലാഹു നിങ്ങളെ വീണ്ടും തിരിച്ചുകൊണ്ടുവരട്ടെയെന്ന് അവർ ദുആ ചെയ്തുകൊണ്ടിരുന്നു.

ഖേദകരമെന്നു പറയട്ടെ, അങ്ങനെയൊരു കാലമുണ്ടായിരുന്നു. ഇപ്പോൾ മുസ്‌ലിമീങ്ങൾ ഏറ്റവും കൂടുതൽ വിശ്വസിക്കാൻ പറ്റാത്തവരായി മനസ്സിലാക്കപ്പെടുന്നു. ഉലമാ അന്യമതക്കാരെ കൊള്ളയടിക്കാമെന്ന് മതവിധി നല്കുന്നു. അന്യമതക്കാരായ ഭരണകൂടങ്ങളോടു വഞ്ചനകാണിക്കുന്നത് അനുവദനീയമാണെന്നും ദീനിന്റെ ഭാഗമാണെന്നും പറയുന്നു. അമുസ്‌ലിമീങ്ങളെ വധിക്കുന്നത് പുണ്യമാണെന്ന് പറയുന്നു. ചുരുക്കത്തിൽ മുസ്‌ലിമീങ്ങൾ അഭിമാനത്തോടെ ചെയ്തിരുന്ന എല്ലാ നന്മകളും ഇന്ന് ഇല്ലാതായിരിക്കുന്നു. *ഇന്നാ ലില്ലാഹി വഇന്നാ ഇലയ്ഹി റാജിഊൻ.* ഹാ! അഹ്മദിയ്യാ ജമാഅത്ത് തങ്ങളുടെ ചുമതലകൾ മനസ്സിലാക്കുകയും ഇസ്‌ലാമിന്റെ കളഞ്ഞുപോയ മുതൽ തിരിച്ചുകൊണ്ടുവരികയും പിന്നീട് ഏതൊരു സൽസ്വഭാവം കണ്ടിട്ടാണോ മനുഷ്യന് അല്ലാഹുവിനെ കാണാൻ കഴിയുന്നത് ആ സൽസ്വഭാവം മുഹമ്മദ് റസൂലുല്ലായുടെ ദാസരിലൂടെ ലോകം കാണുകയും ചെയ്തിരുന്നെങ്കിൽ! സ്വയം വിശന്നു മരിക്കുകയും എന്നാൽ, മറ്റുള്ളവരുടെ അമാനത്തുമുതലിൽ വഞ്ചനകാണിക്കാതിരിക്കുകയും ചെയ്യുന്ന വിശ്വസ്തനായിരുന്നെങ്കിൽ! ജീവൻപോയാലും ധനവും സമ്പത്തും പോയാലും സ്ഥാനം പോയാലും കളവിന്റെ ഒരു വാക്കുപോലും നാവിൽകൊണ്ടുവരാത്ത സത്യസന്ധനായിരുന്നെങ്കിൽ! വാഗ്ദാനം ചെയ്താൽ ജീവനോടുകൂടി അത് നിറവേറ്റുക. ഉദ്ദേശിച്ചാൽ തല കൈവെള്ളയിൽവച്ചുകൊണ്ട് അതു പൂർത്തിയാക്കുക. *(തഫ്സീറെ കബീർ വാള്യം 3, പേജ് 440, ഖാദിയാൻ പ്രസിദ്ധീകരണം 2010)*

❖❖❖

(പേജ് 9 ൽ നിന്ന്)

20000 യൂറോ സമാഹരിച്ച് ഹ്യുമാനിറ്റി ഫസ്റ്റിനും നല്കി.

⊙ ഖാഇദ് തർബിയ്യത്ത് നൗ മുബാഇയീനോട് **ഹുദൂർ അൻവർ**: ഓരോ വർഷവും 50 പേരുടെ പുതിയ ബയ്അത്ത് അൻസ്വാറുല്ലാഹ് മുഖേന നടത്തേണ്ടതാണ്. 50 പേരെ പുതുതായി മാറ്റിയെടുക്കുക.

വിവിധ മജ്‌ലിസുകളിൽനിന്നുവന്ന സയീമുമാരും ഈ മീറ്റിംഗിൽ പങ്കെടുത്തിരുന്നു.

⊙ ആംസ്റ്റർഡാം സെന്റർ സയീമിനോട് **ഹുദൂർ**: മസ്ജിദ് മഹ്മൂദിലാണോ ജമാഅത്തായുള്ള നമസ്കാരം നിർവഹിക്കുന്നത്. അവിടെ എത്ര പേർ ഉണ്ടാകാറുണ്ട്?

**സയീം ആംസ്റ്റർഡാം സെന്റർ**: മസ്ജിദ് മഹ്മൂദ് ദൂരെയാണ്. ജനങ്ങളുടെ അടുക്കൽ വണ്ടി ഇല്ല. എത്തിപ്പെടുമ്പോൾ സമയം കഴിഞ്ഞു പോകുന്നു. കുറച്ച് മടിയുമുണ്ട്.

**ഹുദൂർ**: മടി കൂടുതലാണ്. സമയം കുറവാണ്.

⊙ ഖാഇദ് ദിഹാനത്ത് വ സിഹ്ഹത്തെ ജിസ്മാനിയോ ട് **ഹുദൂർ**: എത്ര പേർ വ്യായാമം ചെയ്യാറുണ്ട്? എത്ര പേർ സൈക്കിൾ ചവിട്ടാറുണ്ട്? ഇതു വിഷയമായി വിലയിരുത്തൽ നടത്തേണ്ടത് അനിവാര്യമാണ്.

⊙ ഖാഇദ് തബ്‌ലീഗിനോട് **ഹുദൂർ**: തബ്‌ലീഗുമായി ബന്ധപ്പെട്ട് നിങ്ങളുടെ പദ്ധതി എന്താണ്?

**ഖാഇദ് തബ്‌ലീഗ്**: ഞങ്ങളുടെ തബ്‌ലീഗ് സംബന്ധമായ ബഡ്ജറ്റ് 2500 യൂറോയാണ്.പീസ് കോൺഫ്രൻസ് നടത്താറുണ്ട്. ജമാഅത്തിന്റെ സെന്ററിൽവച്ചു നടത്തുന്നതുകൊണ്ട് 2000 യൂറോയിൽ ചെലവ് ചുരുക്കാന് സാധിക്കുന്നു. കൂടാതെ ഞങ്ങളുടെ ചാരിറ്റി വാക്ക് പ്രോഗ്രാമുമുണ്ട്. ഇതു മുഖേനയും തബ്‌ലീഗിനുള്ള മാർഗങ്ങൾ തുറക്കാറുണ്ട്

⊙ **ഹുദൂർ**: അൻസ്വാർ മുഖേന ബയ്അത്ത് നടക്കുമ്പോൾ നിങ്ങൾ അതിനെകുറിച്ച് ജമാഅത്തിന്റെ തർബിയ്യത്ത് വകുപ്പിനോടു ഇത്ര ബയ്അത്ത് നടന്നുവെന്ന് പറയാറുണ്ടോ? അവർക്ക് അവരെ ഏല്പിച്ചു കൊടുക്കാറുണ്ടോ? ഇവിടെ ആഫ്രിക്കക്കാരുടേയും അറബികളുടേയും പോക്കറ്റുകളുണ്ടാകും. അവയെ കുറിച്ച് പഠിക്കുക. അവിടെ പ്രവർത്തനം നടത്തി, തബ്‌ലീഗ് ചെയ്യുക.

⊙ **മുആവിൻ സ്വദ്ർ അൻസ്വാറുല്ലാഹ്**: അൻസ്വാറുല്ലായുടെ ഗെസ്റ്റ് ഹൗസ് പ്രൊജക്റ്റുമായി ബന്ധപ്പെട്ട് പ്രവർത്തനങ്ങൾ നടന്നു വരുന്നുണ്ട്.

⊙ നാഇബ് സ്വദ്ർ അവ്വൽ:സ്വദ്ർ മജ്‌ലിസ് അൻ സ്വാറുല്ലാഹ് ഏൽപ്പിക്കുന്ന പ്രവർത്തനങ്ങൾ ഞാൻ ചെയ്യുന്നു. അദ്ദേഹത്തിന്റെ അസാന്നിധ്യത്തിൽ ഡെപ്യൂട്ടി സ്വദ്ർ എന്ന നിലയിലും പ്രവൃത്തിക്കുന്നു.

⊙ **ഖാഇദ് തഅലീം**: വർഷത്തിൽ അഞ്ചു ഗ്രന്ഥങ്ങൾ ഞങ്ങൾ നിശ്ചയിക്കുന്നു.ഹദ്റത്ത് വാഗ്ദത്ത മസീഹിന്റെ ഗ്രന്ഥങ്ങളായ ബ്രിട്ടീഷ് ഗവൺമെന്റും ജിഹാദും, മസീഹ് ഹിന്ദുസ്താൻ മേം തുടങ്ങിയവ വായിച്ചു കഴിഞ്ഞു.

**ഹുദൂർ**: ഹദ്റത്ത് വാഗ്ദത്ത മസീഹിന്റെ വലിയ ഗ്രന്ഥങ്ങൾ പല വിഭാഗങ്ങളായി തിരിച്ച് വായനക്ക് നിശ്ചയിക്കുക. ഹഖീഖത്തുൽ വഹ്‌യ് എന്ന ഗ്രന്ഥം 5 ഭാഗമായി തിരിച്ച് വായനക്ക് വെക്കുക. ഇനി ഹഖീഖത്തുൽ വഹ്‌യിലെ 100 പേജുകളും വെക്കാം. സ്വപ്നത്തിന്റേയും വെളിപാടിന്റേയും അടിസ്ഥാന യാഥാർഥ്യങ്ങൾ അൻസ്വാറിന് വ്യക്തമാകും. (തുടരും)

❖❖❖

(പേജ് 1 ൽ നിന്ന്)

ഇത്തരത്തിലുള്ള ഉള്ളടക്കം അതിലും ഞാൻ കാണുന്നു. അതുകൊണ്ട് മസീഹ്(അ)നസ്വീബയ്നിൽ തീർച്ചയായും വന്നിരുന്നുവെന്നും ഈ വഴിയിലൂടെയാണ് അദ്ദേഹം ഇന്ത്യയിലേക്കു വന്നതെന്നും ഉറപ്പാകുന്നു. സകല അറിവുകളും അല്ലാഹുവിനാണുള്ളത്. പക്ഷേ, നമ്മുടെ മനസ്സ് 'സാക്ഷി' പറയുന്നത് ഈ യാത്രയിൽ ഇൻശാഅല്ലാഹ് യാഥാർഥ്യം പരസ്യമായി രംഗത്തുവരുമെന്നാണ്. യഥാർഥ കാര്യം വ്യക്തമാകുകയും ചെയ്യും. ഈ യാത്രയിൽ മസീഹ്(അ)ന്റെ ആ യാത്രയെ സംബന്ധിച്ച്, നമ്മുടെ അഭിപ്രായത്തിന് കരുത്തപകരുന്ന ചിലകാര്യങ്ങൾ സ്ഥിരീകരിക്കുന്ന സംഭവങ്ങൾ വെളിച്ചത്തുവരാനും അല്ലെങ്കിൽ ഹവാരീങ്ങളിൽ ചിലരുടെ ഖബറുകളെ കുറിച്ച് അറിയാനും അല്ലെങ്കിൽ അതുപോലുള്ള മറ്റു കാര്യങ്ങളെകുറിച്ച് മനസ്സിലാക്കാനും സാധിച്ചേക്കാം. അതുകൊണ്ട് ഞാനെന്റെ ജമാഅത്തിൽനിന്ന് മൂന്നാളുകളെ ഈ യാത്രയ്ക്കുവേണ്ടി തയ്യാറാക്കിയിരിക്കുകയാണ്. അവർക്കുവേണ്ടി ഒരു അറബി ഗ്രന്ഥവും എഴുതാനാഗ്രഹിക്കുകയാണ്. അത് പ്രബോധനത്തിനുവേണ്ടിയുള്ളതാണ്. അവർ പോകുന്നിടത്തെല്ലാം അത് വിതരണം ചെയ്തുകൊണ്ടിരിക്കണം. ഇപ്രകാരം ഈ യാത്രകൊണ്ട് നമ്മുടെ ജമാഅത്തിന്റെ പ്രചാരണവും നടന്നുകൊണ്ടിരിക്കും.*(മൽഫൂദാത്ത് വാള്യം 1, പേജ് 305 - 306, 2018 ഖാദിയാൻ പ്രസിദ്ധീകരണം)*

❖❖❖

## കലാമുൽ ഇമാം

**'ഇസ്തിഖാമത്ത് അഥവാ സ്ഥൈര്യം കൈവരിക്കാൻ സ്വലാത്ത് ഒരു ഉഗ്രമായ മാർഗമാണ്. ധാരാളമായി ചൊല്ലുക. ആചാരവും ശീലവുമെന്ന നിലയിലല്ല; പ്രത്യുത നബി(സ)തിരുമേനിയുടെ സൗന്ദര്യവും ഔദാര്യവും പരിഗണിച്ചുകൊണ്ട്. അവിടത്തെ പദവികളുടേയും നിലകളുടേയും അഭിവൃദ്ധിക്കുവേണ്ടി. അവിടത്തെ വിജയത്തിനുവേണ്ടി.'** *(മൽഫൂദാത്ത് വാള്യം 3, പേജ് 38)*

ത്വാലിബെ ദുആ
**P.P.Raheem & Family, Ahmadiyya Jama-ath Payangadi, Kerala**

Printed & Published by: Jameel Ahmed Nasir on behalf of Nigran Board of Badar. Name of Owner: Nigran Board of Badar. And printed at Fazle-Umar Printing Press. Harchowal Road, Qadian, Distt. Gurdaspur-143516, Punjab. And published at office of the Weekly Badar Mohallah - Ahmadiyya, Qadian Distt. Gsp-143516, Punjab. India. Editor: H.Shamsuddin